مالايالم
MALAYALAM

مختصر في أحكام

# الطهارة والصلاة

ومُلحق مهم بما يجب على العبد معرفته

# ‘ശുദ്ധി, നമസ്കാരം വിധികളും അറിയേണ്ടവയും’

إعداد : يوسف بن عبد الله الأحمد

المحاضر بجامعة الإمام

تقديم: فضيلة الشيخ/ عبد الله الجبرين (حفظه الله)

ترجمة : محمد ناصر المدني

ഗ്രന്ഥകര്‍ത്താവ്:

ശൈഖ്: യൂസുഫ് ബിന്‍ അബ്ദുല്ലാഹ് അല്‍ അഹ്മദ്.

വിവര്‍ത്തനം: എം. നാസര്‍ മദനി.

المكتب التعاوني للدعوة وتوعية الجاليات بالربوة بالأحساء

المملكة العربية السعودية

1430 - 2009

islamhouse.com

*'ശുദ്ധി, നമസ്കാരം വിധികളും അറിയേണ്ടവയും'*

## താളുകളിൽ


| *നമ്പർ* | *വിഷയം* | *പേജ്* |
|---|---|---|
| 1 | വിവർത്തകക്കുറിപ്പ് | 4 |
| 2 | സമർപ്പണം | 5 |
| 3 | ആമുഖം | 6 |
| 4 | ശുദ്ധിയാകുന്നതിന്റെ വിധികൾ | 7 |
| 5 | വെള്ളത്തിന്റെ ഇനങ്ങൾ | 7 |
| 6 | നജസ് അഥവാ മാലിന്യങ്ങൾ നീക്കം ചെയ്യൽ | 8 |
| 7 | മലമൂത്ര വിസർജ്ജന മര്യാദകൾ | 10 |
| 8 | ദന്തശുദ്ധീകരണവും പ്രകൃതി ചര്യയും | 11 |
| 9 | വുദൂഅ് അഥവാ അംഗശുദ്ധി വരുത്തൽ | 12 |
| 10 | വുദൂവിനെ ദുർബ്ബലമാക്കുന്ന കാര്യങ്ങൾ | 15 |
| 11 | അശുദ്ധിയുടെ ഇനങ്ങൾ | 16 |
| 12 | കുളിയുടെ രൂപം | 17 |
| 13-14 | തയമ്മും, ആർത്തവം | 18 |
| 15 | നമസ്കാരത്തിന്റെ വിധികൾ | 21 |
| 16 | നമസ്കാരം ശരിയാകുന്നതിനുള്ള നിബന്ധനകൾ | 22 |
| 17 | ബാങ്കും ഇഖാമത്തും | 24 |
| 18 | അണികൾ നേരെയാക്കൽ | 27 |
| 19 | മറ സ്വീകരിക്കുന്നതിന്റെ വിധി | 27 |
| 20 | നമസ്കാരത്തിന്റെ രൂപം | 29 |
| 21 | നമസ്കാരത്തിൽ വിരോധിക്കപ്പെട്ട കാര്യങ്ങൾ | 38 |
| 22 | ഫർദ് നമസ്കാര ശേഷമുള്ള ദിക്റുകൾ | 39 |
| 23 | മറവി സംഭവിച്ചാലുള്ള (സഹ്വിന്റെ) സുജൂദ് | 42 |
| 24 | നമസ്കാരം ക്വസ്റും ജംഉം ആക്കി നിർവ്വഹിക്കൽ | 44 |

| | | |
|---|---|---|
| 25 | ജുമുഅ നമസ്കാരം | 45 |
| 26 | രണ്ട് പെരുന്നാൾ നമസ്കാരം | 47 |
| 27 | മഴക്ക് വേണ്ടിയുള്ള നമസ്കാരം | 48 |
| 28 | ഗ്രഹണ നമസ്കാരം | 48 |
| 29 | മയ്യിത്തിന് വേണ്ടിയുള്ള നമസ്കാരം | 49 |
| 30 | സുന്നത്ത് നമസ്കാരങ്ങൾ | 51 |
| 31 | ആരാധനയിലെ അടിസ്ഥാന തത്വം | 56 |
| 32 | ഒരടിമ നിർബ്ബന്ധമായും അറിയേണ്ട കാര്യങ്ങൾ | 58 |
| 33 | മതം മുന്നറിയിപ്പ് നൽകിയ കാര്യങ്ങളുടെ രത്നച്ചുരുക്കം | 62 |

# വിവർത്തകക്കുറിപ്പ്

*കരുണാവാരിധിയായ അല്ലാഹുവിൻെറ നാമത്തിൽ------------------*

റിയാദിലെ അൽ ഇമാം മുഹമ്മദ് ബിൻ സുഊദ് സർവകലാ ശാലയുടെ കീഴിലുള്ള അൽ-അഹ്സ ശരീഅ: കോളേജിലെ ലക്ചറർ ശൈഖ് യൂസുഫ് ബിൻ അബ്ദുല്ലാഹ് ബിൻ അൽ അഹ്മദ് തയ്യാറാക്കിയ مختصر في أحكام الطهارة والصلاة وملحق مهم بما يجب على العبد معرفته എന്ന ഗ്രന്ഥത്തിൻെറ രണ്ടാം പതിപ്പിൻെറ വിവർത്തനമാണ് നിങ്ങളുടെ കൈകളിലിരിക്കുന്ന “ശുദ്ധി, നമസ്കാരം വിധികളും അറിയേണ്ട വയും”. സാധാരണക്കാരായ മുസ്ലിം സഹോദരങ്ങൾക്ക് ഏറെ പ്രയോജനപ്രദമായ ഇതിൻെറ വിവർത്തനത്തിൽ പരമാവധി സൂക്ഷ് മത പുലർത്തിയിട്ടുണ്ട്. വീഴ്ചകൾ കണ്ടെത്തുന്നവർ ദയവായി ചൂണ്ടി ക്കാണിക്കണമെന്ന് വിനയപൂർവ്വം ഉണർത്തുന്നു. ആവശ്യമെന്ന് തോന്നിയ ചുരുക്കം സ്ഥലങ്ങളിൽ വിവർത്തകൻേറതായ അടിക്കുറിപ്പുകൾ കൊടുത്തിട്ടുണ്ട്.

ഇത് വിവർത്തനം ചെയ്യാൻ എന്നെ ഉത്തരവാദപ്പെടുത്തുകയും പ്രസിദ്ധീകരണം ഏറ്റെടുക്കുകയും ചെയ്ത അൽ അഹ്സ ഇസ്ലാ മിക് സെൻറർ ഭാരവാഹികളോടും, പരിഭാഷ പരിശോധിച്ച് ആവശ്യ മായ നിർദ്ദേശങ്ങൾ നൽകിയ സഹോദരങ്ങൾ മുഹ്യിദ്ധീൻ ഫൈസി (തരിയോട്), അബ്ദുൽ ജബ്ബാർ മദനി (വെള്ളില) എന്നിവരോടുമുള്ള എൻെറ കൃതജ്ഞത രേഖപ്പെടുത്തുകയും സർവ്വശക്തനായ അല്ലാഹു അവർക്ക് തക്കതായ പ്രതിഫലം നൽകട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

*കരുണാമയനായ നാഥാ ഇതൊരു സൽകർമ്മമായി നീ സ്വീകരിക്കേണമേ.*

വിവർത്തനം
എം. നാസർ മദനി.

بسم الله الرحمن الرحيم

# സമർപ്പണം

സ്തുതികളഖിലവും ഏകനായ അല്ലാഹുവിന് മാത്രം. പ്രവാചകൻ മുഹമ്മദ് നബിﷺയിലും കുടുംബാദികളിലും സഹചരരിലും അല്ലാഹുവിൻെറ രക്ഷയും സമാധാനവും നിത്യവും വർഷിക്കുമാറാകട്ടെ.

നവാഗതരായവരുടെ ദീനീപഠനത്തിന് സഹായകമായി നമ്മുടെ സഹോദരൻ യൂസുഫ് ബിൻ അബ്ദുല്ലാഹ് അൽ അഹ്മദ് തയ്യാറാക്കിയ ഈ ലഘുകൃതി ഞാൻ വായിച്ചു. അത് വളരെ അനുയോജ്യവും പ്രസിദ്ധമായ അഭിപ്രായങ്ങളോടും മതവിധികളോടും നീതിപുലർത്തുന്നതായും എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. അതിനാൽ ഇത് പ്രസിദ്ധീകരിക്കുവാനും ഭാഷാന്തരം ചെയ്യുവാനും ഞാൻ ഉപദേശിക്കുന്നു. മുസ്ലിം സമൂഹത്തിന് അല്ലാഹു ഇത് ഉപകാരപ്രദമാക്കട്ടെ.

وصلى الله على محمد وآله وصحبه وسلم.

**അബ്ദുല്ലാഹ് അൽ ജബ്‌രീൻ**

**19/06/1420.** (ഹിജ്റ)

بسم الله الرحمن الرحيم

# ആമുഖം

സ്തുതികളഖിലവും ഏകനായ അല്ലാഹുവിന് മാത്രം. പ്രവാചകൻ മുഹമ്മദ് നബിﷺയിലും കുടുംബാദികളിലും സഹചരരിലും അല്ലാഹുവിൻെറ രക്ഷയും സമാധാനവും നിത്യവും വർഷിക്കുമാറാകട്ടെ.

ശുദ്ധി, നമസ്കാരം എന്നീ വിഷയങ്ങളിലുള്ള കർമ്മ ശാസ്ത്ര രീതികളാണ് ഈ ലഘുകൃതിയിലെ പ്രതിപാദനം. പ്രവാചകനിൽﷺ നിന്ന് സ്ഥിരപ്പെട്ട കാര്യങ്ങൾക്കാണ് ഈ വിഷയങ്ങളിൽ ഞാൻ മുൻഗണന നൽകിയിരിക്കുന്നത്. അൽ- അഹ്സ ഇസ്ലാമിക് സെൻററിലെ ബഹുമാന്യരായ സഹോദരങ്ങളുടെ അഭിപ്രായപ്രകാരം മറ്റുഭാഷകളിലേക്ക് ഭാഷാന്തരം ഉദ്ദേശിച്ചുകൊണ്ട് വളരെ ലളിതമായ ശൈലിയിലും അടുക്കും ചിട്ടയോടെയുമാണ് ഞാൻ ഇത് ക്രമീകരിച്ചിരിക്കുന്നത്.

അല്ലാഹു ഏവർക്കും ഇത് ഗുണകരമാക്കട്ടെ.

**ഗ്രന്ഥകർത്താവ്:**

**യൂസുഫ് ബിൻ അബ്ദില്ലാഹ് ബിൻ അഹ്മദ് അൽ അഹ്മദ്.**

أحكام الطهارة

## ശുദ്ധിയാകുന്നതിൻെറ വിധികൾ

ഏതൊരു മുസ്‌ലിം സ്ത്രീ പുരുഷനും നിർബ്ബന്ധമായ നമസ്കാരം ഇസ്‌ലാമിലെ അഞ്ച് റുക്നുകളിൽ ഒന്നാകുന്നു. ശുദ്ധിയുണ്ടാവുകയെന്നത് പ്രസ്തുത നമസ്കാരം ശരിയാകുന്നതിൻെറ നിബന്ധനയാകുന്നു. അതിനാൽ നമുക്ക് ആദ്യമായി ശുദ്ധിയുടെ വിധികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ചചെയ്യാം. അതിന് ശേഷം നമസ്കാരത്തിൻെറ വിധികളുമായി ബന്ധപ്പെട്ടവ ചർച്ചക്ക് വിധേയമാക്കാം.

أقسام المياه

## വെള്ളത്തിൻെറ ഇനങ്ങൾ

ത്വഹൂർ അഥവാ ശുദ്ധമായത്, നജസ് അഥവാ മലിന മായത് എന്നിങ്ങനെ വെള്ളം രണ്ട് തരമാകുന്നു

ത്വഹൂറായ വെള്ളം (ശുദ്ധ ജലം) എന്നു പറഞ്ഞാൽ വുദു, കുളി തുടങ്ങിയ കാര്യങ്ങൾക്ക് ശുചീകരണയോഗ്യമായ വെള്ള മാകുന്നു. എന്നാൽ നജസായ വെള്ളം ഇപ്പറഞ്ഞവക്കൊന്നും ഉപയോഗിക്കാൻ പറ്റുകയില്ല.

ശുദ്ധജലം: മലിനവസ്തുക്കളാൽ മാറ്റം സംഭവിക്കാത്തതും പച്ചവെള്ളം എന്ന് നാം പറയുന്നതുമായ വെള്ളത്തെയാണ് ശുദ്ധജലം എന്നത്കൊണ്ട് അർത്ഥമാക്കുന്നത്. സമുദ്ര ജലം, നദീജലം, മഴവെള്ളം, കിണർ വെള്ളം മുതലായവ ശുദ്ധജലത്തിന് ഉദാഹരണങ്ങളാകുന്നു.

വെള്ളം എന്ന് പറയാൻ കഴിയാത്ത ഏത്കൊണ്ടും വുദു വെടുക്കാനോ കുളിക്കാനോ പറ്റുകയില്ല. ഉദാഹരണമായി ചായ, ജ്യൂസ്, കറി (കഞ്ഞിവെള്ളം, തേങ്ങാവെള്ളം -വിവ:) മുതലായവ കൊണ്ട് ശുദ്ധീകരിക്കൽ അനുവദനീയമല്ല.

നജസായ വെള്ളം (മലിന ജലം) എന്ന് പറഞ്ഞാൽ മലം, മൂത്രം, രക്തം തുടങ്ങിയ മാലിന്യങ്ങളാൽ നിറം, മണം, രുചി എന്നിവക്ക് മാറ്റം സംഭവിച്ച വെള്ളമാകുന്നു. ഏതെങ്കിലും മാലിന്യം വെള്ളത്തിൽ വീഴുകയും അതുമുഖേന വെള്ളത്തിൻെറ നിറം, മണം, രുചി എന്നിവയിലേതെങ്കിലുമൊന്നിന് മാറ്റം സംഭവി ക്കുകയും ചെയ്താൽ ആവെള്ളം നജസായതാകുന്നു. എന്നാൽ മാറ്റമൊന്നും സംഭവിച്ചിട്ടില്ലെങ്കിൽ അത് ശുദ്ധവുമാകുന്നു.

മലിനജലം ശുദ്ധീകരണ ശാലയിലൂടെയോ (റിഫൈനറി) മറ്റോ ശുദ്ധീകരിച്ചാൽ അതിൻെറ നിറം, മണം, രുചി എന്നിവയിൽ നജസിൻെറ അടയാളങ്ങളൊന്നും അവശേഷിക്കുന്നി ല്ലെങ്കിൽ അത് ശുദ്ധമാകുന്നതാണ്.

മാലിന്യങ്ങൾ കലർന്നുവെന്ന് ഉറപ്പില്ലാത്ത ഏതു വെള്ളവും അടിസ്ഥാനപരമായി ശുദ്ധിയുള്ളതാകുന്നു. ഈ അടിസ്ഥാന നിയമം താഴെ പറയുന്ന ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കാം.

➢ ഒരാൾ വെള്ളം കണ്ടെത്തി. എന്നാൽ അത് ശുദ്ധമായതാണോ അതല്ല അശുദ്ധമായതാണോ എന്ന് അയാൾക്കറിയില്ല. അപ്പോൾ അത് അടിസ്ഥാനപരമായി ശുദ്ധിയുള്ളതാകുന്നു.

➢ വെള്ളത്തിൽ മലിനവസ്തു വീഴുകയും അതുകൊണ്ട് ആ വെള്ളത്തിന് മാറ്റം സംഭവിച്ചിട്ടുണ്ടോ ഇല്ലേ എന്ന കാര്യത്തിൽ സംശയമുണ്ടാവുകയും ചെയ്താൽ ആ വെള്ളത്തിൻെറ അടിസ്ഥാനം ശുദ്ധിയായതാണെന്നാണ്.

➢ ഒരാൾ കക്കൂസിൽ കടന്നപ്പോൾ അതിൻെറ തറ നനവുള്ളതായിരുന്നു. അയാളുടെ വസ്ത്രത്തിൻെറ ഒരുഭാഗം അതിൽ വീഴുകയും നനയുകയും ചെയ്തു. ആ നനവ് നിറം, മണം, രുചി എന്നിവയിലേതെങ്കിലുമൊന്നിലൂടെ നജസായി എന്ന് വ്യക്തമായിട്ടില്ലെങ്കിൽ ആ നനവ് ശുദ്ധിയു ള്ളതാകുന്നു.

إزالة النجاسة

## <u>നജസ് അഥവാ മാലിന്യങ്ങൾ</u>

## <u>നീക്കം ചെയ്യൽ</u>

മാലിന്യങ്ങൾ മൂന്ന് വിഭാഗങ്ങളാകുന്നു. (ഗുരുതരമായത്, ഇടത്തരം, ലഘുവായത്)

**<u>ഒന്ന്: ഗുരുതരമായത്</u>**: അതായത് നായ പാത്രത്തിൽ തല യിട്ടാൽ ആ പാത്രം സ്പഷ്ടമായ മാലിന്യമുള്ളതായിത്തീർന്നു[1]

[1]. കുറിപ്പ്: *1. എന്തെങ്കിലും കുടിക്കാനോ, നക്കാനോ നായ പാത്രത്തിൽ തലയിടുന്നതിന് അറബിയിൽ വുലൂഅ് (الولوغ) എന്നാണ് പറയുക. നായയെ വീട്ടിനുള്ളിൽ വളർത്തൽ അനുവദനീയമല്ല. പ്രവാചകൻ ﷺ അത് വിലക്കിയിട്ടുണ്ട്.

അതിലുണ്ടായിരുന്ന വെള്ളം ഒഴിച്ച് കളയുകയും പിന്നെ ആ പാത്രം ഏഴ് പ്രാവശ്യം കഴുകുകയും അതിലൊന്ന് മണ്ണ് കൊണ്ടാവുകയും ചെയ്യാതെ അത് ശുദ്ധമാവുകയില്ല.

**രണ്ട്: ഇടത്തരം:** അതായത് മലം, മൂത്രം, രക്തം മുതലാ യവ ഇതിൽപെടുന്നു. വെള്ളം, മണ്ണ്, പെട്രോൾ മുതലായ ശുചീകരണ വസ്തുക്കൾ കൊണ്ട് ശുദ്ധിയാക്കിയാൽ ആ മാലിന്യ ങ്ങൾ നീക്കം ചെയ്യാവുന്നതാണ്. മാലിന്യത്തെ നീക്കം ചെയ്യുകയാണ് പ്രധാനം. ഏതെങ്കിലും മാർഗ്ഗത്തിലൂടെ അത് നീക്കം ചെയ്യപ്പെട്ടാൽ ആഭാഗം ശുദ്ധമാകുന്നതാണ്.

**മൂന്ന്: ലഘുവായത്:** അത് രണ്ട് കാര്യങ്ങളാകുന്നു.

1. മുലപ്പാലല്ലാതെ മറ്റൊന്നും ആഹരിക്കാത്ത അല്ലെങ്കിൽ ആഹാരത്തിൽ അധികവും മുലപ്പാലുപയോഗിക്കുന്ന ആൺകുഞ്ഞിന്റെ മൂത്രം.

2. മദ്‌യ് അഥവാ മദജലം. അതായത് വികാരവേളയിൽ ഇന്ദ്രിയസ്രാവത്തിന് മുമ്പ് ജനനേന്ദ്രിയത്തിൽ നിന്ന് സ്രവിക്കുന്ന കൊഴുപ്പുള്ളതും വെളുത്തതും കട്ടികുറഞ്ഞതുമായ ഒരു ദ്രാവകം.

ആൺകുട്ടിയുടെ മൂത്രമോ, മദജലമോ വസ്ത്രത്തിലായാൽ അതിനെ ശുദ്ധിയാക്കാൻ അതിന്റെമേൽ വെള്ളം കുടഞ്ഞാൽ മതിയാകും. അത് കഴുകണമെന്ന് നിർബ്ബന്ധമില്ല.[2]

---

2. നായയുടെ ഉമിനീരിൽ മനുഷ്യന് ഉപദ്രവകരമായ ഒരുതരം പുഴുവു ണ്ടെന്നും നായ പാത്രത്തിൽ തലയിട്ടാൽ ആപാത്രത്തിലും വെള്ളത്തിലും അത് പ്രവേശിക്കാൻ ഇടവരുമെന്നും അതിനെ നശിപ്പിക്കാൻ മണ്ണിന് മാത്രമേ കഴിയുകയുള്ളൂവെന്നും ആധുനികശാസ്ത്രം കണ്ടെത്തിയിരിക്കുന്നു.

[2] (*സഹ്‌ലുബ്നു ഹനീഫ് (റ) പറയുന്നു: "മദ്‌യ് കാരണം അധികം കുളിക്കുക പതിവായിരുന്നതിനാൽ ഞാൻ വളരെയധികം വിഷമം അനുഭവി ച്ചിരുന്നു. ഇതിനെക്കുറിച്ച് ഞാൻ റസൂൽ തിരുമേനിയോട് പറഞ്ഞപ്പോൾ അവിടുന്ന് ഇങ്ങനെ പറഞ്ഞു: അതിന് വുദു മാത്രം ചെയ്താൽ മതി. അപ്പോൾ ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ അതെന്റെ വസ്ത്രത്തിലായാലോ?. അവിടുന്ന് പറഞ്ഞു: ഒരു കൈ വെള്ളമെടുക്കുക. എന്നിട്ട് വസ്ത്രത്തിൽ അതായിട്ടുണ്ടെന്ന് കാണുന്നേടത്ത് ആ വെള്ളം കുടഞ്ഞാൽ മതി". അബൂദാവൂദ്, തിർമിദി, ഇബ്നുമാജ: - വിവർത്തകൻ)

കുറിപ്പ്: [1] ഖുബ്സ്, ഖബാഇസ് കൊണ്ടുള്ള ഉദ്ദേശം ആൺപിശാചുക്കളും, പെൺപിശാചുക്കളുമാകുന്നു. അല്ലെങ്കിൽ ഖുബ്സ് എന്നാൽ മ്ളേഛ വസ്തു ക്കളും (മൊത്തത്തിൽ തിന്മകൾ) ഖബാഇസ് എന്നാൽ പിശാചുക്കളുമാകുന്നു ഉദ്ദേശിക്കപ്പെടുന്നത്.

*‘ശുദ്ധി, നമസ്കാരം വിധികളും അറിയേണ്ടവയും’*

<u>ശ്രദ്ധിക്കുക:</u> ഒരാളിൽ നിന്ന് മദ്‌യ് പുറപ്പെട്ടാൽ അവൻ തൻെറ ലിംഗവും വൃഷ്ണങ്ങളും നിർബ്ബന്ധമായും കഴുകുകയും പിന്നെ വുദുവെടുക്കുകയും ചെയ്യണം. അവന്ന് കുളി നിബ്ബന്ധമില്ല.

آداب قضاء الحاجة

## <u>മലമൂത്ര വിസർജ്ജന മര്യാദകൾ</u>

മലമൂത്ര വിസർജ്ജനത്തിനുദ്ദേശിക്കുന്ന വ്യക്തി കക്കൂസിൽ കടക്കുന്നതിന് മുമ്പായി

بِسْمِ اللهِّ اللّهُمَّ إِنِّي أَعُوذُ بِكَ مِنَ ٱلْخُبثِ وَٱلْخَبَائِثِ.

(ബിസ്മില്ലാഹി, അല്ലാഹുമ്മ ഇന്നീ അഊദുബിക മിനൽ ഖുബ്സി വൽ ഖബാഇസി) എന്ന് പറയൽ സുന്നത്താകുന്നു.

(അർത്ഥം: “അല്ലാഹുവിൻെറ നാമത്തിൽ, അല്ലാഹുവേ, ഖുബ്സിൽ നിന്നും ഖബാഇസിൽ[1] നിന്നും ഞാൻ നിന്നോട് കാവൽ തേടുന്നു.)

ആവശ്യനിർവ്വഹണം കഴിഞ്ഞ് അവൻ പുറത്തേക്ക് വരുമ്പോൾ غُفْرَانَكَ (ഗുഫ്റാനക) എന്നും പറയേണ്ടതാകുന്നു. (അർത്ഥം:
“അല്ലാഹുവേ, നിന്നോട് ഞാൻ പൊറുക്കലിനെ തേടുന്നു.)

# കക്കൂസിൽ കടക്കുമ്പോൾ ആദ്യം ഇടതുകാൽ വെക്കുകയും പുറത്തേക്ക് വരുമ്പോൾ ആദ്യം വലതുകാൽ വെക്കുകയും ചെയ്യൽ സുന്നത്താകുന്നു.

# മലമൂത്ര വിസർജ്ജനത്തിന് ശേഷം ഇസ്തിൻജാഅ് അല്ലെങ്കിൽ ഇസ്തിജ്മാറ് ചെയ്യൽ നിർബ്ബന്ധമാകുന്നു.

# ഇസ്തിൻജാഅ് എന്നുപറഞ്ഞാൽ വെള്ളം കൊണ്ട് ശുദ്ധിയാക്കലാകുന്നു.

# ഇസ്തിജ്മാർ എന്നാൽ കല്ല് കൊണ്ടോ ഈർപ്പം വലിച്ചെടുക്കുന്ന മറ്റെന്തെങ്കിലും കൊണ്ടോ ശുദ്ധിയാക്കലാകുന്നു. ഏറ്റവും ചുരുങ്ങിയത് മൂന്ന് പ്രാവശ്യമെങ്കിലും

ശുദ്ധിയാക്കൽ ഇതിൻെറ നിബന്ധനയിൽ പെട്ടതാകുന്നു. അതിനേക്കാൾ അധിമാക്കൽ ആവശ്യമെങ്കിൽ അഞ്ച്, ഏഴ് എന്നിങ്ങനെ ഒറ്റയായ എണ്ണം സ്വീകരിക്കേണ്ടതാകുന്നു.

# എല്ല്, ഭക്ഷണപദാർത്ഥം, മൃഗങ്ങളുടെ കാഷ്ടം എന്നിവ കൊണ്ട് ശുദ്ധിയാക്കൽ അനുവദനീയമല്ല.

# ഇടതുകൈ കൊണ്ടാണ് ശുദ്ധീകരിക്കേണ്ടത്.

# വെള്ളമുണ്ടായിരിക്കെ മറ്റു വസ്തുക്കൾ കൊണ്ട് ശുദ്ധീ കരിക്കൽ അനുവദനീയമാകുന്നു. എന്നാൽ വെള്ളമുപയോഗിച്ച് ശുദ്ധിയാക്കലാകുന്നു ശ്രേഷ്ഠകരം.

السواك وسنن الفطرة

## ദന്തശുദ്ധീകരണവും പ്രകൃതി ചര്യയും

എല്ലാസമയങ്ങളിലും ദന്തശുദ്ധീകരണം നടത്തൽ സുന്ന ത്താകുന്നു. താഴെ പറയുന്ന സന്ദർഭങ്ങളിൽ അത് പ്രത്യേകം സുന്നത്താകുന്നു.

1. വുദുവെടുക്കുന്ന സന്ദർഭത്തിൽ.

2. നമസ്കാരത്തിന് മുമ്പ്.

3. വീട്ടിൽ പ്രവേശിക്കുന്നതിന് മുമ്പ്.

4. ഉറക്കിൽ നിന്ന് ഉണരുമ്പോൾ.

5. ഖുർആൻ പാരായണത്തിന് മുമ്പ്.

അറാക്ക് മരത്തിൻെറ കമ്പ്കൊണ്ട് പല്ലുതേക്കലാണ് ശ്രേഷ്ഠകരം. എന്നാൽ ടൂത്ത്ബ്രഷ് കൊണ്ടോ അതുപോലു ള്ളവ കൊണ്ടോ പല്ല് തേക്കുന്നതിന് വിരോധമില്ല.

പ്രകൃതി ചര്യകൾ (പ്രകൃതി നിയമങ്ങൾ) അഞ്ചെണ്ണമാകുന്നു. അബൂഹുറൈറ:ﷺയിൽനിന്ന് നിവേദനം: നബിﷺ പറഞ്ഞിരിക്കുന്നു. “അഞ്ചു കാര്യങ്ങൾ പ്രകൃതി ചര്യയിൽ പെട്ടതാകുന്നു. ചേലാകർമ്മം ചെയ്യുക, ഗുഹ്യരോമം വടിക്കുക, മീശ വെട്ടുക, നഖം മുറിക്കുക, കക്ഷരോമം പറിക്കുക” (ബുഖാരി, മുസ്ലിം)

ചേലാകർമ്മം പുരുഷന്മാർക്ക് നിർബ്ബന്ധവും സ്ത്രീകൾക്ക് അഭിലഷണീയവുമാകുന്നു.

ഗുഹ്യരോമം നീക്കം ചെയ്യുക, മീശവെട്ടുക, കക്ഷരോമം പറിക്കുക, നഖങ്ങൾ മുറിക്കുക മുതലായവ നാൽപ്പത് ദിവസ ത്തേക്കാൾ അധികമായിനീട്ടി കൊണ്ടുപോകൽ ഹറാമാകുന്നു.

صفة الوضوء

## വുദൂഅ് അഥവാ അംഗശുദ്ധി വരുത്തൽ

* 1. ബിസ്മി ചൊല്ലുക. അതായത് 'ബിസ്മില്ലാ' എന്ന് പറയുക.

2. മുൻകൈകൾ രണ്ടും മൂന്ന് പ്രാവശ്യം കഴുകുക.

3. മൂന്ന് പ്രാവശ്യം വായിൽ വെള്ളം കൊപ്ളിക്കുകയും മൂക്കിൽ വെള്ളം കയറ്റിചീറ്റുകയും ചെയ്യുക. വായ് കൊപ്ളി ക്കുന്നത് ശരിയായ നിലയിലായിരിക്കണം. നോമ്പുകാരല്ലാത്തവർ പൂർണ്ണമായി മൂക്കിൽ വെള്ളം കയറ്റി ചീറ്റേണ്ടതാകുന്നു. വലതു കൈ കൊണ്ട് വെള്ളമെടുത്ത് മൂക്കിൽ കയറ്റുകയും ഇടതു കൈ കൊണ്ട് ചീറ്റിക്കളയുകയും ചെയ്യുക.

4. വായിൽ വെള്ളം കൊപ്ളിക്കലും മൂക്കിൽ വെള്ളം കയറ്റി ചീറ്റലും ഒന്നിച്ച് ചെയ്യലാകുന്നു സുന്നത്ത്. ഒരു കൈ വെള്ളമെ ടുത്താൽ അതിൻെറ പകുതി കൊണ്ട് വായ കൊപ്ളിക്കുകയും[3] ബാക്കികൊണ്ട് മൂക്കിൽ കയറ്റി ചീറ്റുകയും ചെയ്യുക. ഇനി വായിൽ വെള്ളം കൊപ്ളിക്കുന്നതിനും മൂക്കിൽ കയറ്റി ചീറ്റുന്ന തിനും പ്രത്യേകം വെള്ളമെടുത്താലും ശരിയാകുന്നതാണ്.

5. മുഖം മൂന്ന് പ്രാവശ്യം കഴുകുക. നെറ്റിയിൽ മുടി മുളക്കുന്നിടം മുതൽ താടിയെല്ലിൻെറ അടിവരെ നീളത്തിലും ഒരു ചെവിക്കുറ്റി മുതൽ മറ്റേ ചെവിക്കുറ്റി വരെ വീതിയിലും ഉള്ള സ്ഥലമാണ് മുഖത്തിൻെറ അതിർത്തി. ചെവി മുഖത്തിൽ ഉൾപ്പെടുകയില്ല.

---

[3] കുറിപ്പ്: വുദുവെടുക്കുന്നതിന് മുമ്പായി നാവുകൊണ്ട് മൊഴിയാതെ തൻെറ ഖൽബിൽ വുദുവിന് വേണ്ടി നിയ്യത്ത് ചെയ്യേണ്ടതാണ്.(വിവർത്തകൻ)

*'ശുദ്ധി, നമസ്കാരം വിധികളും അറിയേണ്ടവയും'*

6. തിങ്ങിയ താടിയുള്ളവർ[4] അത് വിടർത്തിക്കഴുകൽ സുന്നത്താകുന്നു. ഒരുകൈ വെള്ളമെടുത്ത് താടിയെല്ലിൻെറ അടിയിലൂടെ പ്രവേശിപ്പിച്ച് അതുകൊണ്ട് താടി രോമം വിടർത്തിക്കഴുകുക.

7. രണ്ട് കൈകളും മുട്ടുൾപ്പെടെ മൂന്ന് പ്രാവശ്യം കഴു കുക. കൈവിരലുകളുടെ അഗ്രഭാഗത്തു നിന്ന് തുടങ്ങി കൈ മുട്ടു വരെ കഴുകുക എന്നതാണ് അതിൻെറ രൂപം. നിർബ്ബ ന്ധമായും കഴുകേണ്ടതിൽ കൈമുട്ടുകളും ഉൾപ്പെടുന്നു. ആദ്യം വലതു കൈ മൂന്ന് പ്രാവശ്യം കഴുകിയതിന് ശേഷമാ കണം ഇടതു കൈ കഴുകേണ്ടത്.

8. തലയും ചെവിയും ഒരു പ്രാവശ്യം മാത്രം തടവുക. രണ്ട് കൈകളും നനച്ച് നെറ്റിയുടെ ഭാഗത്ത് വെച്ച് തലയുടെ മുൻഭാഗത്തു നിന്ന് തുടങ്ങി പിരടിയുടെ ഭാഗം വരെ കൈകൾ നടത്തിയ ശേഷം കൈകൾ രണ്ടും മുന്നോട്ട് കൊണ്ടുവന്ന് തുട ങ്ങിയേടത്ത് അവസാനിപ്പിക്കുക. ഇതാണ് തല തടവുന്നതിൻെറ ശരിയായ രൂപം. അതിനെ തുടർന്ന് രണ്ട് ചൂണ്ടുവിരലുകൾ ഇരു ചെവികൾക്കുള്ളിലും പ്രവേശിപ്പിച്ച് ഉൾഭാഗവും തള്ളവിരലു കൾ കൊണ്ട് ഇരുചെവികളുടേയും പുറഭാഗവും ഒരു പ്രാവശ്യം തടവുക. ചെവി തടവാൻ പ്രത്യേകം വെള്ളം എടുക്കേണ്ടതില്ല. തല തടവിയതിൻെറ ബാക്കി തന്നെ മതിയാകുന്നതാണ്.

9. രണ്ടു കാലുകൾ നെരിയാണിയുൾപ്പെടെ മൂന്ന് പ്രാവശ്യം കഴുകുക. കാൽവിരലുകളുടെ അറ്റങ്ങൾ മുതൽ നെരിയാ ണിവരെ കഴുകുക. നിർബ്ബന്ധമായും കഴുകേണ്ടതിൽ നെരിയാണികൾ ഉൾപ്പെടുന്നു. കാൽ വിരലുകൾ വിടർത്തിയും നെരിയാ ണികൾ ശ്രദ്ധിച്ചും കഴുകുക. ആദ്യം വലതുകാലും പിന്നീട് ഇടതു കാലുമാണ് കഴുകേണ്ടത്.

10. പാദരക്ഷകൾ (സോക്സുകൾ) ധരിച്ചിട്ടുള്ള വ്യക്തിക്ക് അതിന്മേൽ തടവൽ അനുവദനീയമാണ്. അത് ശുദ്ധിയുള്ള അവസ്ഥയിൽ ധരിച്ചതായിരിക്കണം. ആദ്യം വലതുകാലിലെ കാലുറയുടെ മുകൾ ഭാഗം തടവുക. പിന്നെ ഇടതുകാലിലെ കാലുറയുടെ മുകൾഭാഗവും തടവുക.

❋നാട്ടിൽ താമസിക്കുന്നവന് അതിന്മേൽ തടവുന്നതിനുള്ള കാലാവധി ഒരുരാവും ഒരു പകലും ആകുന്നു. യാത്രക്കാരന് മൂന്ന് രാവും മൂന്ന് പകലും തടകാവുന്നതാണ്.

---

[4] താടി സമൃദ്ധമായി വളർത്തുകയെന്നതാകുന്നു പ്രവാചകചര്യ. അതാണ് ഒരു മുസ്ലിം സ്വീകരിക്കേണ്ടതും നിർബ്ബന്ധമായതും. "നിങ്ങൾ താടി വളരാൻ വിടുക" "നിങ്ങൾ താടി വളർത്തുക" തുടങ്ങിയ ആശയങ്ങളിലുള്ള സ്വഹീഹായ ഹദീസുകൾ ബുഖാരി, മുസ്ലിം തുടങ്ങിയവർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

❋തടവുന്നതിൻെറ കാലാവധി കണക്കാക്കുന്നത് അവ ധരിച്ചതിന് ശേഷം വുദു മുറിഞ്ഞ സമയം മുതലാകുന്നു.

➢ ഉദാഹരണമായി ഒരാൾ വുദുവെടുത്ത് രാവിലെ എട്ട് മണിയായപ്പോൾ പാദരക്ഷ ധരിച്ചു. പത്ത് മണിയായപ്പോൾ അയാളുടെ വുദു മുറിഞ്ഞു. ഉച്ചക്ക് ഒരു മണിയായപ്പോൾ നമസ്കരിക്കാൻ അയാൾ വുദുവെടുത്ത് പാദരക്ഷകളിൽ തടവി. അപ്പോൾ അയാൾക്ക് കാലുറകളിൽ തടവുന്നതിനുള്ള സമയം ആരംഭിക്കുന്നത് ഈ ഒരുമണി മുതൽ ആകുന്നു. അടുത്ത ദിവസം ഉച്ചക്ക് ഒരുമണിക്ക് അയാൾക്ക് കാലുറ കളിൽ തടവുന്നതിനുള്ള കാലാവധി തീരുന്നതാണ്.

11. കർമ്മങ്ങൾ ക്രമപ്രകാരം നിർവ്വഹിക്കുക എന്നത് വുദു ശരിയാകുന്നതിനുള്ള നിബന്ധനയാകുന്നു. ആരെങ്കിലും തല തടവുന്നതിന് മുമ്പായി കാലുകൾ കഴുകിയാൽ അവൻെറ വുദു ശരിയാവുകയില്ല.

12. തുടരെചെയ്യുക എന്നതും വുദു ശരിയാകുന്നതിനുള്ള നിബന്ധനയാകുന്നു. ഓരോ അവയവങ്ങൾ കഴുകുന്നതിനിടയിൽ അധിക സമയം പിന്തിപ്പിക്കാൻ പാടില്ല.

13. ഓരോ അവയവങ്ങളും മൂന്ന് പ്രാവശ്യം കഴുകലാകുന്നു ഏറ്റവും ശ്രേഷ്ഠകരമായത്. ഇനി ഓരോ അവയങ്ങളും ഈരണ്ട് പ്രാവശ്യം കഴുകിയാലും ഓരോ പ്രാവശ്യം കഴുകിയാലും അതിന് വിരുദ്ധമായി ചില അവയവങ്ങൾ മൂന്നും മറ്റു ചിലത് രണ്ടും ചിലത് ഒന്നും കഴുകിയാലും എല്ലാം അനുവദനീയം തന്നെ.

14. വുദുവിന് ശേഷം ഹദീസിൽ വന്നപ്രകാരം പറയേണ്ട താകുന്നു. ഉമർബിൻ ഖത്താബ്ﷺ നിവേദനം: നബിﷺ പറഞ്ഞി രിക്കുന്നു: "നിങ്ങളിലൊരാൾ പരിപൂർണ്ണമായ വുദുവെടുക്കു കയും അതിന് ശേഷം

أَشْهَدُ أَنْ لاَاِلَهَ إِلاَّ اللهُ وَحْدَهُ لاَ شَرِيكَ لَه وَأَشْهَدُ أَنَّ مُحَمَّداً عَبْدُهُ وَرَسُولُهُ

(അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാശരീക ലഹു വഅശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹു) എന്ന് പറയുകയും ചെയ്താൽ സ്വർഗ്ഗത്തിൻെറ എട്ട് കവാടങ്ങളും അവന് വേണ്ടി തുറക്കപ്പെടുന്നതാണ്. അവൻ ഉദ്ദേശിക്കുന്ന കവാടത്തിലൂടെ അവന് അതിൽ പ്രവേശിക്കാവുന്നതാണ്." (മുസ്ലിം)

ഇപ്രകാരം പ്രാർത്ഥിക്കലും സുന്നത്താകുന്നു. അബൂസഈദു ദുൽ ഖുദ്രിﷺ നിവേദനം: നബിﷺ പറഞ്ഞു: "ഒരാൾ വുദുവെടു ത്തതിന് ശേഷം

سُبْحَانَكَ اللّهُمَّ وَبِحَمْدِكَ لاَاِلَهَ إِلاَّ أَنْتَ أَسْتَغْفِرُكَ وَأَتُوبُ إِلَيْكَ

("അല്ലാഹുവേ, നീ പരമപരിശുദ്ധനാകുന്നു. നിനക്ക് സ്തുതി. നീയല്ലാതെ ആരാധനക്കർഹനില്ല. ഞാൻ നിന്നോട് പൊറുക്കലിനെ തേടുന്നു. നിന്നിലേക്ക് ഞാൻ പശ്ചാത്തപിച്ച് മടങ്ങുന്നു.") എന്ന് പറഞ്ഞാൽ അത് ഒരു നേരിയ തോലിൽ രേഖ പ്പെടുത്തി സീൽ വെക്കുന്നതാണ്. പിന്നീട് അന്ത്യദിനംവരെ അതു പൊളിയുകയില്ല". (ഹാകിം സ്വഹീഹായ പരമ്പരയോടെ ഉദ്ധരിച്ചത്)[5]

نواقض الوضوء

## വുദൂവിനെ ദുർബ്ബലമാക്കുന്ന കാര്യങ്ങൾ

1. മുൻദ്വാരത്തിലൂടെയോ പിൻദ്വാരത്തിലൂടെയോ മലം, മൂത്രം, അധോവായു, മദ്‌യ്[6], വദ്‌യ്[7] മുതലായ എന്തെങ്കിലും പുറപ്പെടുക.

2. ഉറക്കം, ബോധക്ഷയം, മത്ത് എന്നിവ മുഖേനയുള്ള ബുദ്ധിഭ്രംശം

3. കൈകൊണ്ട് ഗുഹ്യസ്ഥാനം സ്പർശിക്കുക[8].

4. ഒട്ടകമാംസം കഴിക്കുക.

---

[5] കുറിപ്പ്: (പ്രസ്തുത ഹദീസ് ശൈഖ് അൽബാനി സ്വഹീഹാക്കിയതാകുന്നു. سلسلة الأحاديث الصحيحة എന്ന തൻെറ ഗ്രന്ഥത്തിൽ 5/ 2333-ാം നമ്പർ ഹദീസിൽ ഇതുദ്ധരിച്ചതിന് ശേഷം അതിൻെറ സനദുകളെ സംബന്ധിച്ച് വിശദീകരി ച്ചിട്ടുണ്ട്.- വിവർത്തകൻ)

[6] മദ്‌യ് എന്നാൽ വികാരവേളയിൽ ഇന്ദ്രിയസ്രാവത്തിന് മുമ്പ് ജനനേന്ദ്രിയ ത്തിൽ നിന്ന് സ്രവിക്കുന്ന കൊഴുപ്പുള്ളതും വെളുത്തതും കട്ടികുറഞ്ഞതുമായ ഒരു ദ്രാവകം.

[7] വദ്‌യ് എന്നാൽ ഇന്ദ്രിയസദൃശ്യമായ വെളുത്തതും കട്ടിയുള്ളതുമായ ഒരു ദ്രാവകമാകുന്നു. വികാരരഹിതമായ സന്ദർഭത്തിലോ, അല്ലെങ്കിൽ മൂത്രാനന്തരമോ, അല്ലെങ്കിൽ ഭാരം ചുമക്കുന്ന സന്ദർഭത്തിലോ അത് പുറപ്പെടുന്ന താണ്. അതിൻെറ വിധി മൂത്രത്തിൻെറ വിധിതന്നെയാകുന്നു

[8] കേവല സ്പർശനം കൊണ്ട് വുദു മുറിയില്ലെന്നും വികാരത്തോടു കൂടി ഗുഹ്യസ്ഥാനം സ്പർശിക്കുമ്പോഴാണ് വുദുമുറിയുക എന്നുമാണ് ബുസ്റത്ത് ബിൻത് സ്വഫ്‌വാനിൻെറയും (റ) (അഹ്മദ് അബൂദാവൂദ്, തിർമിദി, നസാഇ) "അതൊരു അവയവം മാത്രമാണെന്ന" ത്വലഖിൻെറയും (റ) (അഹ്മദ്, അബൂ ദാവൂദ്, തിർമിദി) ഹദീസുകളെ സംയോജിപ്പിച്ചു കൊണ്ട് പ്രമുഖപണ്ഡിത ന്മാർ അഭിപ്രായപ്പെട്ടത്. ശൈഖ് അൽബാനി(റ)യുടെ تمام المنة പേജ് 103, ശൈഖ് മുഹമ്മദ് ഉസൈമിൻെറ(റ) الشرح الممتع 1/230, 31 നോക്കുക.) (വിവർ ത്തകൻ)

أنواع الحدث

## അശുദ്ധിയുടെ ഇനങ്ങൾ

**അശുദ്ധികൾ രണ്ടുതരമുണ്ട്.**

**ഒന്ന്: ചെറിയ അശുദ്ധി:** വുദുമുറിയുന്ന കാര്യങ്ങളിലേ തെങ്കിലും സംഭവിച്ചാൽ അവൻ ചെറിയ അശുദ്ധി ബാധിച്ച വനായി. അതിൽ നിന്ന് ശുദ്ധിയാകുന്നതുവരേക്കും നമസ്കാരം ശരിയാവുകയില്ല. വുദുവെടുക്കുന്നതിലൂടെ ചെറിയ അശുദ്ധിയിൽ നിന്ന് ശുദ്ധിയാകാൻ കഴിയും.

**ഉണർത്തൽ:** മൂത്രവാർച്ച പോലെ സ്ഥിരമായി അശുദ്ധി ബാധിക്കുന്ന ഒരാൾ അത് വൃത്തിയാക്കുകയും, നജസ് വസ്ത്രത്തിൽ പുരളാതിരിക്കാൻ മൂത്രവാർച്ചയുള്ളിടത്ത് പരുത്തിയോ അതുപോലുള്ളതോ വെക്കുകയും, പിന്നെ ഓരോ നമസ്കാര സമയത്തും പ്രത്യേകം വുദുവെടുക്കുകയും വേണം. അയാൾക്ക് ദുഹ്ർ നമസ്കാര സമയത്ത് അതിന് വേണ്ടി വുദുവെടുത്താൽ അതുകൊണ്ട് ദുഹ്റും അതിൻെറ സുന്നത്തുകളും നഷ്ടപ്പെട്ടുപോയ നമസ്കാരങ്ങളും നമസ്കരിക്കാം. എന്നാൽ ദുഹ്റിൻെറ സമയം കഴിഞ്ഞ് അസ്വ്ർ നമസ്കരിക്കാൻ ഉദ്ദേശിക്കുന്ന സമയത്ത് അതിനായി അയാൾ വേറെ വുദുവെടു ക്കേണ്ടതാണ്.

**രണ്ട്: വലിയ അശുദ്ധി:** കുളി നിർബ്വന്ധമാകുന്ന കാര്യ ങ്ങൾക്കാണ് വലിയ അശുദ്ധി എന്ന് പറയുന്നത്. താഴെ പറയുന്ന കാരണങ്ങൾ കൊണ്ട് അത് സംഭവിക്കുന്നു.

1. സുഖത്തോടെയുള്ള ഇന്ദ്രിയസ്ഖലനം.

2. സംഭോഗം. സ്ഖലനമുണ്ടായിട്ടില്ലെങ്കിലും കുളി നിർബ്വന്ധമാകുന്നു. (ബുഖാരി-291, മുസ്ലിം- 781)

3. സ്വപ്ന സ്ഖലനം[9]. ഉറക്കിൽ നിന്ന് ഉണർന്നതിന് ശേഷം വസ്ത്രത്തിൽ ഇന്ദ്രിയത്തിൻെറ അടയാളം കാണുകയാണെങ്കിൽ (കുളി നിർബ്വന്ധമാകും). ഇപ്പറഞ്ഞവയിലേതെ ങ്കിലുമൊന്ന് സംഭവിച്ചാൽ അയാൾ ജനാബത്ത്കാരനായി.

---

[9] (സ്ത്രീകൾക്കും ഈ നിയമം ബാധകമാകുന്നു. ബുഖാരി- 282, ശറഹ് മുസ്ലിം- 707, നസാഇ- 195- വിവ:)

4. ആർത്തവരക്തം, പ്രസവരക്തം എന്നിവ പുറപ്പെടൽ. സ്ത്രീ ഇവയിൽ നിന്ന് ശുദ്ധിയായാൽ അവൾക്ക് കുളി നിർബ്ബന്ധമാകുന്നു.

# കുളികൊണ്ടല്ലാതെ വലിയ അശുദ്ധിയിൽ നിന്ന് ശുദ്ധിയാകാൻ കഴിയില്ല.

# വലിയ അശുദ്ധി, ചെറിയ അശുദ്ധി എന്നിവ ബാധിച്ചവർ മറകൂടാതെ ക്വുർആൻ സ്പർശിക്കൽ നിഷിദ്ധമാകുന്നു[10].

# ജനാബത്ത്കാരന് (വലിയ അശുദ്ധിയുള്ളവൻ) ക്വുർആൻ പാരായണം ചെയ്യൽ അനുവദനീയമല്ല. എന്നാൽ മറയോടുകൂടി അതായത് കൈയ്യുറ ധരിച്ചുകൊണ്ട് മുസ്ഹഫ് ചുമക്കുക, അല്ലെങ്കിൽ അതിന്റെ പേജുകൾ 'പേന' പോലെയുള്ളതു കൊണ്ട് മറിക്കുക തുടങ്ങിയവിധത്തിലുള്ള മറസ്വീകരിച്ചാൽ ആർത്തവകാരിക്കും ചെറിയഅശുദ്ധി ബാധിച്ചവനും ക്വുർആൻ സ്പർശിച്ചു കൊണ്ട് ഓതൽ അനുവദനീയമാകുന്നു.

صفة الإغتسال

## കുളിയുടെ രൂപം

കുളിക്കാൻ ഉദ്ദേശിക്കുന്ന ആൾ ആദ്യമായി അതിന് വേണ്ടി നിയ്യത്ത് ചെയ്യേണ്ടതാകുന്നു. വായിൽ വെള്ളം കൊപ്ളിക്കുക, മൂക്കിൽ വെള്ളംകയറ്റി ചീറ്റുക എന്നിവയടക്കം ശരീരത്തിൽ മുഴുവനായും വെള്ളമൊലിപ്പിക്കുന്നതാണ് കുളി. ഇപ്രകാരം ആരെങ്കിലും ചെയ്താൽ അവന് അത് മതിയാകും. എന്നാൽ താഴെ പറയുന്ന രൂപത്തിൽ കുളിക്കലാണ് ഏറ്റവും ശ്രേഷ്ഠകരം.

1. ബിസ്മില്ലാ എന്ന് പറയുക.

2. മുൻകൈകൾ രണ്ടും മൂന്ന് പ്രാവശ്യം കഴുകുക.

3. ഗുഹ്യാവയവങ്ങൾ കഴുകുക.

4. പിന്നെയും കൈകൾ കഴുകുക. സോപ്പ് പോലെ ശുദ്ധി യാക്കുന്ന എന്തെങ്കിലും കൊണ്ട് കൈകൾ ഉരച്ചുകഴുകുക.

---

[10] (വുദുവില്ലാതെ ക്വുർആൻ തൊടൽ ഹറാമാണോ, അല്ലേ എന്ന വിഷയത്തിൽ അഭിപ്രായ വ്യത്യാസമുണ്ട്. -വിവർത്തകൻ)

5. വുദുവെടുക്കുക.

6. പിന്നെ മൂന്ന് പ്രാവശ്യം വെള്ളം തലയിലേക്കൊഴിക്കുക.

7. തുടർന്ന് ശരീരത്തിൻെറ വലതുഭാഗത്തും പിന്നീട് ഇടതു ഭാഗത്തുമായി വെള്ളമൊഴിക്കുക.

8. പിന്നെ കാലുകൾ മുമ്പ് കഴുകിയിട്ടില്ലെങ്കിൽ അത് കഴുകുക.

## തയമ്മും (التيمم)

രോഗം, അതിശൈത്യം, കഠിന ദാഹത്തെക്കുറിച്ചുള്ള ഭയം മുതലായ കാരണങ്ങളാൽ വെള്ളമുപയോഗിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാവുക, അല്ലെങ്കിൽ അതിന് തടസ്സമുണ്ടാവുക എന്നീ സന്ദർഭങ്ങളിൽ വുദുവെടുക്കാനും കുളിക്കാനും സാധിക്കാതെ വരുമ്പോൾ അതിന് പകരം ശുദ്ധീകരണം നടത്താൻ തയമ്മും നിയമമാക്കിയിരിക്കുന്നു.

**തയമ്മുമിൻെറ രൂപം**: തൻെറ ഉള്ളംകൈകൾകൊണ്ട് ഒരു പ്രാവശ്യം നിലത്തടിക്കുക. അതുകൊണ്ട് തൻെറ മുഖം തടവുകയും പിന്നീട് മുൻകൈകളുടെ പുറഭാഗം തടവുകയും ചെയ്യുക. അതായത് ആദ്യം ഇടത്തേ ഉള്ളംകൈകൊണ്ട് വലത്തേ മുൻകൈയ്യിൻെറ പുറഭാഗവും പിന്നെ വലത്തേ ഉള്ളംകൈ കൊണ്ട് ഇടത്തേ മുൻകൈയ്യിൻെറ പുറവും തടവുക.

## ആർത്തവം (الحيض)

സ്ത്രീയുടെ ഗർഭാശയത്തിൽ നിന്നും പുറത്തേക്ക് വരുന്ന കട്ടിയുള്ള രക്തമാണ് ആർത്തവ രക്തം.

### *ആർത്തവ രക്തം പ്രസവരക്തം ഇവ കൊണ്ട് നിഷിദ്ധമാകുന്ന കാര്യങ്ങൾ:

1. നമസ്കാരം. (ഈ സന്ദർഭത്തിൽ നഷ്ടപ്പെടുന്ന നമസ്കാരങ്ങൾ അവൾ ഖദാഅ് വീട്ടേണ്ടതില്ല.)

2. നോമ്പ്. (ഈ സന്ദർഭത്തിൽ നഷ്ടപ്പെടുന്ന നോമ്പുകൾ അവൾ പിന്നീട് നോറ്റ് വീട്ടണം.)

3. കഅ്ബയെ ത്വവാഫ് ചെയ്യൽ.

4. പള്ളിയിൽ താമസിക്കൽ.

5. ക്വുർആൻ സ്പർശിക്കൽ. (ഈ സമയത്ത് അവൾക്ക് ക്വുർആൻ ഓതാവുന്നതാണ്. അതുപോലെ കൈയ്യുറപോലെ എന്തെങ്കിലും മറയുണ്ടെങ്കിൽ അത് സ്പർശിക്കാവുന്നതുമാണ്.)

6. ലൈംഗിക ബന്ധം.

## ▸▸ സ്ത്രീകളിൽ കാണുന്ന വിവിധതരം രക്തങ്ങൾ:

**ആർത്തവം (ഹൈദ്), പ്രസവ രക്തം (നിഫാസ്) എന്നിവ:**

ഇവ സ്ത്രീയുടെ ഗർഭപാത്രത്തിൽ നിന്ന് പുറപ്പെടുന്നവയാകുന്നു. ഇവ സംഭവിക്കുമ്പോൾ നിഷിദ്ധമാകുന്ന കാര്യങ്ങളെ സംബന്ധിച്ച് നാം പ്രസ്താവിച്ചു കഴിഞ്ഞു.

**രക്തസ്രാവം (ഇസ്തിഹാദത്ത്):**

അത് ഞരമ്പിൽ നിന്നുള്ള രക്തവാർച്ചയും ചില സ്ത്രീ കളെ ബാധിക്കുന്ന രോഗവുമാകുന്നു.

രക്തസ്രാവമുള്ള സ്ത്രീകളുടെ വിധി ശുദ്ധിയുള്ള മറ്റു സ്ത്രീകളുടെ വിധി പോലെത്തന്നെയാകുന്നു. അതായത് അവൾ നമസ്കരിക്കുകയും നോമ്പെടുക്കുകയും ചെയ്യണം. എന്നാൽ ആ രക്തത്തിൻെറ അടയാളങ്ങൾ അവൾ നീക്കം ചെയ്യുകയും, രക്തമൊലിക്കാതിരിക്കാനുള്ള മുൻകരുതലെടുക്കുകയും ചെയ്യേണ്ടതാകുന്നു[11] അവൾ ഓരോ നമസ്കാരത്തിനും അതാതിൻെറ സമയങ്ങളിൽ വുദു എടുക്കുകയും വേണം.

ഇളം മഞ്ഞനിറമുള്ളതും, കലങ്ങിയ വെള്ളം പോലെ ചുകപ്പും കറുപ്പും കലർന്നതുമായ സ്രവങ്ങൾ (സ്വുഫ്റ, കുദ്റ) അതായത് വഴുവഴുപ്പുള്ളതോ അല്ലെങ്കിൽ മഞ്ഞ നിറത്തിലോ, അല്ലെങ്കിൽ കാപ്പി നിറത്തിലോ സ്ത്രീകളിൽ കാണപ്പെടുന്ന സ്രവങ്ങളാകുന്നു. ഇത്തരം സ്രവങ്ങൾ ആർത്തവ വേളയിലോ അതിനോട് ചേർന്നുള്ള അവസാന ദിവസങ്ങളിലോ ആണ് കാണുന്നതെങ്കിൽ അതിന് ആർത്തവത്തിൻെറ

---

[11] (*ജനനേന്ദ്രിയഭാഗത്ത് പരുത്തി, തുണി പോലുള്ളവ വെച്ച് നന്നായി ബന്ധിക്കു കയോ, പാഡ് പോലുള്ള മറ്റ് സംരക്ഷണ സംവിധാനങ്ങൾ ഉപയോഗിക്കുകയോ ചെയ്യുക- വിവ:)

*‘ശുദ്ധി, നമസ്കാരം വിധികളും അറിയേണ്ടവയും’*

വിധിവിലക്കുകൾ ബാധകമാകുന്നു. ശുദ്ധി പ്രാപിച്ചതിന് ശേഷ മാണെങ്കിൽ അത് ആർത്തവമായി കണക്കാക്കേണ്ടതില്ല. അപ്പോൾ സ്ത്രീ പ്രസ്തുത സ്രവം ശുദ്ധിയാക്കുകയും പിന്നെ നമസ്കരിക്കുന്നതിനായി വുദുവെടുക്കുകയും ചെയ്യേണ്ടതാണ്.

أحكام الصلاة

## നമസ്കാരത്തിൻെറ വിധികൾ

നമസ്കാരം ഇസ്ലാമിൻെറ പഞ്ചസ്തംഭങ്ങളിലൊന്നാകുന്നു. ഇത് ഇസ്ലാമിൻെറ നെടുംതൂണാകുന്നു. നമസ്കാരം ഒഴിവാക്കുകയെന്നത് കളവ്, വ്യഭിചാരം, മദ്യപാനം തുടങ്ങിയ പാപങ്ങളെക്കാൾ വലിയ കുറ്റമാകുന്നു. മാത്രവുമല്ല പ്രവാചകൻﷺ നമസ്കാരം ഒഴിവാക്കുന്നവരെ കാഫിർ എന്നാണ് വിശേഷിപ്പിച്ചത്. ബുറൈദ: നിവേദനം: നബി പറഞ്ഞു: “നമ്മുടെയും അവരുടെയും ഇടയിലുള്ള ഉടമ്പടിയാണ് നമസ്കാരം. അതാരുപേക്ഷിച്ചുവോ അവൻ കാഫിറായി”. (തിർമിദി, നസാഈ, ഇബ്നുമാജ:)

അഞ്ചുനേരം നമസ്കരിക്കൽ ഓരോ മുസ്ലിം സ്ത്രീ പുരുഷനും നിർബ്ബന്ധമാകുന്നു. അവ താഴെ പറയുന്നവയാ കുന്നു.

1. **ദുഹ്ർ: (الظهر ) ഇത് നാല് റക്അത്താകുന്നു.**

2. **അസ്വ്ർ: (العصر) ഇത് നാല് റക്അത്താകുന്നു**

3. **മഗ്രിബ്: (المغرب) ഇത് മൂന്ന് റക്അത്താകുന്നു.**

4. **ഇശാഅ്: (العشاء) ഇത് നാല് റക്അത്താകുന്നു**

5. **ഫജ്ർ: (الفجر) ഇത് രണ്ട് റക്അത്താകുന്നു.**

നമസ്കാരം പള്ളിയിൽ വെച്ച് ജമാഅത്തായി (സംഘമായി) നിർവ്വഹിക്കൽ പുരുഷന്മാർക്ക് നിർബ്ബന്ധമാകുന്നു.

തങ്ങളുടെ കുട്ടികളെ നമസ്കാരം ശീലിപ്പിക്കുകയെന്നത് മാതാപിതാക്കൾക്ക് നിർബ്ബന്ധമാകുന്നു. അവർക്ക് ഏഴ് വയസ്സായാൽ അതിനായി അവരോട് കൽപ്പിക്കണം. അവരെ അതിനായി പ്രേരിപ്പിക്കുകയും നമസ്കാരത്തിൻെറയും വുദു വിൻെറയും രൂപങ്ങൾ അവരെ പഠിപ്പിക്കുകയും ചെയ്യേണ്ടതാകുന്നു. നബിﷺയിൽ നിന്നും ഇപ്രകാരം സ്ഥിരപ്പെട്ട് വന്നിരി ക്കുന്നു. “നിങ്ങളുടെ മക്കൾക്ക് ഏഴുവയസ്സായാൽ അവരോട് നമസ്കരിക്കാൻ കൽപ്പിക്കണം. അവർക്ക്

പത്തുവയസ്സെത്തിയാൽ അത് നിർവ്വഹിക്കാത്തതിൻെറ പേരിൽ അവരെ അടിക്കണം. അവർക്കിടയിൽ കിടപ്പറ വേർതിരിക്കുകയും ചെയ്യുക”. (അബൂദാവൂദ്)

شروط صحة الصلاة

## നമസ്കാരം ശരിയാകുന്നതിനുള്ള നിബന്ധനകൾ

1. അശുദ്ധിയിൽ നിന്ന് ശുദ്ധിയാവുക (ചെറിയ അശുദ്ധിയിൽ നിന്ന് ശുദ്ധിയാകാൻ വുദുവെടുക്കുകയും വലിയ അശുദ്ധിയിൽ നിന്ന് ശുദ്ധിയാകാൻ കുളിക്കുകയും ചെയ്യുക)

2. മാലിന്യങ്ങളിൽ നിന്ന് ശുദ്ധിയാവുക: അതായത് നമസ്കരിക്കുന്ന ആളുടെ ശരീരം, വസ്ത്രം, നമസ്കരിക്കുന്ന സ്ഥലം എന്നിവ മാലിന്യങ്ങളിൽ നിന്ന് മുക്തമായിരിക്കണം.

3. നിയ്യത്ത്: ഇതിൽ രണ്ടുകാര്യങ്ങൾ ഉൾക്കൊള്ളുന്നു.

① അല്ലാഹുവിന് വേണ്ടി എന്ന നിഷ്കളങ്കത (ഇഖ്ലാസ്വ്) നമസ്കാരം മറ്റുള്ളവരെ കാണിക്കാൻ വേണ്ടിയാകരുത്.

② നിർദ്ദിഷ്ട നമസ്കാരത്തെ ഉദ്ദേശിക്കുക. അതായത് ദുഹ്ർ, അസ്വ്ർ, വിത്വ്ർ പോലെ (നമസ്കരിക്കാൻ ഉദ്ദേശിക്കുന്ന തിനെ കരുതുക-വിവ:)

**ഇവിടെ രണ്ടുകാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.**

i. ചില മുസ്ലിം സഹോദരങ്ങളിലേക്ക് പിശാച് കടന്നു വരുന്ന മാർഗ്ഗങ്ങളിൽ ഒന്ന് നിയ്യത്തിലുള്ള വസ്വാസാകുന്നു. അതിനാൽ ഓരോ വിശ്വാസിയും പൈശാചിക ദുർബോധനങ്ങളിൽ പെട്ടുപോകാതിരിക്കാൻ സൂക്ഷിക്കേണ്ടതുണ്ട്. കാരണം നിയ്യത്തിൻെറ കാര്യം വളരെ എളുപ്പമാകുന്നു. യാതൊരു പ്രയാസവും ആവിഷയത്തിലില്ല. ഉദാഹരണമായി ജുമുഅ: നമസ്കരിക്കാൻ വരുന്ന ഒരാൾ ആ നമസ്കാരത്തെ ഉദ്ദേശിച്ചു കൊണ്ടായിരിക്കും വരിക. അയാൾ ആസന്ദർഭത്തിൽ ഒരിക്കലും ഇശാ നമസ്കാരത്തെ ഉദ്ദേശിക്കുകയില്ല. അതുപോലെ മഗ്രിബ് നമസ്കരിക്കാൻ വരുന്ന ഒരാളുടെ നിയ്യത്ത് മഗ്രിബ് നമസ്കാരം തന്നെയായിരിക്കും മറിച്ച് ദുഹ്ർ നമസ്കാരമോ വിത്ർ നമസ്കാരമോ ആവുകയില്ല.

ii. നിയ്യത്തിൻെറ സ്ഥാനം ഖൽബിലാകുന്നു. അത് നാവ് കൊണ്ട് മൊഴിയൽ ബിദ്അത്താകുന്നു.

4. സമയമാവുക: ആരെങ്കിലും നമസ്കാരത്തിൻെറ സമയമാ കുന്നതിന് മുമ്പ് നമസ്കരിച്ചാൽ അവൻെറ നമസ്കാരം ശരി യാവുകയില്ല. ഇനി ആരെങ്കിലും മന:പ്പൂർവ്വം നമസ്കാര ത്തിൻെറ സമയം കഴിയുന്നതുവരെ നമസ്കരിക്കാതിരുന്നാൽ അവൻ വലിയ കുറ്റക്കാരനായി മാറുന്നതാണ്.

\# ദുഹ്റിൻെറ സമയം സൂര്യൻ മധ്യാഹ്നത്തിൽ നിന്ന് തെറ്റിയതു മുതൽ (ഉച്ചതിരിഞ്ഞതു മുതൽ) ഒരു വസ്തു വിൻെറ നിഴൽ അതിനോളമാകുന്നതു വരെയാകുന്നു.

\# അസ്വ്റിൻെ സമയം ദുഹ്റിൻെറ സമയം കഴിഞ്ഞതു മുതൽ സൂര്യന് മഞ്ഞവർണ്ണം ബാധിക്കുന്നതുവരെയാകുന്നു. സൂര്യന് മഞ്ഞനിറം ബാധിച്ചതുമുതൽ അസ്തമയം വരെയുള്ള സമയവും അസ്വ്റിൻെറ സമയത്തിൽ പെട്ടതുതന്നെയാണെ ങ്കിലും കാരണമില്ലെങ്കിൽ ആസമയത്തേക്ക് നമസ്കാരം പിന്തിക്കൽ വെറുക്കപ്പെട്ടതാകുന്നു.

\# മഗ്രിബിൻെറ സമയം സൂര്യാസ്തമയം മുതൽ അസ്ത മയ ശോഭ മായുന്നതുവരെയാകുന്നു.

\# ഇശാഇൻെറ സമയം അസ്തമയ ശോഭ മാഞ്ഞതു മുതൽ അർദ്ധരാത്രി വരെയാകുന്നു.

\# ഫജ്റിൻെറ (സുബ്ഹിയുടെ) സമയം സുപ്രഭാതം മുതൽ സൂര്യോദയം വരെയാകുന്നു.

5. ഖിബ്ലയെ അഭിമുഖീകരിക്കുക.

6. നഗ്നത മറക്കുക. പുരുഷൻെറ ഔറത്ത് (നഗ്നത) പൊക്കിൾ മുതൽ കാൽമുട്ടുവരെയാകുന്നു. എന്നാൽ നമസ്കരിക്കുന്ന സമയം തൻെറ ഇരുചുമലുകളും മറക്കൽ അവന് നിർബ്ബന്ധമാകുന്നു. നമസ്കാരത്തിൽ സ്ത്രീ തൻെറ മുഖമല്ലാത്ത മറ്റെല്ലാ ഭാഗങ്ങളും മറക്കേണ്ടതാകുന്നു. എന്നാൽ അന്യപുരുഷൻെറ മുമ്പിൽ സ്ത്രീ മുഖമടക്കം പൂർണ്ണമായും മറക്കേണ്ടതാകുന്നു.

**<u>ഉണർത്തൽ</u>:** ഖബറിടങ്ങളിലെ നമസ്കാരം ശരിയാവുകയില്ല. അകത്ത് ഖബറുള്ള പള്ളിയിലെ നമസ്കാരവും ശരിയാവുകയില്ല. ഇനി ആരെങ്കിലും മഖ്ബറകളിലോ അല്ലെങ്കിൽ ഖബറുള്ള പള്ളിയിലോ നമസ്കരിച്ചാൽ അവൻ കുറ്റക്കാരനായിത്തീരും. അവൻെറ നമസ്കാരം നിഷ്ഫലവുമാകുന്നു.

الأذان والإقامة

## ബാങ്കും ഇഖാമത്തും

1. അഞ്ചുനേരങ്ങളിലെ നമസ്കാരങ്ങൾക്കായി ബാങ്കും ഇഖാമത്തും കൊടുക്കൽ പുരുഷന്മാർക്ക് നിയമമാക്കപ്പെട്ടിരിക്കുന്നു.

2. ഖിബ്‌ലക്ക് നേരെ നിൽക്കുക, ചൂണ്ടു വിരലുകൾ ഇരുചെവികളിലും വെക്കുക, ഹയ്യ അലസ്സ്വലാ, ഹയ്യ അലൽ ഫലാഹ് എന്ന് പറയുമ്പോഴല്ലാതെ തിരിയാതിരിക്കൽ എന്നിവ ബാങ്കു വിളിക്കുന്നയാൾക്ക് (മുഅദ്ദിൻ) സുന്നത്താക്കപ്പെട്ടതാണ്.

### 3. ബാങ്കിൻെറ രൂപം: صيغة الأذان

اللهُ أَكْبَرُ اللهُ أَكْبَرُ        اللهُ أَكْبَرُ اللهُ أَكْبَرُ

أَشْهَدُ أَنْ لاَ اِلَهَ اِلاَّ اللهُ        أَشْهَدُ أَنْ لاَ اِلَهَ اِلاَّ اللهُ

أَشْهَدُ أَنَّ مُحَمَّداً رَسُولُ اللهِ        أَشْهَدُ أَنَّ مُحَمَّداً رَسُولُ اللهِ

حَيَّ عَلَى الصَّلاَةِ        حَيَّ عَلَى الصَّلاَةِ

حَيَّ عَلَى الْفَلاَحِ        حَيَّ عَلَى الْفَلاَحِ

اللهُ أَكْبَرُ اللهُ أَكْبَرُ        لاَ اِلَهَ اِلاَّ اللهُ

അല്ലാഹു അക്ബർ        അല്ലാഹു അക്ബർ

അല്ലാഹു അക്ബർ        അല്ലാഹു അക്ബർ

അശ്ഹദു അല്ലാ ഇലാഹ ഇല്ലല്ലാഹ്

അശ്ഹദു അല്ലാ  ഇലാഹ ഇല്ലല്ലാഹ്
അശ്ഹദു അന്ന  മുഹമ്മദൻ റസൂലുല്ലാഹ്
അശ്ഹദു അന്ന  മുഹമ്മദൻ റസൂലുല്ലാഹ്
ഹയ്യ അല സ്സ്വലാ    ഹയ്യ അല സ്സ്വലാ
ഹയ്യ അലൽ ഫലാഹ്    ഹയ്യ അലൽ ഫലാഹ്
അല്ലാഹു അക്ബർ    അല്ലാഹു അക്ബർ
ലാഇലാഹ ഇല്ലല്ലാഹ്.

ഫജ്ർ നമസ്കാരത്തിനായുള്ള ബാങ്കിൽ ഹയ്യഅലൽ ഫലാഹ് എന്നതിന് ശേഷം അല്ലാഹു അക്ബർ എന്ന് പറയുന്നതിന് മുമ്പായി الصَّلاَةُ خَيْرٌ مِّنَ النَّوْمِ (അസ്സ്വലാതു ഖൈറുമ്മിനന്നൗമ്) എന്ന് രണ്ട് പ്രാവശ്യം പറയേണ്ടതാകുന്നു.

**<u>ഇക്വാമത്തിൻെറ രൂപം: صفة الإقامة</u>**

اللهُ أَكْبَرُ    اللهُ أُكْبَرُ

أَشْهَدُ أَنْ لاَ اِلَهَ اِلاَّ اللهُ    أَشْهَدُ أَنَّ مُحَمَّداً رَسُولُ اللهِ

حَيَّ عَلَىَ الصَّلاَةِ    حَيَّ عَلَى الْفَلاَحِ

قَدْ قَامَتِ الصَّلاَةُ    قَدْ قَامَتِ الصَّلاَةُ

اللهُ أَكْبَرُ    اللهُ أَكْبَرُ

لاَ اِلَهَ الاَّاللهُ

അല്ലാഹു അക്ബർ    അല്ലാഹു അക്ബർ
അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹ്
അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്

ഹയ്യഅലസ്സ്വലാ ഹയ്യഅലൽ ഫലാഹ്

ഖദ് ഖാമത്തിസ്സ്വലാ ഖദ് ഖാമത്തിസ്സ്വലാ

അല്ലാഹു അക്ബർ അല്ലാഹു അക്ബർ

ലാഇലാഹ ഇല്ലല്ലാഹ്.

**4. ബാങ്കുകേൾക്കുന്നവർക്ക് സുന്നത്തായ ചിലകാര്യങ്ങൾ:**

① മുഅദ്ദിൻ പറയുന്നതുപോലെ പറയുക. എന്നാൽ ഹയ്യഅ ലസ്സ്വലാ, ഹയ്യഅലൽ ഫലാഹ് എന്ന് പറയുന്ന സമയം "ലാഹൗല വലാ ഖുവ്വത്ത ഇല്ലാ ബില്ലാഹ്" എന്നാണ് പറയേണ്ടത്.

② മുഅദ്ദിൻ അശ്ഹദു അല്ലാ ഇലാഹ ഇല്ലല്ലാഹ്, അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ് എന്ന് പറയുമ്പോൾ

رَضِيتُ بِاللهِ رَباًّ وَبِمُحَمَّدٍ رَسُولاً وَبِالإِسْلاَمِ دِيناً

(റദീതു ബില്ലാഹി റബ്ബൻ വബിമുഹമ്മദിൻ റസൂലൻ വബിൽ ഇസ്‌ലാമി ദീനാ) (അർത്ഥം: "അല്ലാഹുവിനെ റബ്ബായും മുഹമ്മദ് നബിﷺയെ റസൂലായും ഇസ്‌ലാമിനെ ദീനായും ഞാൻ തൃപ്‌തിപ്പെട്ടിരിക്കുന്നു.") എന്ന് പറയൽ സുന്നത്താകുന്നു.[12]

③ ബാങ്ക് വിളിച്ചുകഴിഞ്ഞാൽ മുഹമ്മദ് നബിﷺയുടെ പേരിൽ പ്രാർത്ഥിക്കുക. (സ്വലാത്ത് ചൊല്ലുക.)

④ പിന്നെ ഇപ്രകാരം പ്രാർത്ഥിക്കുക.

اللَّهُمَّ رَبَّ هَذِهِ الدَّعْوَةِ التَّامَّةِ وَالصَّلاَةِ الْقَائِمَةِ آتِ مُحَمَّداً الوَسِيلَةَ وَالفَضِيلَةَ وَابْعَثْهُ مَقَامًا مَحْمُوداً الَّذِي وَعَدْتَهُ

(അല്ലാഹുമ്മ റബ്ബ ഹാദിഹി ദഅ്‌വതിത്താമ്മ:, വസ്സ്വലാത്തിൽ ക്വാഇമ, ആതി മുഹമ്മദൻ അൽവസീലത വൽഫദീലത വബ് അസ്ഹു മക്വാമൻ മഹ്മൂദൻ അല്ലദീ വഅത്തഹു*)

---

[12] (*ഈ പ്രാർത്ഥന മുസ്‌ലിം-849, തിർമിദി-210, നസാഇ-678, ഇബ്നുമാജ:-721 മുതലായവർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാങ്കിൻെറ അവസാനത്തിലാണ് ഇതുചൊല്ലേണ്ടതെന്നും അതല്ല ശഹാദത്തിൻെറ വചനങ്ങൾ കേൾക്കുമ്പോഴാ ണെന്നും അഭിപ്രായങ്ങൾ കാണാം. പ്രസ്തുത പ്രാർത്ഥനക്ക് മുമ്പായി وأنا أشهد أن لاآله الا الله وحده لآشريك له وأن محمداً عبده ورسوله എന്ന് കൂടി ചൊല്ലേണ്ടതാണെന്നും ഇങ്ങനെ പറയുന്നവരുടെ പാപങ്ങൾ പൊറുക്കപ്പെടുന്നതാ ണെന്നും പ്രസ്തുത സ്വഹീഹായ ഹദീസുകളിൽ വന്നിരിക്കുന്നു.- വിവർത്തകൻ)

*'ശുദ്ധി, നമസ്കാരം വിധികളും അറിയേണ്ടവയും'*

(അർത്ഥം: "പരിപൂർണ്ണമായ ഈ ക്ഷണത്തിൻെറയും നില നിർത്തപ്പെടുന്ന ഈ നമസ്കാരത്തിൻെറയും ഉടമസ്ഥനായ അല്ലാഹുവേ! മുഹമ്മദ് നബിﷺക്ക് 'വസീലത്ത്', 'ഫദീലത്ത്' എന്നീ സ്ഥാനങ്ങൾ നീ നൽകുകയും നീ വാഗ്ദാനം ചെയ്തിട്ടുള്ള സ്തുത്യർഹമായ സ്ഥാനത്ത് അദ്ദേഹത്തെ നിയോഗിക്കുകയും ചെയ്യേണമേ.")

تسوية الصفوف

## അണികൾ നേരെയാക്കൽ

ജമാഅത്തായുള്ള നമസ്കാരത്തിന് അണികൾ ശെരിപ്പെടുത്തൽ നിർബ്ബന്ധമാകുന്നു. അവതാഴെ പറയുന്നു.

1. കാലിൻെറ മടമ്പുകളും, ചുമലുകളും നേരെവരുന്ന രൂപത്തിൽ ചേർന്നു സമമായി നിൽക്കുക. ഒരാൾ മറ്റൊരാളെക്കാൾ മുന്നിട്ട് നിൽക്കരുത്.

2. അണികൾ അടുത്തടുത്ത് നിൽക്കുക. സ്വഫ്ഫുകൾക്കിടയിൽ പിശാചിനായി വിടവിടരുത്.[13]

3. ആദ്യംമുതലുള്ള സ്വഫ്ഫുകൾ പൂർത്തിയാക്കുക. അതായത് ഒന്നാമത്തെ സ്വഫ്ഫ് പൂർത്തിയാക്കാതെ രണ്ടാമത്തേത് തുടങ്ങരുത്.

4. സ്വഫ്ഫുകൾക്കിടയിൽ അടുപ്പമുണ്ടാവുക. അതായത് ഒരു സ്വഫ്ഫ് മറ്റൊന്നിനേക്കാൾ വിദൂരത്തിലാകാൻ പാടില്ല. നമസ്കാരം ആരംഭിക്കുന്നതിൻെറ മുമ്പായി സ്വഫ്ഫുകൾ നേരെയാണോ എന്നകാര്യം ഇമാം ഉറപ്പുവരുത്തേണ്ടതാണ്.

**أحكام السترة**

## മറസ്വീകരിക്കുന്നതിൻെറ വിധി

---

[13] (*മേൽപറഞ്ഞ രൂപമാണ് ബുഖാരി, തിർമിദി, ഇബ്നുമാജ:, നസാഇ, അബൂദാവൂദ് മുതലായവർ സ്വഹീഹായി റിപ്പോർട്ടു ചെയ്തിട്ടുള്ളത്. ഇപ്രകാരം പ്രാർത്ഥിക്കുന്നയാൾ ഖിയാമത്ത് നാളിൽ പ്രവാചക തിരുമേനിﷺയുടെ ശഫാഅത്തിന് അർഹനാകുന്നതാണെന്ന് പ്രസ്തുത ഹദീസുകളിൽ കാണാം.- വിവർത്ത കൻ)

ചുമർ, തൂൺ, മുസ്ഹഫ് വെക്കുന്ന പലക ഇങ്ങനെയുള്ള എന്തെങ്കിലും ഉയർന്ന വസ്തുകൊണ്ട് നമസ്കരിക്കുന്നയാൾ തൻെറ മുന്നിൽ മറസ്വീകരിക്കേണ്ടതാകുന്നു. മറയുടെ വിധി കൾ താഴെ പറയുന്നു.

1. ഇമാമാണെങ്കിലും ഒറ്റക്ക് നമസ്കരിക്കുന്നവനാണെങ്കിലും അവൻെറ മുമ്പിൽ ഒരു മറയുണ്ടായിരിക്കുകയെന്നത് നിയമമാക്കപ്പെട്ടതാകുന്നു. ഇത് നമസ്കാരത്തിലെ വളരെ പ്രധാനപ്പെട്ട ഒരു സുന്നത്താകുന്നു. ചിലപണ്ഡിതന്മാർ ഇത് നിർബ്ബന്ധമാണെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്.

2. മറയുടെ നീളം ഒരുമുഴത്തിൻെറ മൂന്നിൽ രണ്ടെങ്കിലും ഉണ്ടായിരിക്കൽ നല്ലതാണ്.

3. നമസ്കരിക്കുന്നയാളുടെ മുന്നിലൂടെ നടക്കൽ അനുവദനീയമല്ല. എന്നാൽ മറയുടെ പിന്നിലൂടെ നടക്കാവുന്നതാണ്.

4. തൻെറ മുന്നിലൂടെ നടക്കുന്നവരെ, അവർ കുട്ടികളായിരുന്നാലും മൃഗങ്ങളായിരുന്നാലും അവരെ തടയൽ നമസ്കരിക്കുന്നയാൾക്ക് നിർബ്ബന്ധമാകുന്നു.

5. ഇമാമായി നമസ്കരിക്കുന്നയാളുടെയും, ഒറ്റക്ക് നമസ്കരിക്കുന്നയാളുടെയും മുന്നിലൂടെ നടക്കൽ നിഷിദ്ധമാകുന്നു. എന്നാൽ അവരുടെ നമസ്കാരം ശരിയാകുന്നതാണ്. നമസ്ക രിക്കുന്നയാളുടെ മുന്നിലൂടെ നടക്കുന്നത് പ്രായപൂർത്തിയായ സ്ത്രീയോ, അല്ലെങ്കിൽ കഴുതയോ, കറുത്തപട്ടിയോ ആണെങ്കിൽ അയാളുടെ നമസ്കാരം ദുർബ്ബലപ്പെടുന്നതാണ്. അപ്പോൾ അയാൾ രണ്ടാമതു നമസ്കരിക്കേണ്ടതാകുന്നു.

6. മുകളിൽ പറഞ്ഞവിധികൾ മസ്ജിദുൽ ഹറാമിലും മസ്ജിദുന്നബവിയിലും ബാധകമാണ്. മറ്റുപള്ളികളിൽ നമസ്കരിക്കുന്നയാളുടെ മുന്നിലൂടെ നടക്കൽ നിഷിദ്ധമാകുമ്പോൾ ഹറമിൽ നമസ്കരിക്കുന്നവർക്ക് ഈ നിയമം ഏറ്റവും കൂടുതൽ ബാധകമാകുന്നു. നബി തിരുമേനിﷺ കഅ്ബയിൽ നമസ്കരിക്കുമ്പോൾ ജനങ്ങൾ മുമ്പിലൂടെ നടന്നിരുന്നുവെന്നും അവിടുന്ന് മറ സ്വീകരിച്ചിരുന്നില്ലായെന്നുമുള്ള റിപ്പോർട്ട് ദുർബ്ബലമാകുന്നു. ആ ഹദീസ് തെളിവായി സ്വീകരിക്കൽ ശരിയാവുകയില്ല.

7. മുകളിൽ പറഞ്ഞവിധികൾ ഇമാമിനും ഒറ്റക്ക് നമസ്കരിക്കുന്നവനും മാത്രമാണ് ബാധകമാവുക. എന്നാൽ മഅ്മൂമിന് (ഇമാമിനെ തുടരുന്നവൻ) ഇമാമിൻെറ മറതന്നെ മതിയാ കുന്നതാണ്. മഅ്മൂമ് പ്രത്യേകം മറ സ്വീകരിക്കേണ്ടതില്ല. മഅ്മൂമിൻെറ മുന്നിലൂടെ നടക്കുന്നവരെ തടയേണ്ടതില്ല. മഅ്മൂമുകളുടെ അണികൾക്കിടയിലൂടെ നടക്കൽ അനുവദനീയ മാണ്. സ്ത്രീയോ, കഴുതയോ, കറുത്ത നായയോ മഅ്മൂമുക ളുടെ മുന്നിലൂടെ നടന്നാലും അവരുടെ നമസ്കാരം ശരിയാകുന്നതാണ്.

(صفة الصلاة)

## നമസ്കാരത്തിൻെറ രൂപം

1. തൻെറ രണ്ടു കൈകളും ചുമലിന് നേരെയോ അല്ലെങ്കിൽ ചെവികളുടെ നേരെയോ ഉയർത്തിക്കൊണ്ട് الله أكبر **(അല്ലാഹു അക്ബർ)** എന്ന് പറയുക. ഈ തക്ബീറിനെ **തക്ബീറത്തുൽ ഇഹ്റാം** എന്നു പറയുന്നു.

**ഓർക്കുക:** ചില ആളുകൾ തക്ബീറത്തുൽ ഇഹ്റാ മിൻെറ സമയത്ത് അവരുടെ തള്ളവിരലുകൾ ചെവികളിൽ വെക്കാറുണ്ട്. ഇത് തെറ്റാകുന്നു. കാരണം ഇപ്രകാരമുള്ള ഒരു രൂപത്തിന് യാതൊരു തെളിവുമില്ല.

2. തുടർന്ന് ഇടതുകൈയ്യുടെ മേൽ വലതുകൈ വെച്ച് കൈകൾ രണ്ടും തൻെറ നെഞ്ചിന്മേൽ വെക്കുക. അല്ലെങ്കിൽ വലതുകൈ കൊണ്ട് ഇടതുകൈയ്യിനെ പടിച്ച് അവ നെഞ്ചി ന്മേൽ വെക്കുക.

3. ശേഷം പ്രാരംഭ പ്രാർത്ഥന അഥവാ ദുആഉൽ ഇസ്തി ഫ്താഅ് നടത്തുക. അതിപ്രകാരമാകുന്നു.

اَللَّهُمَّ بَاعِدْ بَيْنِي وَبَيْنَ خَطَايَايَ كَمَا بَاعَدْتَ بَيْنَ الْمَشْرِقِ وَالْمَغْرِبِ اللَّهُمَّ نَقِّنِي مِنْ خَطَايَايَ كَمَا يُنَقَّى الثَّوْبُ الأَبْيَضُ مِنَ الدَّنَسِ اللَّهُمَّ اغْسِلْنِي مِنْ خَطَايَايَ بِالْمَاءِ وَالثَّلْجِ وَالْبَرَدِ.

(അല്ലാഹുമ്മ ബാഇദ് ബൈനീ വബൈന ഖത്വായായ കമാ ബാഅത്ത ബൈനൽ മശ്രിഖി വൽ മഗ്രിബി അല്ലാഹുമ്മ നഖിനീ മിൻ ഖത്വായായ കമാ യുനക്വസ്സൗ ബുൽ അബ്‌യദു മിനദ്ദനസി അല്ലാഹുമ്മഗ്സിൽനീ മിൻ ഖത്ത്വായായ ബിൽ മാഇ വസ്സൽജി വൽ ബറദി.)

(അർത്ഥം: അല്ലാഹുവേ, ഉദയാസ്തമയ സ്ഥലങ്ങൾ തമ്മിൽ അകറ്റിയതുപോലെ എന്നിൽ നിന്നും എൻെറ പാപ ങ്ങളെ നീ അകറ്റേണമേ. അല്ലാഹുവേ, അഴുക്കിൽ നിന്നും ശുഭ്ര വസ്ത്രം വൃത്തിയാക്കുന്നതുപോലെ എൻെറ പിഴവുകളിൽ നിന്നും നീ എന്നെ ശുദ്ധിയാക്കേണമേ, അല്ലാഹുവേ, ഹിമം കൊണ്ടും വെള്ളം കൊണ്ടും ആലിപ്പഴം കൊണ്ടും എൻെറ പാപങ്ങളെ നീ കഴുകി വൃത്തിയാക്കേണമേ.[14] )

[14] ഇമാം ബുഖാരി- 744, ഇമാം മുസ്‌ലിം- (ശറഹ് മുസ്‌ലിം 1353) ഉദ്ധരിച്ച ഈ പ്രാർത്ഥനയാകുന്നു ഏറ്റവും പ്രബലമായത്. -വിവ

അല്ലെങ്കിൽ ഇങ്ങനെ പ്രാർത്ഥിക്കുക.

سُبْحَانَكَ اللّهُمَّ وَبِحَمْدِكَ وَتَبَارَكَ اسْمُكَ وَتَعَالَى جَدُّكَ وَلاإِلَهَ غَيْرُكَ [١٥]

(സുബ്ഹാനകല്ലാഹുമ്മ വബിഹംദിക വതബാറകസ്മുക വതആലാ ജദ്ദുക വലാഇലാഹ ഗൈറുക.)

(അർത്ഥം: “അല്ലാഹുവേ, നീ പരിശുദ്ധനാണ്. നിനക്ക് സ്തോത്രം. നിൻെറ നാമം അത്യനുഗ്രഹീതവും നിൻെറ കഴിവുകൾ അത്യുന്നതങ്ങളുമല്ലോ. നീയല്ലാതെ ആരാധ്യനേയില്ല.”)

ഈ ഇസ്തിഫ്താഇൻെറ ദുആ ഒന്നാമത്തെ റക്അത്തിൽ മാത്രമേയുള്ളൂ. അത് സുന്നത്താണ്. ഇനി ഒരാൾ അതൊഴി വാക്കിയാൽ അത്കൊണ്ട് കുഴപ്പമൊന്നുമില്ല.

4. പിന്നെ അഭിശപ്തനായ പിശാചിൽ നിന്നും അല്ലാഹുവി നോട് അഭയമർത്ഥിക്കുക. നബിﷺ ഇപ്രകാരം പറഞ്ഞതായി സ്ഥിരപ്പെട്ട് വന്നിരിക്കുന്നു.

أَعُوذُ بِاللهِ السَّمِيعِ الْعَلِيمِ مِنَ الشّيْطَانِ الرَّجِيمِ مِنْ هَمْزِهِ وَنَفْخِهِ وَنَفَثِهِ

(അഊദു ബില്ലാഹി സ്സമീഇൽ അലീം മിനശ്ശൈത്വാനിർറജീം മിൻ ഹംസിഹി വനഫ്ഖിഹി വനഫസിഹി[16] )

(അർത്ഥം: “അഭിശപ്തനായ പിശാചിൽ നിന്നും അവൻെറ ദുർബോധനത്തിൽ നിന്നും ഊത്തിൽ നിന്നും കുത്തിൽ നിന്നും എല്ലാം കേൾക്കുകയും കാണുകയും ചെയ്യുന്ന അല്ലാഹു വിനോട് ഞാൻ അഭയം തേടുന്നു.”)

മറ്റൊരു ഹദീസിൽ ‘അസ്സമീഉൽ അലീം’ എന്നതു കൂടാ തെയുള്ള ഒരു രൂപവും സ്ഥിരപ്പെട്ട് വന്നിട്ടുണ്ട്. ഈ രണ്ടു രൂപവും സുന്നത്തിൽ പെട്ടതാകുന്നു[17]

---

[15] ഈ പ്രാർത്ഥന ഇമാം മുസ്ലിം - (ശറഹ് മുസ്ലിം 590), തിർമിദി- (തുഹ്ഫത്തിൽ അഹ്വദി -243) ഇബ്നുമാജ: 806, നസാഇ- 898, അബൂദാവൂദ്, മുതലായവരും ഇമാം ഹാകിം സ്വഹീഹായ പരമ്പരയോടെ ഉദ്ധരിച്ചതും ഇമാം ദഹബി അംഗീകരിച്ചതും ശൈഖ് നാസ്വിറുദ്ധീൻ അൽബാനി സ്വഹീഹാക്കിയതുമാകുന്നു. നബി തിരുമേനിﷺയിൽ നിന്ന് വിവിധ രൂപത്തിലുള്ള ഏകദേശം പന്ത്രണ്ടോളം പ്രാരംഭപ്രാർത്ഥനകൾ സ്വഹീഹായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അവയെല്ലാം ശൈഖ് നാസ്വിറുദ്ധീൻ അൽബാനി (റ) തൻെറ صفة صلاة النبي ﷺ എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.-വിവർത്തകൻ)

[16] മേൽപറഞ്ഞ അഭയാർത്ഥനയുടെ വിശദീകരണം നബിﷺയിൽ നിന്ന് ഇങ്ങനെ സ്ഥിരപ്പെട്ട് വന്നിട്ടുണ്ട്. ‘ഹംസ്’ എന്നാൽ മനുഷ്യനെ പിടികൂടുന്ന വിഭ്രാന്തിയും ‘നഫഖ്’ എന്നാൽ അഹംഭാവവും ‘നഫസ്’ എന്നാൽ കവിതയുമാണ്). (അഹ്മദ്)

[17] ഇതിൻെറ സനദുകളെ സംബന്ധിച്ച് വിശദമായി ശൈഖ് നാസ്വിറുദ്ധീൻ അൽബാനി (റ) തൻെറ إرواء الغليل في تخريج أحاديث منار السبيل എന്ന ഗ്രന്ഥത്തിൽ 342-ാമത്തെ ഹദീസിൻെറ വിശദീകരണത്തിൽ പ്രതിപാദിക്കുന്നുണ്ട്.-വിവർത്തകൻ)

5. തുടർന്ന് بِسْمِ اللهِ الرَّحْمَنِ الرَّحِيم എന്ന് പറയുക. പിന്നെ ഫാത്തിഹ സൂറത്ത് പാരായണം ചെയ്യുക.[18]

6. അതിന് ശേഷം ക്വുർആനിൽ നിന്ന് അറിയാവുന്ന ഭാഗം അൽപം ഓതുക.

7. ഇമാമിൻെറ പാരായണം ശ്രദ്ധിക്കൽ മഅ്മൂമിന് (ഇമാമിനെ തുടർന്ന് നമസ്കരിക്കുന്നവൻ) നിർബ്ബന്ധമാകുന്നു. ഫാത്തിഹ സൂറത്ത് ഒഴികെ മറ്റൊന്നും ഇമാമിനോടൊപ്പം അവൻ പാരായണം നടത്തരുത്.

---

[18] <u>കുറിപ്പ്</u>:- <u>സൂറത്തുൽ ഫാത്തിഹ:യുടെ രൂപം.</u>

അഊദു ബില്ലാഹി മിനശ്ശൈത്വാനിർറജീം - أعوذ بالله من الشيطان الرجيم

(ശപിക്കപ്പെട്ട പിശാചിൽ നിന്നും അല്ലാഹുവിനോട് ഞാൻ രക്ഷ തേടുന്നു)

ബിസ്മില്ലാഹി ർറഹ്മാനി ർറഹീം – بسم الله الرحمن الرحيم (പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ) (ഞാൻ ആരംഭിക്കുന്നു.)

അൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ - الحمد لله رب العالمين

(സർവ്വസ്തുതികളും സർവ്വലോക പരിപാലകനായ അല്ലാഹുവിനാകുന്നു)

അർറഹ്മാനിർറഹീം - الرحمن الرحيم

(പരമകാരുണികനും കനുണാനിധിയുമായുള്ളവൻ)

മാലികി യൗമിദ്ദീൻ- مالك يوم الدين (പ്രതിഫല ദിവസത്തിൻെറ ഉടമസ്ഥനായവൻ)

ഇയ്യാക്ക നഅ്ബുദു വഇയ്യാക്ക നസ്തഈൻ - اياك نعبد واياك نستعين (നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു)

ഇഹ്ദിന സ്സ്വിറാത്വൽ മുസ്തക്വീം- اهدنا الصراط المستقيم

(നീ ഞങ്ങളെ നേർമാർഗ്ഗത്തിലാക്കേണമേ)

സ്വിറാത്വല്ലദീന അൻഅംത അലയ്ഹിം - صراط الذين انعمت عليهم

(അഥവാ നീ അനുഗ്രഹിച്ചവരുടേതായ മാർഗ്ഗമാണത്)

ഗൈരിൽ മഗ്ദൂബി അലയ്ഹിം غير المغضوب عليهم

(കോപത്തിനിരയായവരുടെ മാർഗ്ഗത്തിലല്ല)

വലദ്ദാല്ലീൻ ولضالين (വഴിപിഴച്ചു പോയവരുടെ മാർഗ്ഗത്തിലുമല്ല.)

ഇതിൻെറ അവസാനം ‘ആമീൻ’ എന്ന് പറയേണ്ടതാണ്. അതായത് ‘അല്ലാഹുവേ ഈ പ്രാർത്ഥന നീ സ്വീകരിക്കേണമേ’ എന്ന് സാരം. (വിവ:)

8. അതിന് ശേഷം തൻെറ ഇരുകൈകളും ചുമലിന് നേരെ ഉയർത്തി الله أكبر (അല്ലാഹു അക്ബർ) എന്ന് പറഞ്ഞ് റുകൂഅ് ചെയ്യുക (കുമ്പിടുക.)

9. റുകൂഅ് ചെയ്യുമ്പോൾ തൻെറ കൈവിരലുകൾ വിടർത്തിയ നിലയിൽ ഉള്ളംകൈകൾ കാൽമുട്ടുകളിൽ വെച്ച് മുതുകും പിരടിയും സമമായി വരത്തക്കവിധം നേരെ നിൽക്കുക.

10. റുകൂഇൽ **سُبْحَانَ رَبِّيَ الْعَظِيمِ** (സുബ്ഹാന റബ്ബിയൽ അദീം) (അർത്ഥം: മഹാനായ എൻെറ നാഥൻ പരിശുദ്ധനാകുന്നു.)

എന്ന് മൂന്ന് പ്രാവശ്യമോ അതിലധികമായോ പറയുക. അല്ലെങ്കിൽ[19] **سُبْحَانَ رَبِّيَ الْعَظِيمِ وَبِحَمْدِهِ** എന്ന് മൂന്ന് പ്രാവശ്യമോ അതിലധികമായോ പറയുക. ഒരു പ്രവശ്യം പറയൽ വാജിബാകുന്നു. അതിനേക്കാൾ അധികരിപ്പിക്കൽ സുന്നത്താകുന്നു. അതുപോലെ പ്രവാചകനിൽ ﷺ നിന്ന് മറ്റ് ചില ദിക്റുകളും സഥിരപ്പെട്ടു വന്നിട്ടുണ്ട്.

11. തുടർന്ന് سَمِعَ اللهُ لِمَنْ حَمِدَهُ (സമിഅല്ലാഹു ലിമൻ ഹമിദ:) (അർത്ഥം: തന്നെ സ്തുതിച്ചവൻെറ സ്തുതി അല്ലാഹു

കേട്ടിരിക്കുന്നു) എന്ന് പറഞ്ഞ് ഇരുകൈകളും തൻെറ ചുമലുകൾക്ക് നേരെ ഉയർത്തി റുകൂഇൽ നിന്നുയരുക.

12. നേരെ നിവർന്ന് നിന്നതിന് ശേഷം رَبَّنَا وَلَكَ الْحَمْدُ (റബ്ബനാ വലകൽ ഹംദ്) (അർത്ഥം: ഞങ്ങളുടെ നാഥാ, നിനക്കാകുന്നു സ്തുതികളെല്ലാം) എന്നോ **(റബ്ബനാ ലകൽ ഹംദ്)** എന്നോ **(അല്ലാഹുമ്മ റബ്ബനാ വലകൽ ഹംദ്)** എന്നോ **(അല്ലാഹുമ്മ റബ്ബനാ ലകൽ ഹംദ്)** എന്നോ പറയുക. ഈ നാല് രൂപവും നബിﷺയിൽ നിന്ന് സഥിരപ്പെട്ടതാണ്. നമസ്കരിക്കുന്നയാൾ ഇതിലേതെങ്കിലുമൊരു രൂപം തെരഞ്ഞെടുക്കുക. റുകൂഇൽ നിന്ന് ഉയർന്നതിന് ശേഷം പറയുന്ന മേൽപ്പറഞ്ഞ ദിക്ർ വാജിബ് ആകുന്നു. അതുപോലെ നബിയിൽﷺ നിന്ന് സ്ഥിരപ്പെട്ടുവന്നവ ഈ സന്ദർഭത്തിൽ അധികമായി ചൊല്ലൽ സുന്നത്താകുന്നു.

أ – رَبَّنَا وَلَكَ الْحَمْدُ حَمْداً كَثِيراً طَيِّباً مُبَارَكاً فِيهِ

---

[19] (*അബൂദാവൂദ്, ദാറഖുത്വ്നി, അഹ്മദ്, ത്വബ്റാനി, ബൈഹഖി മുതലാവർ ഉദ്ധരിച്ചതും ശൈഖ് നാസ്വിറുദ്ധീൻ അൽബാനി (റ) സ്വഹീഹാക്കിയതുമാകുന്നു. അദ്ദേഹം തൻെറ صفة صلاة النبي എന്ന ഗ്രന്ഥത്തിൽ പേജ് 133ൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. - വിവർത്തകൻ.)

(“ഞങ്ങളുടെ നാഥാ, നിനക്കാകുന്നു പരിശുദ്ധവും വർദ്ധമാനവുമായ ധാരാളം സ്തുതി”)

ب – اللّهُمَّ رَبَّناَ وَلَكَ الْحَمْدُ مِلْء السَّمَوَاتِ وَمِلْءَ الأَرْضِ

وَمِلْءَ مَا شِئْتَ مِنْ شَيْءٍ بَعْدُ

(“ഞങ്ങളുടെ നാഥനായ അല്ലാഹുവേ, ആകാശഭൂമികളും അവക്കുശേഷം നീ ഉദ്ദേശിച്ച ഏതൊന്നും നിറയെ നിനക്ക് സ്തുതി”)

جـ – اللّهُمَّ رَبَّنَا وَلَكَ الْحَمْدُ مِلْءَ السَّمَوَاتِ وَمِلْءَ الأَرْضِ وَمِلْءَ مَاشِئْتَ مِنْ شَيْءٍ بَعْدُ أَهْلَ الثَّنَاءِ وَالْمَجْدِ أَحَقُّ مَا قَالَ الْعَبْدُ وَكُلُّنَا لَكَ عَبْدٌ اللّهُمَّ لاَ مَانِعَ لِمَا أَعْطَيْتَ وَلاَ مُعْطِيَ لِمَا مَنَعْتَ وَلاَيَنْفَعُ ذَا الْجَدِّ مِنْكَ الْجَدِّ

(“ഞങ്ങളുടെ നാഥനായ അല്ലാഹുവേ, ആകാശഭൂമികളും അവക്കുശേഷം നീ ഉദ്ദേശിച്ച ഏതൊന്നും നിറയെ നിനക്ക് സ്തുതി. പ്രശംസയുടെയും പ്രഭാവത്തിൻെറയും ഉടമയായ രക്ഷിതാവേ! അടിയൻ പറഞ്ഞതിലേറ്റവും സത്യമായ വചനം. ഞങ്ങളെല്ലാം നിൻെറ അടിമകളാകുന്നു. നീ നൽകിയത് തടയുവാൻ ഒരാളും തന്നെയില്ല. നീ തടഞ്ഞത് നൽകുവാനും ഒരാളില്ല. ധനികൻെറ ധനം നിൻെറ ശിക്ഷയെ സംബന്ധിച്ച് അവന്ന് യാതൊരു പ്രയോജനവും ചെയ്യില്ല.”)

നമസ്കരിക്കുന്നയാൾ ഇതിലേതെങ്കിലുമൊരു രൂപം തെരഞ്ഞെടുക്കുക. നബിﷺയിൽ നിന്ന് വ്യത്യസ്ഥ രൂപം വന്നതു പോലെ ഒരു മുസ്ലിം ഈ വ്യത്യസ്ഥ രൂപങ്ങൾ ഉപയോഗിക്കു കയാണ് നല്ലത്. അതായത് ഒരിക്കൽ ഒരു രൂപം ചൊല്ലിയാൽ മറ്റൊരിക്കൽ മറ്റൊരു രൂപം ചൊല്ലുക.

13. തുടർന്ന് الله أكبر (അല്ലാഹു അക്ബർ) എന്ന് പറഞ്ഞു കൊണ്ട് സുജൂദ് ചെയ്യുക.

14. രണ്ട് കാൽമുട്ടുകൾ, രണ്ട് ഉള്ളംകൈകൾ, രണ്ട് കാൽവിരലുകളുടെ അറ്റങ്ങൾ, നെറ്റിയോടൊപ്പം മൂക്ക് ഇങ്ങനെ ഏഴ് അവയവങ്ങളും നിലത്ത് പതിപ്പിച്ച് കൊണ്ടാണ് സുജൂദ് (സാഷ്ടാംഗ പ്രണാമം) ചെയ്യേണ്ടത്. തൻെറ ഉള്ളം കൈകൾ രണ്ടും ചുമലുകൾക്ക് നേരെ വിരലുകൾ ചേർത്തുപിടിച്ച നിലയിൽ ഖിബ്‌ലക്ക് നേരെയായി

നിലത്ത് പതിപ്പിച്ച് വെക്കുക. കൈമുട്ടുകൾ നിലത്ത് നിന്ന് ഉയർത്തിവെക്കണം. തോൾകൈകൾ തൻെറ പാർശ്വങ്ങളിൽ നിന്ന് അകത്തിവെക്കണം. വിരലുകൾ ഖിബ്ലക്കഭിമുഖമായി നിർത്തിയ നിലയിൽ ഇരുകാലു കളും നാട്ടിവെക്കുക.

15. സുജൂദിൽ سُبْحَانَ رَبِّيَ الأَعْلَى (സുബ്ഹാന റബ്ബിയൽ അഅ്ലാ) (മഹോന്നതനായ എൻെറ നാഥൻ പരമപരിശുദ്ധ നാകുന്നു.) എന്ന് മൂന്ന് പ്രാവശ്യമോ അതിലധികമായോ പറയുക. അല്ലെങ്കിൽ[20] سُبْحَانَ رَبِّيَ الأَعْلَى وَبِحَمْدِهِ എന്ന് മൂന്ന് പ്രാവശ്യമോ അതിലധികമായോ പറയുക. അതു പോലെ പ്രവാചകനിൽﷺ നിന്ന് സുജൂദിൽ ചൊല്ലേണ്ട മറ്റ് ചില ദിക്റുകളും സ്ഥിരപ്പെട്ടുവന്നിട്ടുണ്ട്.

16. പിന്നീട് രണ്ടു സുജൂദുകൾക്കിടയിൽ ഇരിക്കേണ്ടതിനായി الله أكبر (അല്ലാഹു അക്ബർ) എന്ന് പറഞ്ഞ് സുജൂദിൽ നിന്ന് തല ഉയർത്തുക.

17. ഇടതു കാലടി പരത്തിവെച്ച് അതിന്മേൽ ഇരിക്കുകയും വിരലുകൾ ഖിബ്ലക്കഭിമുഖമായി നിർത്തിയ നിലയിൽ വലതു കാൽപാദം നാട്ടിവെക്കുകയും ചെയ്യുക. ഈ ഇരുത്തത്തിന് ഇഫ്തിറാശിൻെറ ഇരുത്തം എന്ന് പറയുന്നു.

18. രണ്ടു സുജൂദുകൾക്കിടയിലുള്ള ഈ ഇരുത്തത്തിൽ

رَبِّ اغْفِرْلِي എന്ന് പറയുക. അല്ലെങ്കിൽ ഇപ്രകാരം പറയുക.

رَبِّ اغْفِرْلِي وَارْحَمْنِي وَاجْبُرْنِي وَاهْدِنِي وَارْزُقْنِي

("നാഥാ, എനിക്ക് പൊറുത്തുതരേണമേ, എന്നോട് കരുണ കാണിക്കേണമേ, എൻെറ വീഴ്ച പരിഹരിക്കേണമേ, എന്നെ സന്മാർഗ്ഗത്തിലാക്കേണമേ, എനിക്ക് ആഹാരം നൽകേണമേ.")

---

[20] (അബൂദാവൂദ്, ദാറഖുത്വ്നി, അഹ്മദ്, ത്വബ്റാനി, ബൈഹഖി മുതലാവർ ഉദ്ധരിച്ചതും ശൈഖ് നാസ്വിറുദ്ധീൻ അൽബാനി (റ) സ്വഹീഹാക്കിയതുമാകുന്നു. അദ്ദേഹം തൻെറ ഗ്രന്ഥമായ صفة صلاة النبي എന്ന ഗ്രന്ഥത്തിൽ പേജ് 146 ൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. - വിവർത്തകൻ.)

19. അതിന് ശേഷം രണ്ടാമതും സുജൂദ് ചെയ്യുക. ഇരുത്തത്തിൽ നിന്ന് സുജൂദിലേക്ക് പോകുമ്പോൾ الله أكبر **(അല്ലാഹു അക്ബർ)** എന്ന് തക്ബീർ ചൊല്ലുക.

നമസ്കാരത്തിൽ നിന്ന് ബാക്കിയുള്ള റക്അത്തുകളും മേൽപറഞ്ഞ രൂപത്തിൽ ചെയ്യുക.

20. രണ്ടാമത്തെ റക്അത്ത് പൂർത്തിയാക്കിക്കഴിഞ്ഞാൽ ഒന്നാമത്തെ തശഹ്ഹുദിന് വേണ്ടി ഇരിക്കുക. (ഇതിൽ ഇഫ്തിറാശിൻെറ ഇരുത്തമാണ് ഇരിക്കേണ്ടത്)

തൻെറ വലതുകൈ വലതുതുടയുടെ മുകളിലോ അല്ലെങ്കിൽ കാൽമുട്ടിലോ വെക്കുകയും കൈവിരലുകൾ മടക്കിപ്പിടിച്ച് ചൂണ്ടുവിരൽ നിവർത്തിപ്പിടിച്ച് അല്ലെങ്കിൽ ചെറുവിരലും മോതിര വിരലും മടക്കിപ്പിടിച്ച് തള്ളവിരലും നടുവിരലും ഒരു വളയം പോലെ കൂട്ടിപ്പിടിച്ച് ചൂണ്ടുവിരൽ നിവർത്തിപ്പിടിക്കുക. തശ ഹ്ഹുദ് ഓതുന്ന സമയം ചൂണ്ടുവിരലിലേക്ക് നോക്കുക. തൻെറ ഇടതു കൈ ഇടതു തുടയുടെ മുകളിലോ അല്ലെങ്കിൽ ഇടത്തെ കാൽമുട്ടിന് മുകളിലോ വെക്കുക. പിന്നെ തശഹ്ഹുദ് ഓതുക. അതിപ്രകാരമാകുന്നു.

التَّحِيَّاتُ للهِّ وَالصَّلَوَاتُ وَالطَّيِّبَاتُ، السَّـلاَمُ عَلَيْـكَ أَيُّهَا النَّبِـيُّ وَرَحْمَةُ اللهِّ وَبَرَكَاتُـهُ السَّلاَمُ عَلَيْنَا وَعَلَى عِبَادِ اللهِّ الصَّالِحِينَ، أَشْـهَدُ أَن لاَ اِلَـهَ إِلاَّاللهُّ وَأَشْـهَدُ أَنَّ مُحَمَّـدًا عَبْـدُهُ وَرَسُولُهُ

(അത്തഹിയ്യാതു ലില്ലാഹി വസ്സ്വലവാതു വത്ത്വയ്യിബാതു അസ്സലാമു അലൈക അയ്യുഹന്നബിയ്യു വറഹ്മതുല്ലാഹി വബറ കാതുഹു അസ്സലാമു അലൈനാ വഅലാ ഇബാദില്ലാഹി സ്സാലി ഹീൻ. അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹു വഅശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹു.)

(അർത്ഥം: "എല്ലാ അഭിവാദ്യങ്ങളും അല്ലാഹുവിന്. എല്ലാ പ്രാർത്ഥനകളും എല്ലാ സൽകർമ്മങ്ങളും അല്ലാഹുവിന് തന്നെ. അല്ലാഹുവിൻെറ കാരുണ്യവും അനുഗ്രഹങ്ങളും നബിയേ അങ്ങയുടെ മേൽ വർഷിക്കുമാറാകട്ടെ. നമുക്കും നല്ലവരായ എല്ലാ ദൈവദാസന്മാർക്കും അല്ലാഹുവിൻെറ രക്ഷയുണ്ടാവട്ടെ. അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ലെന്നും മുഹമ്മദ് നബി അല്ലാഹുവിൻെറ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.")

പിന്നെ **“അല്ലാഹു അക്ബർ”** എന്ന് പറഞ്ഞ് മൂന്നാമത്തെ റക്അത്തിലേക്ക് വരിക. ഇരുകൈകളും തൻെറ ചുമലു കൾക്ക് നേരെ ഉയർത്തുക.

21. അവസാനത്തെ റക്അത്ത് പൂർത്തിയാക്കിയാൽ അവസാ നത്തെ തശഹ്ഹുദിന് വേണ്ടി ഇരിക്കുക. ഈ ഇരുത്തത്തിൽ തവർറുകിൻെറ രൂപമാണ് സ്വീകരിക്കേണ്ടത്. അതായത് ഇടതുകാല് വലതുകാലിനടിയിലൂടെ കടത്തി വലതുകാല് നാട്ടിവെച്ച് ആസനം നിലത്തുറപ്പിച്ച് ഇരിക്കുക. കൈകൾ രണ്ടും ആദ്യത്തെ തശഹ്ഹുദിൻെറ രൂപത്തിൽ നാം പറഞ്ഞതു പോലെ തന്നെ വെക്കുക.

22. ഫജ്ർ, സുന്നത്ത് എന്നീ നമസ്കാരങ്ങൾ പോലെ രണ്ട് റക്അത്ത് മാത്രമുള്ള നമസ്കാരമാണെങ്കിൽ തശഹ്ഹുദിന് വേണ്ടി ഇരിക്കുന്ന രൂപം ഇഫ്തിറാശിൻെറ രുപത്തിലാകുന്നു. തവർറുകിൻെറ രുപത്തിലല്ല.

23. പിന്നെ തശഹ്ഹുദ് ഓതുക. (അതിൻെറ രൂപം ഒന്നാമത്തെ തശഹ്ഹുദിൽ പറഞ്ഞിട്ടുണ്ട്) പിന്നെ നബിﷺക്ക് വേണ്ടി പ്രാർത്ഥന (സ്വലാത്ത്) നടത്തുക. നബിﷺയിൽ നിന്ന് സ്ഥിരപ്പെട്ട് വന്ന രൂപം താഴെ പറയുന്നു.

اَللَّهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا صَلَّيْتَ عَلَى اِبْرَاهِيمَ وَعَلَى آلِ اِبْرَاهِيمَ اِنَّكَ حَمِيدٌ مَجِيدٌ. اللَّهُمَّ بَارِكْ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا بَارَكْتَ عَلَى اِبْرَاهِيمَ وَعَلَى آلِ اِبْرَاهِيمَ اِنَّكَ حَمِيدٌ مَجِيدٌ.

(അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ കമാ സ്വല്ലയ്ത അലാ ഇബ്റാഹീമ വഅലാ ആലി ഇബ്റാഹീമ ഇന്നക ഹമീദുൻ മജീദ്. അല്ലാഹുമ്മ ബാരിക് അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ കമാ ബാറക്ത അലാ ഇബ്റാഹീമ വഅലാ ആലി ഇബ്റാഹീമ ഇന്നക ഹമീദുൻ മജീദ്.)

(അർത്ഥം:- “അല്ലാഹുവേ ഇബ്റാഹീം നബിക്കും അദ്ദേഹത്തിൻെറ കുടുംബത്തിനും നീ കരുണ ചെയ്തതുപോലെ മുഹമ്മദ് നബിക്കും അദ്ദേഹത്തിൻെറ കുടുംബത്തിനും നീ കരുണ ചൊരിയേണമേ. നീ സ്തുത്യർഹനും ഔദാര്യവാനുമാണ്. അല്ലാഹുവേ ഇബ്റാഹീം നബിക്കും അദ്ദേഹത്തിൻെറ കുടുംബത്തിനും നീ അനുഗ്രഹം ചൊരിഞ്ഞതു പോലെ മുഹമ്മദ് നബിക്കും അദ്ദേഹത്തിൻെറ കുടുംബത്തിനും നീ അനുഗ്രഹം ചൊരിയേണമേ. നീ സ്തുത്യർഹനും ഔദാര്യവാനുമല്ലോ.”)

പിന്നെ നാല് കാര്യങ്ങളിൽ നിന്ന് അല്ലാഹുവിനോട് കാവൽ ചോദിക്കുക. ഇങ്ങനെ പറയുക.

اللّهُمَّ إِنِّي أعُوذُبِكَ مِنْ عَذَابِ جَهَنَّمَ وَمِنْ عَذَابِ الْقَبْرِ وَمِنْ فِتْنَةِ الْمحْيَا وَالْمَاتِ وَمِنْ فِتْنَةِ الْمَسِيحِ الدَّجَّالِ

(അല്ലാഹുമ്മ ഇന്നീ അഊദുബിക മിൻ അദാബി ജഹന്നമ വമിൻ അദാബിൽ ഖബ്‌രി വമിൻ ഫിത്‌നത്തിൽ മഹ്‌യാ വൽമമാത്തി വമിൻ ഫിത്‌നത്തിൽ മസീഹിദ്ദജ്ജാൽ)

(അർത്ഥം:“അല്ലാഹുവേ, നരക ശിക്ഷയിൽ നിന്നും ക്വബ്‌റിലെ ശിക്ഷയിൽ നിന്നും ജീവിതത്തിലെയും മരണത്തിലെയും പരീക്ഷണങ്ങളിൽ നിന്നും ദജ്ജാലിൻെറ കുഴപ്പങ്ങളിൽ നിന്നും ഞാൻ നിന്നോട് കാവൽ തേടുന്നു.”) ശേഷം തനിക്കിഷ്ടമുള്ള ഏതു പ്രാർത്ഥനയും നടത്താവുന്നതാണ്.

24. അവസാനം (അസ്സലാമു അലൈകും വറഹ്‌മതുല്ലാ) أَلسَّلَامُ عَلَيْكُمْ وَرَحْمَةُالله എന്ന് പറഞ്ഞ് ആദ്യം വലതുവശത്തേക്ക് മുഖം തിരിക്കുക. തുടർന്ന് أَلسَّلَامُ عَلَيْكُمْ وَرَحْمَةُ الله എന്ന് പറഞ്ഞ് ഇടത് വശത്തേക്കും മുഖം തിരിക്കുക.

الأعمال المنهي عنها في الصلاة

## നമസ്കാരത്തിൽ വിരോധിക്കപ്പെട്ട കാര്യങ്ങൾ

1. പരസ്പരം സംസാരിക്കുക.
2. തിരിഞ്ഞു നോക്കുക.
3. തിന്നുകയും കുടിക്കുകയും ചെയ്യുക.
4. ആകാശത്തേക്ക് കണ്ണുകൾ ഉയർത്തുക.
5. കൈ ഊരക്ക് വെക്കുക.
6. ആവശ്യമില്ലാതെ അധികമായി അനങ്ങുക.
7. ‘ഇഖ്ആഅ്’ അഥവാ ആസനവും പാദങ്ങളും നിലത്തൂന്നി കാൽമുട്ടുകൾ മേൽപ്പോട്ടാക്കി ഇരിക്കുക.
8. സുജൂദിൽ മുഴംകൈകൾ നിലത്ത് പതിപ്പിച്ച് വെക്കുക.
9. സുജൂദിൽ കൈവിരലുകൾ വിടർത്തി വെക്കുക.
10. കണ്ണടക്കുക.
11. മലമൂത്ര വിസർജ്ജനത്തിന് ആവശ്യമുള്ളവനായ നിലയിൽ നമസ്കരിക്കുക.

الأذكار بعد الصلاة المفروضة

## ഫർദ് നമസ്കാര ശേഷമുള്ള ദിക്റുകൾ

നമസ്കാര ശേഷം താഴെ പറയുന്ന ദിക്റുകൾ ചൊല്ലൽ സുന്നത്താകുന്നു.

① اَسْتَغْفِرُاللهَ اَسْتَغْفِرُاللهَ، اَسْتَغْفِرُاللهَ، (അസ്തഗ്ഫിറുല്ലാഹ്) എന്ന് മൂന്ന് പ്രാവശ്യം പറയുക. (അർത്ഥം: അല്ലാഹുവിനോട് ഞാൻ പൊറുക്കലിനെ തേടുന്നു.)

② اللّهُمَّ أَنْتَ السَّلاَمُ وَمِنْكَ السَّلاَمُ تَبَارَكْتَ يَاذَا الْجَلاَلِ وَالإِكْرَام (അല്ലാഹുമ്മ അൻതസ്സലാം വമിൻകസ്സലാം തബാറക്ത യാദൽജലാലി വൽഇക്റാം) (അർത്ഥം: അല്ലാഹുവേ നീയാണ് സമാധാനം, നിന്നിൽ നിന്നാണ് സമാധാനം, ഉന്നതിയും മഹത്വവുമുള്ളവനേ നീ അനുഗ്രഹീതനായിരിക്കുന്നു.)

③ തുടർന്ന് ഇങ്ങനെ പറയുക.

لاَإِلَهَ إِلاّ اللهُ وَحْدَهُ لاَ شَرِيكَ لَهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ، لاَحَوْلَ وَلاَقُوَّةَ إِلاّ بِالله، لاَإِلَهَ إِلاّاللهُ وَلاَ نَعْبُدُ إِلاّ إِيّاهُ، لَهُ النِّعْمَةُ وَلَهُ الفَضْلُ وَلَهُ الثَّنَاءُ الْحَسَن، لاَ إِلَهَ إِلاّاللهُ مُخْلِصِينَ لَهُ الدِّينَ وَلَوْ كَرِهَ الْكَافِرُونَ ، اللّهُمّ لاَ مَانِعَ لِمَا أَعْطَيْتَ، وَلاَمُعْطِيَ لِمَا مَنَعْتَ وَلاَ يَنْفَعُ ذَا الْجَدِّ مِنْكَ الْجَدُّ

(ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാശരീകലഹു, ലഹുൽ മുൽകു വലഹുൽഹംദു വഹുവ അലാകുല്ലി ശൈഇൻ ക്വദീർ. ലാഹൗല വലാക്വൂവ്വത ഇല്ലാ ബില്ലാഹ്. ലാഇലാഹ ഇല്ലല്ലാഹു വലാ നഅ്ബുദു ഇല്ലാഇയ്യാഹു ലഹുന്നിഅ്മതു വലഹുൽ ഫദ്‌ലു വലഹുസ്സനാഉൽ ഹസൻ. ലാഇലാഹ ഇല്ലല്ലാഹു മുഖ്‌ലിസ്വീന ലഹുദ്ദീന വലൗകരിഹൽ കാഫിറൂൻ. അല്ലാഹുമ്മ ലാമാനിഅ ലിമാ അഅ്ത്വയ്ത വലാമു അ്ത്വിയ ലിമാ മന അ്ത വലാ യൻഫഉ ദൽജദ്ദി മിൻ കൽജദ്ദു.)

(അർത്ഥം: യഥാർത്ഥത്തിൽ അല്ലാഹുവല്ലാതെ മറ്റൊരു ആരാ ധ്യനില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാകുന്നു. രാജാധിപത്യം അവനാണ്. എല്ലാ സ്തുതിയും അവനാണ്. അവൻ എല്ലാത്തിനും കഴിവുള്ളവനാകുന്നു. അല്ലാഹുവെ ക്കൊണ്ടല്ലാതെ യാതൊരു ശക്തിയും കഴിവുമില്ല. യഥാർത്ഥ ത്തിൽ അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനില്ല. അവനെയല്ലാതെ ഞങ്ങൾ ആരാധിക്കുന്നില്ല. അനുഗ്രഹവും ഔദാര്യവും അവൻേറതാണ്. ഉത്തമമായ സ്തുതികൾ അവനുണ്ട്. യഥാർത്ഥത്തിൽ അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനില്ല. വണക്കം അവന് നിഷ്കളങ്കമാക്കുന്ന വരിലാണ് ഞാൻ. സത്യ നിഷേധികൾ വെറുപ്പ് പ്രകടിപ്പിച്ചാലും. അല്ലാഹുവേ നീ നൽകു ന്നത് തടയുന്നവനില്ല. നീ തടയുന്നത് നൽകുന്നവനുമില്ല. നിൻെറ അടുക്കൽ ധനം ഉപകരിക്കുകയില്ല.)

④ ഫജ്ര്, മഗ്രിബ് എന്നീ നമസ്കാരങ്ങൾക്ക് ശേഷം മുകളിൽ പറഞ്ഞതിന്റെ കൂടെ ഇപ്രകാരം പറയുക.

لاَإِلَهَ إِلاّ اللهُ وَحْدَهُ لاَ شَرِيكَ لَه، لَهُ الْمُلْكُ وَلَهُ الْحَمْدُ يُحْيِي وَيُمِيتُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ

(ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാശരീകലഹു ലഹുൽ മുൽകു വലഹുൽഹംദു യുഹ്യീ വയുമീതു വഹുവ അലാ കുല്ലി ശൈഇൻ ക്വദീർ)

(അർത്ഥം: യഥാർത്ഥത്തിൽ അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാകുന്നു. രാജാധിപത്യം അവനാണ്. എല്ലാ സ്തുതിയും അവനാണ്. ജീവിപ്പിക്കുന്നവനും മരിപ്പിക്കുന്നവനും അവനാകുന്നു. അവൻ എല്ലാത്തിനും കഴിവുള്ളവനാകുന്നു.) ഇത് പത്ത് പ്രാവശ്യം ചൊല്ലേണ്ടതാകുന്നു.

⑤ അതിന് ശേഷം سُبْحَانَ الله، الْحَمْدُ لله، اللهُ أَكْبَرُ (**സുബ്ഹാനല്ലാഹ്, അൽഹംദുലില്ലാഹ്, അല്ലാഹു അക്ബർ)** ഇവ ഓരോന്നും 33 പ്രാവശ്യം പറയുക. (അർത്ഥം: അല്ലാഹു വിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു., അല്ലാഹുവി നാകുന്നു സർവ്വസ്തുതികളും., അല്ലാഹു ഏറ്റവും വലിയവനാകുന്നു.) തുടർന്ന് ഇപ്രകാരം ചൊല്ലി നൂറ് പൂർത്തിയാ ക്കുക.

لاَإِلَهَ إِلاّ اللهُ وَحْدَهُ لاَ شَرِيكَ لَهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ

(ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാശരീകലഹു ലഹുൽ മുൽകു വലഹുൽഹംദു വഹുവ അലാകുല്ലി ശൈഇൻ ക്വദീർ.) (അർത്ഥം: യഥാർത്ഥത്തിൽ അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാകുന്നു. രാജാധിപത്യം അവനാണ്. എല്ലാ സ്തുതിയും അവനാണ്. അവൻ എല്ലാത്തിനും കഴിവുള്ളവനാകുന്നു.)

⑥ പിന്നീട് ആയത്തുൽ കുർസിയ്യ് ഓതുക.

اللهُ لاَ إِلَهَ إِلاَّ هُوَالْحَيُّ الْقَيُّومِ لاَتَأْخُذُهُ سِنَةٌ وَلاَنَوْمٌ لَّهُ مَافِي السَّمَوَاتِ وَمَافِي الأَرْضِ مَنْ ذَا الَّذِي يَشْفَعُ عِنْدَهُ إِلاَّبِإِذْنِهِ يَعْلَمُ مَابَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ وَلاَ يُحِيطُونَ بِشَيْءٍ مِّنْ

عِلْمِهِ إِلاَّ بِمَا شَآءَ وَسِعَ كُرْسِيُّهُ السَّمَوَاتِ وَالأَرْضَ وَلاَيَئُودُهُ حِفْظُهُمَا وَهُوَ الْعَلِيُّ الْعَظِيمُ (البقرة– ٢٥٥)

(അല്ലാഹു ലാഇലാഹ ഇല്ലാഹുവൽഹയ്യുൽ ഖയ്യൂം. ലാതഅ്ഖുദുഹു സിനതുൻ വലാനൗമുൻ ലഹു മാഫിസ്സമാവാതി വമാഫിൽ അർദി മൻദല്ലദീ യശ്ഫഉ ഇൻദഹു ഇല്ലാബി ഇദ്നിഹി യഅ്ലമു മാബയ്ന അയ്ദീഹിം വമാ ഖൽഫഹും വലായുഹീത്വൂന ബിശൈഇൻ മ്മിൻ ഇൽമിഹി ഇല്ലാബിമാ ശാഅ വസിഅ കുർസിയ്യുഹു സ്സമാവാതി വൽഅർദ വലാ യഊദുഹു ഹിഫ്ദുഹുമാ വഹുവൽ അലിയ്യുൽ അദീം.)

(അർത്ഥം: അല്ലാഹു അവനല്ലാതെ യഥാർത്ഥത്തിൽ മറ്റൊരു ആരാധ്യനില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രി ക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവൻെറതാണ് ആകാശ ഭൂമികളിലുള്ളതെല്ലാം. അവൻെറ അനുവാദപ്രകാരമല്ലാതെ അവൻെറയടുക്കൽ ശുപാർശ നടത്താൻ ആരുണ്ട്?. അവരുടെ മുന്നിലുള്ളതും അവർക്ക് പിന്നി ലുള്ളതും അവൻ അറിയുന്നു. അവൻെറ അറിവിൽ നിന്ന് അവനിച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവൻെറ അധികാര പീഠം ആകാശ ഭൂമികളെ മുഴുവൻ ഉൾക്കൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ.) (അൽ- ബഖറ: 255)

⑦ പിന്നീട് ﴿قل أعوذ بـرب النـاس﴾ ﴿قل أعوذ برب الفلق﴾ ﴿قل هو الله أحد﴾

(ക്വുൽ ഹുവല്ലാഹു അഹദ്, ക്വുൽ അഊദു ബിറബ്ബിൽ ഫലക്വ്, ക്വുൽ അഊദു ബിറബ്ബിന്നാസ്) എന്നീ സൂറത്തുകൾ ഓതുക. ഫജ്ർ, മഗ്രിബ് എന്നീ നമസ്കാരങ്ങൾക്ക് ശേഷം ഈ സൂറത്തുകൾ ഓരോന്നും <u>മൂന്ന് പ്രാവശ്യം</u> ഓതൽ ശ്രേഷ്ഠകരമാകുന്നു.[21]

---

[21] ([1] കുറിപ്പ്: ഈ ദിക്റുകൾ ശൈഖ് ഇബ്നു ബാസ് റഹിമഹുല്ലയുടെ رسالة مختصرة في الأذكار بعد الصلاة എന്ന ലഘുലേഖയിൽ നിന്നെടുത്തതാകുന്നു.)

(2. ഈ ദിക്റുകൾക്ക് ശേഷം അവനിഷ്ടമുള്ളത് പ്രാർത്ഥിക്കാം. എന്നാൽ നമസ്കാരശേഷം ഇമാം ദുആ ചെയ്യുകയും മഅ്മൂമുകൾ ആമീൻ പറയുകയും ചെയ്യുന്ന കൂട്ടപ്രാർത്ഥനാ രീതി നബിചര്യയിൽ ഇല്ലാത്തതാകുന്നു.- വിവ:)

(سجود السهو)

## മറവി സംഭവിച്ചാലുള്ള (സഹ്‌വിൻെറ) സുജൂദ്

1. **സഹ്‌വിൻെറ സുജൂദ്:** നമസ്കാരത്തിൻെറ അവസാനം സലാം വീട്ടുന്നതിൻെറ മുമ്പായോ സലാം വീട്ടിയതിൻെറ ശേഷമോ നിർവ്വഹിക്കുന്ന രണ്ട് സുജൂദാകുന്നു ഇത്. സലാം വീട്ടിയതിൻെറ ശേഷമാണ് സഹ്‌വിൻെറ സുജൂദ് ചെയ്യുന്ന തെങ്കിൽ ആരണ്ട് സുജൂദുകൾക്ക് ശേഷം പിന്നെയും സലാം വീട്ടേണ്ടതാണ്. ഈ സുജൂദിൽ നമസ്കാരത്തിലെ സാധാരണ സൂജൂദുകളിൽ ചൊല്ലുന്ന ദിക്ർ തന്നെ ചൊല്ലിയാൽ മതി.

2. അധികരിപ്പിക്കൽ, കുറവുവരുത്തൽ, സംശയിക്കൽ എന്നീ മൂന്ന് കാരണങ്ങളിൽ എതെങ്കിലുമൊന്ന് സംഭവിച്ചാൽ അവക്ക് പരിഹാരമായി ഈ സുജൂദ് നിർവ്വഹിക്കേണ്ടതാകുന്നു. അധികരിപ്പിക്കലും കുറവുവരുത്തലും മറവിയാൽ സംഭവിച്ചതാണെ ങ്കിൽ മാത്രമേ ഈ സുജൂദ് കൊണ്ട് പരിഹരിക്കപ്പെടുകയുള്ളൂ. എന്നാൽ ഇവ മനഃപ്പൂർവ്വമാണെങ്കിൽ നമസ്കാരം തന്നെ നിഷ്ഫലമാകുന്നതാണ്.

✷അധികരിപ്പിക്കലിൻെറ ഉദാഹരണം: അതായത് ദുഹ്ർ നമസ്കരിക്കുന്ന ഒരാൾ പ്രസ്തുത നമസ്കാരത്തിൽ അഞ്ചാമ ത്തെ റക്അത്ത് വർദ്ധിപ്പിച്ചു. അല്ലെങ്കിൽ രണ്ട് സുജൂദുകൾ ചെയ്യേണ്ടിടത്ത് മൂന്ന് സുജൂദ് ചെയ്തു.

✷കുറവുവരുത്തുക എന്നതിൻെറ ഉദാഹരണം: അതു കൊണ്ട് ഉദ്ദേശിക്കുന്നത് നമസ്കാരത്തിലെ വാജിബാത്തുക ളായ കാര്യങ്ങളെയാകുന്നു. അതായത് ഒന്നാമത്തെ തശഹ്ഹുദ് ഒഴിവാക്കൽ, അല്ലെങ്കിൽ നീക്കത്തിൻെറ തക്ബീറുകളിലേതെ ങ്കിലുമൊന്ന് ഒഴിവാക്കൽ, അല്ലെങ്കിൽ സുജൂദിലോ, റുകൂഇലോ ചൊല്ലോണ്ട തസ്ബീഹുകൾ ഒഴിവാക്കൽ തുടങ്ങിയവയാകുന്നു.

✷സംശയിക്കുക എന്ന് പറഞ്ഞാൽ താൻ മൂന്ന് റക്അ ത്താണോ നമസ്കരിച്ചത് അതല്ല നാല് റക്അത്താണോ നമസ്കരിച്ചത്? എന്ന് സംശയിക്കലാകുന്നു.

എന്നാൽ നമസ്കാരത്തിൻെറ റുക്നുകളിലേതെങ്കിലു മൊന്ന് ആരെങ്കിലും ഒഴിവാക്കിയാൽ (അതായത് സുജൂദ്, അല്ലെങ്കിൽ റുകൂഅ്, അല്ലെങ്കിൽ ഒരു റക്അത്ത് തുടങ്ങിയവ) അവൻ അതിന് പരിഹാരമായി പരിപൂർണ്ണമായ ഒരു റക്അത്ത് നമസ്കരിക്കുകയും പിന്നെ സഹ്‌വിൻെറ സുജൂദ് ചെയ്യുകയും വേണം.

3. ഏതെല്ലാമവസരങ്ങളിലാണ് സഹ്‌വിൻെറ സുജൂദ് സലാമിൻെറ മുമ്പും പിമ്പും നിർവ്വഹിക്കേണ്ടത്?.

*'ശുദ്ധി, നമസ്കാരം വിധികളും അറിയേണ്ടവയും'*

1. നമസ്കാരത്തിൽ എന്തെങ്കിലും അധികരിപ്പിച്ചാൽ അതിന് വേണ്ടി സലാമിന് ശേഷമാണ് സഹ്വിൻെറ സുജൂദ് ചെയ്യേ ണ്ടത്.

2. നമസ്കാരത്തിൽ എന്തെങ്കിലും കുറവു വരുത്തിയാൽ അതിന് വേണ്ടി സലാമിന് മുമ്പാണ് സഹ്വിൻെറ സുജൂദ് ചെയ്യേണ്ടത്.

3. നമസ്കാരത്തിൽ എന്തെങ്കിലും സംശയം ഉണ്ടായാൽ ശെരിയെന്ന് തോന്നുന്നത് അവൻ സ്വീകരിക്കേണ്ടതാ കുന്നു. സംശയമുണ്ടായ രണ്ടിലൊരുകാര്യത്തിൽ ഉറപ്പുള്ള തേതാണോ അത് അവൻ പ്രവർത്തിക്കുകയും സലാമിന് ശേഷം സഹ്വിൻെറ സുജൂദ് നിർവ്വഹിക്കുകയും വേണം.

4. സംശയമുള്ളതിൽ ഏതാണ് ശെരിയെന്ന് തീരുമാനിക്കാൻ കഴിയാതെവന്നാൽ അതിൽ ഉറപ്പുള്ളത് അതായത് എണ്ണത്തിൽ കുറഞ്ഞത് സ്വീകരിക്കുകയും ബാക്കി പൂർത്തി യാക്കുകയും സലാമിന് മുമ്പ് സഹ്വിൻെറ സുജൂദ് ചെയ്യു കയും വേണം. അതായത് നാല് റക്അത്തുള്ള നമസ്കാരത്തിൽ ഒരാൾ മൂന്ന് റക്അത്താണോ അതല്ല നാല് റക്അത്താണോ നമസ്കരിച്ചതെന്ന് സംശയിച്ചാൽ അവൻ ഒരുറപ്പിൽ എത്തിച്ചേരണം. അതിനവന് കഴിയാതെവന്നാൽ താൻ നമസ്കരിച്ചത് മൂന്ന് റക്അത്ത് എന്ന എണ്ണത്തിൽ ഉറപ്പിച്ച് ഒരു റക്അത്ത് കൂടി നിർവ്വഹിച്ച് സലാം വീട്ടുന്ന തിന് മുമ്പായി സഹ്വിൻെറ സുജൂദ് നിർവ്വഹിക്കേണ്ടതാകുന്നു.

## <u>അധികമാളുകളിലും സംഭവിക്കുന്ന ചില കാര്യങ്ങൾ</u>

1. ഒരാൾ നമസ്കാരത്തിലെ ഒന്നാമത്തെ തശഹ്ഹുദ് മറന്നുകൊണ്ട് ഒഴിവാക്കി. ഇത് അയാൾക്ക് മൂന്നാമത്തെ റക്അത്തിലേക്കുള്ള ക്വിയാമിലേക്ക് എത്തുന്നതിന് മുമ്പായി ഓർമ്മ വന്നാൽ അയാൾ പ്രസ്തുത തശഹ്ഹുദിനായി മടങ്ങി വരികയും തശഹ്ഹുദ് നിർവ്വഹിക്കുകയും വേണം. അയാൾ അതിനായി സഹ്വിൻെറ സുജൂദ് നിർവ്വഹിക്കേണ്ടതില്ല. എന്നാൽ മൂന്നാമത്തെ റക്അത്തിലുള്ള നിറുത്തത്തിലേക്ക് എത്തി യതിന് ശേഷമാണിക്കാര്യം ഓർമ്മ വന്നതെങ്കിൽ അയാൾ തൻെറ നമസ്കാരം പൂർത്തിയാക്കണം. ഒഴിവാക്കിയ തശഹ്ഹുദ് നിർവ്വഹിക്കാനായി അയാൾ മടങ്ങിവരാൻ പാടില്ല. എന്നാൽ അയാൾ അതിന് പകരമായി സലാമിന് മുമ്പ് സഹ്വിൻെറ സുജൂദ് ചെയ്യേണ്ടതാകുന്നു. കാരണം അയാൾ നമസ്കാരത്തിൽ കുറവു വരുത്തിയവനാകുന്നു.

2. ദുഹ്ർ നമസ്കരിക്കുന്ന ഒരാൾ മറന്നുകൊണ്ട് അഞ്ചാ മത്തെ റക്അത്തിലേക്ക് എത്തുകയും തുടർന്ന് അയാൾക്കത് ഓർമ്മവരുകയും ചെയ്താൽ അയാൾ തശഹ്ഹുദിന് വേണ്ടി ഇരിക്കേണ്ടതാകുന്നു. അഞ്ചാമത്തെ റക്അത്ത് അയാൾ പൂർത്തി യാക്കേണ്ടതില്ല. കാരണം അത് അധികമായുള്ളതാകുന്നു. അയാൾ സലാമിന് ശേഷം

സഹ്‌വിൻെറ സുജൂദ് ചെയ്യേണ്ട താണ്. കാരണം അയാൾ നമസ്കാരത്തെ അധികരിപ്പിച്ചിരിക്കുന്നു.

3. ഒരാൾ അസ്വ്ർ നമസ്കാരം മറന്നുകൊണ്ട് മൂന്ന് റക്അത്ത് നമസ്കരിച്ച് മതിയാക്കി. സലാമിന് ശേഷമാണ് അയാൾക്കത് ഓർമ്മവന്നതെങ്കിൽ അയാൾ നാലാമത്തെ റക്അത്തു കൂടി നമസ്കരിക്കേണ്ടതാകുന്നു. തുടർന്ന് സലാ മിന് ശേഷം സഹ്‌വിൻെറ സുജൂദ് നിർവ്വഹിക്കേണ്ടതാണ്. കാരണം അയാൾ മൂന്നാമത്തെ റക്അത്തിന് ശേഷം തശഹ്ഹുദും സലാമും അധികരിപ്പിച്ചിരിക്കുന്നു.

القصر والجمع في الصلاة

# നമസ്കാരം ക്വസ്റും ജംഉം ആക്കി നിർവ്വഹിക്കൽ

1. ദുഹ്ർ, അസ്വ്ർ, ഇശാഅ് എന്നീ നാല് റക്അത്തുള്ള നമസ്കാരങ്ങളെ രണ്ടാക്കി ചുരുക്കി നമസ്കരിക്കുന്നതിനെ യാണ് ക്വസ്ർ ആക്കി നമസ്കരിക്കുക എന്ന് പറയുന്നത്. ഇത് യാത്രക്കിടയിൽ മാത്രമാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. അതാണ് യാത്രക്കാരന് പൂർത്തിയാക്കി നമസ്കരിക്കുന്നതിനേക്കാൾ ശ്രേഷ്ഠകരം.

2. ദുഹ്റും അസ്വ്റും തമ്മിലോ മഗ്‌രിബും ഇശാഉം തമ്മിലോ ഇവയിലൊന്നിൻെറ സമയത്ത് ഒരുമിച്ച് നമസ്കരി ക്കുന്നതിനെയാണ് ജംആക്കി നമസ്കരിക്കുക എന്ന് പറയു ന്നത്. താഴെ പറയുന്ന സന്ദർഭങ്ങളിലാണ് അത് അനുവദ നീയമായിട്ടുള്ളത്.

- യാത്ര
- ജനങ്ങൾക്ക് പള്ളിയിലേക്ക് എത്താൻ ബുദ്ധിമുട്ടനു ഭവിക്കുന്നതരത്തിലുള്ള ശക്തമായ മഴ.
- ജംആക്കാതിരുന്നാൽ അതുമൂഖേന പ്രയാസമനുഭവിക്കുന്ന തരത്തിലുള്ള രോഗം.

3. ജംആക്കി നമസ്കരിക്കുന്ന സന്ദർഭത്തിൽ ഒരു ബാങ്ക് വിളിക്കുകയും ഓരോ നമസ്കാരത്തിനും പ്രത്യേകം ഇക്വാമത്ത് കൊടുക്കുകയും ചെയ്യേണ്ടതാണ്.

صلاة الجمعة

## ജുമുഅ: നമസ്കാരം

1. ജുമുഅ: നമസ്കാരം രണ്ട് റക്അത്താകുന്നു. ഈ രണ്ട് റക്അത്തിലും ഇമാം ഉറക്കെയാണ് ക്വിറാഅത്ത് നടത്തേ ണ്ടത്. ഒന്നാമത്തെ റക്അത്തിൽ സൂറത്തുൽ ഫാത്തിഹ ഓതി ക്കഴിഞ്ഞാൽ സൂറത്തുൽ അഅ്ലായും രണ്ടാമത്തെ റക്അത്തിൽ സൂറത്തുൽ ഫാത്തിഹക്ക് ശേഷം സൂറത്തുൽ ഗാശിയയും അല്ലെങ്കിൽ ഒന്നാമത്തെ റക്അത്തിൽ സൂറത്തുൽ ജുമുഅ:യും രണ്ടാമത്തേതിൽ സൂറത്തുൽ മുനാഫിക്വൂനയും ഓതൽ സുന്ന ത്താകുന്നു.

2. നമസ്കാരത്തിന് മുമ്പായി രണ്ടു ഖുതുബ (പ്രസംഗം) നടത്തൽ ജുമുഅ: നമസ്കാരം ശരിയാവുന്നതിൻെറ നിബന്ധനയിൽ പെട്ടതാകുന്നു. പ്രസ്തുത പ്രസംഗം ശ്രദ്ധിച്ചു കേൾക്കു കയും ആസമയം മൗനം പാലിക്കുകയും ചെയ്യൽ മഅ്മൂമു കൾക്ക് നിർബ്ബന്ധമാകുന്നു. ഇമാം ഖുത്തുബ നിർവ്വഹിക്കുമ്പോൾ മഅ്മൂമുകൾ സംസാരിക്കൽ നിഷിദ്ധമാകുന്നു.

3. ജുമുഅ: നമസ്കാരത്തിന് മുമ്പായി താഴെ പറയുന്ന കാര്യങ്ങൾ പ്രവർത്തിക്കൽ സുന്നത്താക്കപ്പെട്ടതാകുന്നു.

1. കുളിക്കുക
2. ഏറ്റവും നല്ല വസ്ത്രം ധരിക്കുക
3. സുഗന്ധം പൂശുക
4. പള്ളിയിലേക്ക് നേരത്തെ പുറപ്പെടുക
5. നടന്നുകൊണ്ട് പള്ളിയിലേക്ക് പോവുക.

4. ജുമുഅ: ദിവസം സൂറത്തുൽ കഹ്ഫ് പാരായണം ചെയ്യൽ സുന്നത്താകുന്നു[22]. അതുപോലെ പ്രവാചകൻ മുഹമ്മദ് നബിﷺൻെറ പേരിൽ സ്വലാത്തുകൾ വർദ്ധിപ്പിക്കുക എന്നതും സുന്നത്താകുന്നു.

---

[22] (*അബൂസഈദുൽ ഖുദ്രി(റ)യിൽ നിന്ന് നിവേദനം: നബിﷺ പറഞ്ഞിരി ക്കുന്നു “ജുമുഅ: ദിവസം സൂറത്തുൽ കഹ്ഫ് ഓതുന്നവന് അവൻെറയും രണ്ട് ജുമുഅയുടെയും ഇടയിലുള്ള കാലം പ്രകാശത്താൽ പ്രശോഭിതമായിരി ക്കുന്നതാണ്”. ഈ ഹദീസ് ഹാകിം 2/368, ബൈഹഖി 3/249 തുടങ്ങിയവർ ഉദ്ധരിച്ചതും ഹാകിം സ്വഹീഹാക്കിയതും ഇമാം ദഹബി യോജിച്ചതുമാകുന്നു. ശൈഖ് നാസ്വിറുദ്ധീൻ അൽബാനി (റ) തൻെറ ഗ്രന്ഥമായ إرواء الغليل 3/93 ലും ശൈഖ് മുഹമ്മദ് അൽ ഉസൈമീൻ (റ) തൻെറ ഗ്രന്ഥമായ الشرح الممتع على زاد المستقنع 5/120 ലും ഇതിൻെറ സ്വീകാര്യതയെ സംബന്ധിച്ച് വിശദമാക്കിയിട്ടുണ്ട്. - വിവർത്തകൻ)

5. ജനങ്ങൾ പള്ളിയിൽ അണിയണിയായി ഇരിക്കുന്ന സമയത്ത് അവരുടെ ചുമലുകൾ മറികടന്ന് പോകൽ അനുവദനീയമല്ല. സ്വഫ്ഫിൽ വിടവുണ്ടെങ്കിൽ അതിലൂടെ പോകൽ അനുവദനീയമാണ്.

6. ജുമുഅ: നമസ്കാരം പുരുഷന്മാർക്ക് നിർബ്ബന്ധ മാകുന്നു. സ്ത്രീകൾക്കത് നിർബ്ബന്ധമില്ല. എന്നാൽ ഒരു സ്ത്രീ ജുമുഅ: നമസ്കരിക്കുകയാണെങ്കിൽ അവൾക്കത് മതിയാകുന്നതും അവൾ പ്രതിഫലത്തിനർഹയാകുന്നതുമാണ്. അല്ലെങ്കിൽ അവൾ നാല് റക്അത്ത് ദുഹ്ർ നമസ്കരിക്കൽ നിർബ്ബന്ധമാകുന്നു.

7. ഇമാം ഖുതുബ നിർവ്വഹിച്ചുകൊണ്ടിരിക്കെ ആരെങ്കിലും പള്ളിയിലേക്ക് കടന്നുവരുകയാണെങ്കിൽ അവർ ലഘുവായ രണ്ടുറക്അത്ത് തഹിയ്യത്ത് നമസ്കരിച്ചതിന് ശേഷമേ ഇരിക്കാവൂ.

8. ആർക്കെങ്കിലും ജുമുഅ: നമസ്കാരത്തിൽ നിന്ന് ഒരു റക്അത്ത് നഷ്ടമായാൽ ഇമാം സലാം വീട്ടിയതിന് ശേഷം അവൻ നഷ്ടപ്പെട്ട ഒരു റക്അത്ത് നമസ്കരിക്കേണ്ടതാകുന്നു. ഇമാം രണ്ടാമത്തെ റക്അത്തിലുള്ള സുജൂദിലായിരിക്കുമ്പോൾ വരുന്ന ഒരാളെപ്പൊലെ ആർക്കെങ്കിലും രണ്ട് റക്അത്ത് നഷ്ട പ്പെട്ടാൽ അവൻ ഇമാമിൻെറ സലാമിന് ശേഷം നാല് റക്അത്ത് നമസ്കരിക്കേണ്ടതാകുന്നു.

9. ആർക്കെങ്കിലും ജുമുഅ: നമസ്കാരം നഷ്ടപ്പെട്ടാൽ അവൻ അതിന് പകരമായി നാല് റക്അത്ത് ദുഹ്ർ നമസ്കരിക്കേണ്ടതാകുന്നു.

صلاة العيدين

## രണ്ട് പെരുന്നാൾ നമസ്കാരങ്ങൾ

1. ഈദുൽ ഫിത്വ്റിനും (ഫിത്വ്ർ പെരുന്നാൾ) ഈദുൽ അദ്ഹക്കും (ബലി പെരുന്നാൾ) നമസ്കാരം നിർവ്വഹിക്കൽ മതം അനുശാസിക്കുന്ന കാര്യമാകുന്നു.

2. അതിൻെറ സമയം സൂര്യൻ ഉദിച്ചുയർന്നതു മുതൽ (അതായത് സൂര്യോദയത്തിന് ശേഷം കാൽമണിക്കൂർ കഴിഞ്ഞതു മുതൽ) സൂര്യൻ മദ്ധ്യാഹ്നത്തിൽ നിന്ന് തെറ്റുന്നതിന് തൊട്ടു മുമ്പ് വരെയാകുന്നു. (അതായത് ദുഹ്ർ നമസ്കാരത്തിൻെറ സമയമാകുന്നതിന് പത്ത് മിനിട്ട് മുമ്പ് വരെ)

3. പെരുന്നാൾ നമസ്കാരത്തിന് ബാങ്കും ഇക്വാമത്തും ഇല്ല. അത് രണ്ട് റക്അത്ത് നമസ്കാരമാകുന്നു. ഒന്നാമത്തെ റക്അത്തിൽ ഏഴ് തക്ബീറുകളും രണ്ടാമത്തെ റക്അത്തിൽ അഞ്ച് തക്ബീറുകളും ചൊല്ലേണ്ടതാകുന്നു.[23]

4. ഇമാം ഈ റക്അത്തുകളിൽ ഉറക്കെയാണ് പാരായണം നടത്തേണ്ടത്. ഒന്നാമത്തെ റക്അത്തിൽ സൂറത്തുൽ ഫാത്തിഹ ഓതിക്കഴിഞ്ഞാൽ സൂറത്തുൽ അഅ്ലായും രണ്ടാമത്തെ റക്അത്തിൽ സൂറത്തുൽ ഫാത്തിഹക്ക് ശേഷം സൂറത്തുൽ ഗാശിയയും അല്ലെങ്കിൽ ഒന്നാമത്തെ റക്അത്തിൽ സൂറത്തുൽ ക്വാഫും രണ്ടാമത്തേതിൽ സൂറത്തുൽ ക്വമറും ഓതൽ സുന്നത്താകുന്നു.

5. ഇമാം നമസ്കാരത്തിന് ശേഷം ഖുതുബ നിർവ്വഹിക്കേണ്ടതാകുന്നു.

6. ഈദിൻെറ ഖുതുബക്കായി ഇരിക്കലും അത് ശ്രദ്ധിക്കലും നിർബ്ബന്ധമല്ലെങ്കിലും സുന്നത്തായ കാര്യമാകുന്നു.

---

23 (*ഈ തക്ബീറുകൾക്കിടയിൽ പ്രത്യേകമായ ദിക്റുകളോ പ്രാർത്ഥനകളോ നബിﷺയിൽ നിന്നും സ്വഹീഹായി ഉദ്ധരിക്കപ്പെട്ടിട്ടില്ല- വിവ:)

صلاة الإستسقاء

## മഴക്ക് വേണ്ടിയുള്ള നമസ്കാരം

1. മഴ ഇല്ലാതെവരികയും ഭൂമി വറ്റിവരണ്ടുപോവുകയും ചെയ്യുന്ന സന്ദർഭത്തിൽ മഴ ലഭിക്കാനായി നമസ്കരിക്കുക എന്നത് സുന്നത്താക്കപ്പെട്ടതാകുന്നു.

2. മഴക്ക് വേണ്ടിയുള്ള നമസ്കാരത്തിൻെറ സമയവും അതിൻെറ രൂപവും പെരുന്നാൾ നമസ്കാരത്തിൻേറത് തന്നെ യാകുന്നു.

3. ഇമാം ആദ്യം നമസ്കാരമാണ് നിർവ്വഹിക്കേണ്ടത്. പിന്നെ മിമ്പറിൽ (പ്രസംഗ പീഠം) കയറി ഒരു ഖുതുബ നിർവ്വഹിക്കണം. അതിൽ തൻെറ കൈകൾ ഉയർത്തി മഴക്ക് വേണ്ടി പ്രാർത്ഥിക്കണം.

4. പിന്നീട് തൻെറ മേൽമുണ്ട് മറിക്കുകയും ക്വിബ്ലക്ക ഭിമുഖമായി നിന്ന് കൈകളുയർത്തി അല്ലാഹുവിനോട് മഴക്കായി പ്രാർത്ഥിക്കുകയും ചെയ്യണം. ജനങ്ങളും അവരുടെ മേൽമുണ്ട് മറിക്കുന്നതിലും പ്രാർത്ഥിക്കുന്നതിലും കൈകളുയർ ത്തുന്നതിലും ഇമാമിനെപ്പോലെത്തന്നെ ചെയ്യേണ്ടതാകുന്നു.

5. ഖുതുബയെ നമസ്കാരത്തെക്കാൾ മുന്തിക്കൽ ഇമാമിന് അനുവദനീയമാണ്.

صلاة الكسوف

## ഗ്രഹണ നമസ്കാരം

1. സൂര്യനോ, ചന്ദ്രനോ ഭാഗികമായോ അല്ലെങ്കിൽ പൂർണ്ണ മായോ മറക്കപ്പെടുന്നതാണ് ഗ്രഹണം. പൗർണ്ണമി ദിനത്തിലായിരിക്കും ചന്ദ്രഗ്രഹണമുണ്ടാവുക[24]. അമാവാസി ദിനത്തിലായിരിക്കും സൂര്യഗ്രഹണമുണ്ടാവുക[25]

---

[24] കുറിപ്പ്: [1] ചന്ദ്രഗ്രഹണം: ചന്ദ്രൻ ഭൂമിയെ വലംവയ്ക്കുന്ന ഘട്ടത്തിൽ ചിലപ്പോൾ ഭൂമി ചന്ദ്രൻെറയും സൂര്യൻെറയും ഇടക്ക് വരികയും സൂര്യ പ്രകാശം ചന്ദ്രനിൽ പതിക്കുന്നതിന് ഭൂമി മറയായിത്തീരുകയും ചെയ്യുന്നു. ഈ അവസ്ഥക്കാണ് ചന്ദ്രഗ്രഹണം എന്നു പറയുന്നത്.

2. സൂര്യഗ്രഹണവും ചന്ദ്രഗ്രഹണവും അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളിൽ രണ്ടെണ്ണമാകുന്നു. അതുമുഖേന അല്ലാഹു തൻെറ ദാസന്മാർക്ക് മുന്നറിയിപ്പ് നൽകുകയാകുന്നു. അതവർക്ക് പാപങ്ങൾ വെടിയാനും അല്ലാഹുവിലേക്ക് മടങ്ങാ നുമുള്ള ഒരു ദൃഷ്ടാന്തമാണ്. ഗ്രഹണം ബോധ്യമായാൽ ഉടൻതന്നെ അവർ നമസ്കരിക്കേണ്ടതാകുന്നു.

3. ഗ്രഹണ നമസ്കാരത്തിനായി الصلاة جامعة എന്ന് വിളിച്ച് പറയേണ്ടതാകുന്നു.

4. ഗ്രഹണ നമസ്കാരം രണ്ട് റക്അത്താകുന്നു. ഓരോ റക്അത്തിലും രണ്ട് ക്വിയാമും, രണ്ട് റുകൂഉം, രണ്ട് സുജൂദും നിർവ്വഹിക്കേണ്ടതാകുന്നു. ഇമാം ഇതിൽ ഉറക്കെയാണ് പാരായണം നടത്തേണ്ടത്. സൂറത്തുൽ ഫാത്തിഹാക്ക് ശേഷം ഇമാം ദീർഘമായി സൂറത്തോതണം. അതിന് ശേഷം ദീർഘമായി റുകൂഅ് ചെയ്യണം. പിന്നെ سَمِعَ اللهُ لِمَنْ حَمِدَهُ എന്ന് പറഞ്ഞ് നിവർന്ന് നിൽക്കുകയും رَبَّنَا وَلَكَ الحَمْدُ എന്ന് പറയുകയും ചെയ്യുക. തുടർന്ന് പിന്നെയും ഇമാം സൂറത്തുൽ ഫാത്തിഹയും ദീർഘമായ സൂറത്തും ഓതുക. അതുകഴിഞ്ഞ് രണ്ടാമതും റുകൂഅ് ചെയ്യുക. പിന്നെ റുകൂ ഇൽ നിന്നുയർന്ന് ദീർഘമായി രണ്ട് സുജൂദുകൾ നിവ്വഹി ക്കുക. അതുകഴിഞ്ഞ് ഒന്നാമത്തെ റക്അത്തുപോലെ രണ്ടാമത്തെ റക്അത്തും നമസ്കരിക്കുക. രണ്ടാമത്തെ റക്അത്ത് ഒന്നാമത്തെ റക്അത്തിനെക്കാൾ ദൈർഘ്യം കുറക്കേണ്ടതാകുന്നു.

5. നമസ്കാരശേഷം ഇമാം ജനങ്ങളോട് പ്രസംഗിക്കുകയും അതിൽ അവർക്ക് സാരോപദേശം നൽകുകകയും ചെയ്യേണ്ടതാകുന്നു.

صلاة الجنازة

## <u>മയ്യിത്തിന് വേണ്ടിയുള്ള നമസ്കാരം</u>

1. മയ്യിത്ത് നമസ്കാരത്തിൻെറ ചുരുങ്ങിയരൂപം ഇനി പറയും പോലെയാകുന്നു. നിന്ന് കൊണ്ട് നാല് തക്ബീർ ചൊല്ലുകയും പിന്നീട് സലാം വീട്ടുകയും ചെയ്യേണ്ടതാകുന്നു.

---

[25] സൂര്യഗ്രഹണം: ചന്ദ്രൻ ഭൂമിയെ വലംവെക്കുമ്പോൾ ചില ഘട്ടങ്ങളിൽ ഭൂമിയുടെയും സൂര്യൻെറയും ഇടക്കായി വരുന്നു. ആ സമയത്ത് ചന്ദ്രൻെറ മറ കാരണം സൂര്യപ്രകാശം ഭൂമിയിൽ പതിക്കാതാവുന്നു. ചന്ദ്രൻെറ മറവിന്ന നുസരിച്ച് പ്രകാശത്തിൻെറ പതനമില്ലായ്മ ഭൂമിയിൽ ഭാഗികമായോ പൂർണ്ണമായോ ഉണ്ടാവുന്നു. ഈ പ്രതിഭാസത്തിനാണ് സൂര്യഗ്രഹണം എന്നു പറ യുന്നത്. ഭൂമിയിൽ നിന്ന് ആ സമയത്ത് നോക്കുമ്പോൾ സൂര്യനെ കാണാൻ കഴിയുകയില്ല. (വിവർത്തകൻ)

2. കൈകളുയർത്തി ഒന്നാമത്തെ തക്ബീർ ചൊല്ലിയതിന് ശേഷം സൂറത്തുൽ ഫാത്തിഹ ഓതുക.

3. പിന്നെ രണ്ടാമത്തെ തക്ബീർ ചൊല്ലിയതിന് ശേഷം പ്രവാചകൻ മുഹമ്മദ് നബിﷺയുടെമേൽ സ്വലാത്ത് ചൊല്ലുക. നമസ്കാരത്തിൽ അവസാനത്തെ തശഹ്ഹുദിലുള്ളതുപോലെ പരിപൂർണ്ണമായ സ്വലാത്ത് ചൊല്ലലാണ് ഏറ്റവും ശ്രേഷ്ഠകര മായത്.

4. മൂന്നാമത്തെ തക്ബീർ ചൊല്ലിയതിന് ശേഷം ആത്മാർ ത്ഥമായി മയ്യിത്തിന് വേണ്ടി പാപമോചനവും കാരുണ്യവും ചോദിച്ച് കൊണ്ട് പ്രാർത്ഥിക്കുക. നബിﷺയിൽ നിന്ന് സ്ഥിരപ്പെട്ടുവന്ന പ്രാർത്ഥന നടത്തുകയാണ് ശ്രേഷ്ഠകരമായത്. അത്തരം പ്രാർത്ഥനകളിൽപെട്ടത് താഴെ പറയുന്നു.

اللّهُمَّ اغْفِرْ لِحَيِّنَا وَمَيِّتِنَا وَشَاهِدِنَا وَغَائِبِنَا وَصَغِيرِنَا وَكَبِيرِنَا وَذَكَرِنَا وَأُنْثَانَا اللّهُمَّ مَنْ أَحْيَيْتَهُ مِنَّا فَأَحْيِهِ عَلَى الإِسْلاَمِ وَمَنْ تَوَفَّيْتَهُ مِنَّا فَتَوَفَّهُ عَلَى الإِيمَانِ اللّهُمَّ لاَ تَحْرِمْنَا أَجْرَهُ وَلاَ تُضِلَّنَا بَعْدَهُ.

(അർത്ഥം: “അല്ലാഹുവേ ഞങ്ങളിൽ ജീവിച്ചിരിക്കുന്നവർക്കും മരണപ്പെട്ടവർക്കും ഹാജറുള്ളവർക്കും ഹാജരില്ലാത്തവർക്കും ഞങ്ങളിൽ വലിയവർക്കും ചെറിയവർക്കും പുരുഷനും സ്ത്രീക്കും നീ പൊറുത്ത് തരേണമേ. അല്ലാഹുവേ, നീ ഞങ്ങളിൽ ആരെ ജീവിപ്പിക്കുന്നുവോ അവരെ ഇസ്ലാമിലായി ജീവിപ്പി ക്കുകയും ഞങ്ങളിൽ നിന്ന് ആരെ മരിപ്പിക്കുന്നുവോ അവരെ ഈമാനോടെ മരിപ്പിക്കുകയും ചെയ്യേണമേ. അല്ലാഹുവേ, ഇദ്ദേഹത്തിൻെറ പേരിലുള്ള പ്രതിഫലം ഞങ്ങൾക്ക് നീ നിഷേധിക്കരുതേ. ഇദ്ദേഹത്തിന് ശേഷം നീ ഞങ്ങളെ വഴി തെറ്റിക്കുകയും ചെയ്യരുതേ.)

اللّهُمَّ اغْفِرْلَهُ وَارْحَمْهُ وَعَافِهِ وَاعْفُ عَنْهُ وَأَكْرِمْ نُزُلَهُ وَوَسِّعْ مَدْخَلَهُ وَاغْسِلْهُ بِالْمَاءِ وَالثَّلْجِ وَالْبَرَدِ وَنَقِّهِ مِنَ الْخَطَايَا كَمَا يُنَقيَّ الثَّوْبُ الأَبْيَضُ مِنَ الدَّنَسِ وَأَبْدِلْهُ دَاراً خَيْراً مِنْ دَارِهِ وَأَهْلاً خَيْراً مِنْ أَهْلِهِ وَزَوْجاً خَيْراً مِنْ زَوْجِهِ وَأَدْخِلْهُ الْجَنَّةَ وَأَعِذْهُ مِنْ عَذَابِ الْقَبْرِ وَمِنْ عَذَابِ النَّارِ.

(അർത്ഥം: അല്ലാഹുവേ, അദ്ദേഹത്തിന് നീ പൊറുത്ത് കൊടുക്കുകയും കരുണ ചെയ്യുകയും സൗഖ്യം നൽകുകയും മാപ്പ് കൊടുക്കുകയും ചെയ്യേണമേ. അദ്ദേഹത്തിൻെറ ആതിഥ്യം ആദരപൂർവ്വമാക്കേണമേ. അദ്ദേഹത്തിൻെറ പ്രവേശന സ്ഥലം വിശാലമാക്കേണമേ. വെള്ളം, മഴ, ഹിമം എന്നിവ കൊണ്ട് അദ്ദേഹത്തെ കഴുകി ശുദ്ധിയാക്കേണമേ. വെള്ളവസ്ത്രം അഴുക്കിൽ നിന്ന് ശുദ്ധീകരിക്കുന്നതുപോലെ അദ്ദേഹത്തെ പാപങ്ങളിൽ നിന്ന് ശുദ്ധിയാക്കേണമേ. അദ്ദേഹത്തിൻെറ ഭവ നത്തേക്കാൾ ഉത്തമ ഭവനവും കുടുംബത്തേക്കാൾ ഉത്തമ കുടുംബവും ഇണയെക്കാൾ ഉത്തമമായ ഇണയെയും അദ്ദേ ഹത്തിന് നീ നൽകേണമേ. അദ്ദേഹത്തെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കേണമേ. ഖബർ ശിക്ഷയിൽ നിന്നും നരക ശിക്ഷയിൽ നിന്നും അദ്ദേഹത്തെ നീ കാത്ത് രക്ഷിക്കേണമേ.)

5. പിന്നെ നാലാമത്തെ തക്ബീർ ചൊല്ലുകയും അതിൽ വലതുവശത്തേക്ക് സലാം വീട്ടുകയും ചെയ്യുക.[26]

صلاة التطوع

## സുന്നത്ത് നമസ്കാരങ്ങൾ

### റവാത്വിബ് സുന്നത്തുകൾ ( السنن الرواتب )

1. റവാത്വിബ് സുന്നത്തുകൾ പന്ത്രണ്ട് റക്അത്തുകളാ കുന്നു. അതായത് ഫജ്ർ നമസ്കാരത്തിന് മുമ്പ് രണ്ട് റക്അത്ത്, ദുഹ്റിന് മുമ്പ് നാല് റക്അത്ത്,[27] ദുഹ്റിന് ശേഷം രണ്ട് റക്അത്ത്, മഗ്രിബിന് ശേഷം രണ്ട് റക്അത്ത്, ഇശാഇന് ശേഷം രണ്ട് റക്അത്ത്.

2. റവാത്വിബ് നമസ്കാരങ്ങൾ പള്ളികളേക്കാൾ വീട്ടിൽ വെച്ച് നമസ്കരിക്കലാകുന്നു ശ്രേഷ്ഠകരം.

3. ഈ നമസ്കാരങ്ങളിൽ നിന്നേതെങ്കിലും നഷ്ടപ്പെട്ടു പോയാൽ അത് ഖദാഅ് വീട്ടൽ അനുവദനീയമാണ്.

---

[26] അബ്ദുല്ലാഹിബ്നു മസ്ഊദ് ﷺ റിപ്പോർട്ട് ചെയ്തതും ബൈഹഖ്വി ഉദ്ധരിച്ചതുമായ ഹദീസിൻെറ അടിസ്ഥാനത്തിൽ രണ്ട് സലാം വീട്ടുന്ന രീതിയും സ്ഥിരപ്പെട്ടിട്ടുണ്ട്. രണ്ട് രൂപവും അനുവദനീയമാണ്. ശൈഖ് നാസ്വിറുദ്ദീൻ അൽബാനിയുടെ أحكام الجنائز പേജ് 162 നോക്കുക.- വിവ:)

[27] രണ്ട് റക്അത്ത് നമസ്കരിച്ച് സലാം വീട്ടിയ ശേഷം രണ്ട് റക്അത്ത് വീണ്ടും നമസ്കരിക്കുക അങ്ങനെയാണ് നാല് റക്അത്ത് നമസ്കരി ക്കേണ്ടത്

4. യാത്രാവേളകളിൽ ഫജ്റിൻെറ റവാത്വിബല്ലാത്ത മറ്റെല്ലാ റവാത്വിബുകളും ഒഴിവാക്കൽ സുന്നത്താണ്. (എന്നാൽ അതല്ലാത്ത മറ്റ് സുന്നത്തു നമസ്കാരങ്ങളിൽ യാത്രക്കാരനും നാട്ടിൽ താമസിക്കുന്നവനുമിടയിൽ വ്യത്യാസമില്ല.)

5. ജുമുഅ: നമസ്കാരത്തിന് ശേഷം രണ്ട് റക്അത്തോ അല്ലെങ്കിൽ നാല് റക്അത്തോ[28] സുന്നത്ത് നമസ്കരിക്കൽ സുന്നത്താകുന്നു.

## <u>രാത്രിനമസ്കാരവും വിത്വ്റും (صلاة الليل و الوتر)</u>

1. വിത്ർ നമസ്കാരത്തിൻെറയും രാത്രി നമസ്കാരത്തിൻെറയും സമയം ഇശാനമസ്കാരശേഷം മുതൽ പ്രഭാതോ ദയം വരെയാകുന്നു.

2. രാത്രിനമസ്കാരത്തിൻെറ രൂപം: ഇത് ഈരണ്ട് റക്അ ത്തായിട്ടാണ് നിർവ്വഹിക്കേണ്ടത്. അതായത് ഓരോ ഈരണ്ട് റക്അത്ത് നമസ്കരിച്ചതിന്ശേഷം സലാം വീട്ടേണ്ടതാകുന്നു. പിന്നെ വിത്വ്ർ നമസ്കരിക്കേണ്ടതാകുന്നു. വിത്വ്ർ നമസ്കാരത്തിൽ ഏറ്റവും ചുരുങ്ങിയത് ഒരു റക്അത്തും ഏറ്റവും കൂടിയാൽ പതിനൊന്ന് റക്അത്തുമാകുന്നു. മൂന്ന് റക്അത്തുകളെക്കൊണ്ടാണ് അധികമായും നബിﷺ വിത്ർ നമസ്കരിച്ചിരു ന്നത്. ഇതിൽ ഒന്നാമത്തെ റക്അത്തിൽ ഫാത്തിഹക്ക് ശേഷം സൂറത്തുൽ അഅ്ലായും രണ്ടാമത്തെ റക്ത്തിൽ സൂറത്തുൽ കാഫിറൂനയും ആണ് ഓതിയിരുന്നത്. രണ്ട് റക്അത്ത് കഴിഞ്ഞ് സലാം വീട്ടും. പിന്നെ ഒരു റക്അത്ത് മാത്രമായി നമസ്കരിക്കും. അതിൽ ഫാത്തിഹക്ക് ശേഷം സൂറത്തുൽ ഇഖ്ലാസ്വുമാണ് ഓതിയിരുന്നത്.

3. രാത്രി നമസ്കാരവും വിത്വ്റും പതിനൊന്ന് റക്അത്തിനെക്കാൾ അധികരിപ്പിക്കാതിരിക്കലാണ് സുന്നത്ത്. എന്നാൽ അതിനെക്കാൾ വർദ്ധിപ്പിക്കുന്നതിൽ തകരാറില്ല.[29]

4. വിത്വ്ർ നമസ്കാരത്തിൽ ഖുനൂത്ത് ഓതലും ഇടക്ക് അതൊഴിവാക്കലും സുന്നത്താകുന്നു. ഖുനൂത്ത് ഓതേണ്ടത് റുകൂഇന് മുമ്പാണ്. എന്നാൽ റുകൂഇന് ശേഷവും അതോതാവുന്നതാണ്.

---

[28] രണ്ട് റക്അത്ത് നമസ്കരിച്ച് സലാം വീട്ടിയ ശേഷം രണ്ട് റക്അത്ത് വീണ്ടും നമസ്കരിക്കുക അങ്ങനെയാണ് നാല് റക്അത്ത് നമസ്കരിക്കേണ്ടത്)

[29] (കുറിപ്പ് [1]നബിﷺ റമദാനിലാകട്ടെ അല്ലാത്തപ്പോഴാകട്ടെ രാത്രി നമസ്കാരം പതിനൊന്ന് റക്അത്തിനെക്കാൾ വർദ്ധിപ്പിക്കാറില്ലായിരുന്നു എന്നകാര്യം സത്യ വിശ്വാസികളുടെ മാതാവ് ആഇശ റദിയല്ലാഹു അൻഹായിൽ നിന്നും ഇമാം ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ പ്രവാചക സുന്നത്ത് അതേപടി പിൻതുടരലാകുന്നു നമുക്ക് ഏറ്റവും അനുയോജ്യമായത്. -വിവ:)

5. വിത്്റിൻെറ ക്വുനൂത്തിൽ ഇപ്രകാരമോതൽ സുന്നത്താണ്.

اللّٰهُمَّ اهْدِنِي فِيمَنْ هَدَيْتَ وَعَافِنِي فِيمَنْ عَافَيْتَ وَتَوَلَّنِي فِيمَنْ تَوَلَّيْتَ وَبَارِكْ لِي فِيمَا أَعْطَيْتَ وَقِنِي شَرَّ مَا قَضَيْتَ إِنَّكَ تَقْضِي

وَلاَ يُقْضَى عَلَيْكَ وَإِنَّهُ لاَ يَذِلُّ مَنْ وَالَيْتَ وَلاَ يَعِزُّ مَنْ عَادَيْتَ تَبَارَكْتَ رَبَّنَا وَتَعَالَيْتَ [30]

(അർത്ഥം: അല്ലാഹുവേ, നീ സന്മാർഗ്ഗത്തിലാക്കിയവരോടൊപ്പം എന്നെയും നീ സന്മാർഗ്ഗത്തിലാക്കേണമേ, നീ ആശ്വാസം നൽകി യവരോടൊപ്പം എനിക്കും ആശ്വാസം നൽകേണമേ, നീ സംരക്ഷണത്തിലെടുത്തവരോടൊപ്പം എന്നെയും സംരക്ഷണത്തിലെടുക്കേ ണമേ, നീ നൽകിയിട്ടുള്ളതിൽ എനിക്ക് നീ അനുഗ്രഹം നൽകേണമേ, നീ വിധിച്ചിട്ടുള്ളതിൻെറ നാശത്തിൽ നിന്ന് എന്നെ നീ കാത്തുരക്ഷിക്കേണമേ, എന്തുകൊണ്ടെന്നാൽ നീയാണ് വിധിക്കുന്നത്. നിനക്കെതിരിൽ വിധിയില്ല. തീർച്ചയായും നിൻെറ മൈത്രിക്ക് പാത്രീഭൂതനായവൻ നിന്ദ്യനാവുകയില്ല. നിൻെറ

ശത്രുതക്കിരയായവൻ പ്രതാപിയാവുകയുമില്ല. ഞങ്ങളുടെ നാഥാ, നീ അപാരമായ അനുഗ്രഹങ്ങളുടെ ഉടമയും അത്യുന്നതനുമാകുന്നു.)

---

[30] ഹസൻﷺന് വിത്ർ നമസ്കാരത്തിലെ ഖുനൂത്തിൽ പ്രാർത്ഥിക്കാൻ നബിﷺ പഠിപ്പിച്ച് കൊടുത്ത പ്രാർത്ഥനയാണ് മുകളിൽ കൊടുത്തിരിക്കുന്നത്. അഹ്മദ് 1/199-200, അബൂദാവൂദ് 1422, തിർമിദി 463, നസാഇ 1744, ഇബ്നുമാജ:1178, ഹാകിം 3/172, തുടങ്ങി ധാരാളം പേർ ഈ ഹദീസ് ഉദ്ധരിച്ചിട്ടുണ്ട്. ഈ ഹദീസ് ഹസനാണെന്നും ഇതിനെക്കാൾ നല്ലതായ മറ്റൊന്നും ഖുനൂത്തിൻെറ വിഷയത്തിൽ നബിയിൽ നിന്നറിയപ്പെടുന്നില്ലെന്നും തിർമിദി രേഖപ്പെടുത്തിയിരിക്കുന്നു. ഇമാം നവവി (റ) ഇതിൻെറ നിവേദക പരമ്പര സ്വഹീഹോ അല്ലെങ്കിൽ ഹസനോ ആണെന്ന് പറഞ്ഞിട്ടുണ്ട്. റുകൂഇന് മുമ്പോ, പിമ്പോ നബിﷺ വിത്റിൽ ഖുനൂത്ത് ഓതിയതായി യാതൊന്നും സ്ഥിരപ്പെട്ടുവന്നിട്ടില്ലെന്ന് ഇമാം അഹ്മദ് അഭിപ്രാ യപ്പെട്ടിരിക്കുന്നു. ശൈഖ് അൽബാനി(റ) ഈ ഹദീസ് സ്വഹീഹായി അംഗീകരി ച്ചിട്ടുണ്ട് الإرواء 2/172ൽ 429-ാമത്തെ ഹദീസ് നോക്കുക. ഈ വിഷയത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. മേൽ സൂചിപ്പിച്ച ഹദീസിനെ സംബന്ധിച്ചും പണ്ഡിതന്മാർക്ക് ഭിന്നാഭിപ്രായമുണ്ട്. അതിൽ ഒരു കാരണം റസൂൽﷺ മരിക്കുമ്പോൾ ഹസൻﷺന് എട്ട് വയസ്സ് മാത്രമേ പ്രായമു ണ്ടായിരുന്നുള്ളൂ എന്നതാണ്. എന്നാൽ ഇതിനെ ഖണ്ഡിക്കുന്നവരുടെ ന്യായം ഈ പ്രായത്തിലും പഠനവും ഹൃദിസ്ഥമാക്കലും കഴിയുന്ന കാര്യമാണ്. അതിന് തെളിവായി അംറുബിൻ സലമത്ത് അൽ ജർമി ആറോ ഏഴോ വയസ്സ് പ്രായ മുള്ളപ്പോൾ ജനങ്ങൾക്ക് ഇമാമായി നമസ്കരിച്ചു എന്ന ഇമാം ബുഖാരി യുടെ- 4302- ഹദീസ് ഉദ്ധരിക്കുന്നു. والله أعلم ശൈഖ് ഇബ്നുഉസൈമീൻെറ الشرح الممتع على زاد المستقنع 4/26-27 പേജുകൾ നോക്കുക. - വിവർത്തകൻ)

ഇതിൽ അധികരിപ്പിക്കുന്നതിനോ അല്ലെങ്കിൽ മറ്റേതെങ്കിലും പ്രാർത്ഥന നടത്തുന്നതിനോ തകരാറില്ല.

6. ഒരു രാത്രി രണ്ട് വിത്വ്ർ നമസ്കാരം നിർവ്വഹിക്കൽ അനുവദനീയമല്ല.

7. രാത്രിനമസ്കാരത്തിൻെറ അവസാനത്തിൽ വിത്വ്ർ നമസ്കരിക്കലാണ് ശ്രേഷ്ഠകരം. എന്നാൽ വിത്വ്ർ (ഒറ്റയാക്കി) നമസ്കരിച്ചതിന് ശേഷം രണ്ട്റക്അത്ത് (ഇരട്ടയാക്കി) നമസ്ക രിക്കുന്നതിന് കുഴപ്പമില്ല.

8. രാത്രിനമസ്കാരവും വിത്വ്ർ നമസ്കാരവും റമദാനി ലൊഴികെ വീട്ടിൽ വെച്ച് നമസ്കരിക്കുന്നതാണ് ശ്രേഷ്ഠകരം. റമദാനിലാകട്ടെ അത് പള്ളിയിൽ ജമാഅത്തായി നമസ്കരി ക്കലാണ് ശ്രേഷ്ഠകരം. ഈ നമസ്കാരത്തെയാണ് തറാവീഹ് എന്ന് വിളിക്കുന്നത്.

9. വിത്ർ നമസ്കാരം പ്രബലമായ സുന്നത്താകുന്നു. കാരണം നബിﷺ നാട്ടിലായിരിക്കുമ്പോഴോ, യാത്രയിലായിരി ക്കുമ്പോഴോ ഇത് ഒഴിവാക്കിയിട്ടില്ല. അതിനാൽ ഒരു വിശ്വാസി അതിൽ ഉപേക്ഷവരുത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതാകുന്നു.

<u>ള്ളുഹാ നമസ്കാരം (صلاة الضحى)</u>

1. ള്ളുഹാ നമസ്കാരം രണ്ട് റക്അത്തോ അതിൽ അധി കരിച്ചതോ ആണ്. ഓരോ ഈ രണ്ട് റക്അത്തിന് ശേഷം സലാം വീട്ടേണ്ടതാകുന്നു. അത് നബിﷺ പ്രോൽസാഹിപ്പിച്ച സുന്നത്തു നമസ്കാരത്തിൽ പെട്ടതാകുന്നു.

2. അതിൻെറ സമയം സൂര്യൻ ഉദിച്ചുയർന്നതു മുതൽ (അതായത് സൂര്യോദയത്തിന് ശേഷം കാൽമണിക്കൂർ കഴിഞ്ഞ തുമുതൽ) സൂര്യൻ മദ്ധ്യാഹ്നത്തിൽ നിന്ന് തെറ്റുന്നതിന് തൊട്ടുമുമ്പ് വരെയാകുന്നു. (അതായത് ദുഹ്ർ നമസ്കാര ത്തിൻെറ സമയമാകുന്നതിന് പത്ത് മിനിട്ട് മുമ്പ് വരെ).

**ഇസ്തിഖാറ: നമസ്കാരം[31] (ഉത്തമമായത് തെരഞ്ഞെടുക്കു ന്നതിനുള്ള നമസ്കാരം) (صلاة الإستخارة)**

യാത്രപോകൽ, പാർപ്പിടം വാങ്ങൽ, ജോലിയിലേർപ്പെടൽ, കച്ചവടത്തിൽ ഏർപ്പെടൽ, വിവാഹം ചെയ്യൽ, വിവാഹ ബന്ധം വേർപെടുത്തൽ തുടങ്ങിയ ഏതെങ്കിലും ഒരുകാര്യം പ്രവൃത്തിക്കാൻ ഒരു മുസ്ലിം ഉദ്ദേശിക്കുന്ന സമയത്ത് (അതിൽ ഒരു തീരുമാനത്തിലെത്താൻ വേണ്ടി -വിവ:) രണ്ട് റക്അത്ത് നമസ്കരിക്കുകയും ശേഷം നബിﷺ തന്റെ അനുചരന്മാർക്ക് പഠിപ്പിച്ചു കൊടുത്തതുപോലെ പ്രാർത്ഥിക്കുകയും ചെയ്യാൻ മതം പഠിപ്പിക്കുന്നു. ജാബിർബിൻ അബ്ദില്ലﷺയിൽ നിന്ന് ഇമാം ബുഖാരി ഉദ്ധരിക്കുന്നു. അദ്ദേഹം പറയുന്നു: “ക്വുർആനിലെ സൂറത്ത് പഠിപ്പിച്ചു തരുന്നതുപോലെ നബിﷺ തന്റെ അനുചരന്മാരെ എല്ലാ കാര്യങ്ങളിലും ഇസ്തിഖാറത്ത് (ഗുണകരമായതിനെ തേടൽ) നടത്തേണ്ടത് എങ്ങനെയാണെന്ന് പഠിപ്പിച്ചു തന്നിരിക്കുന്നു. അവിടുന്നു പറഞ്ഞു: “നിങ്ങളിലൊരാൾ ഒരു കാര്യം ചെയ്യാൻ ഉദ്ദേശിച്ചാൽ നിർബ്ബന്ധമല്ലാത്ത രണ്ട് റക്അത്ത് നമസ്കാരം നിർവ്വഹിക്കുകയും ശേഷം ഇപ്രകാരം പ്രാർത്ഥിക്കുകയും ചെയ്യട്ടെ.”

اللّهُمَّ إِنِّي أَسْتَخِيرُكَ بِعِلْمِكَ وَأَسْتَقْدِرُكَ بِقُدْرَتِكَ وَأَسْأَلُكَ مِنْ فَضْلِكَ فَإِنَّكَ تَقْدِرُ وَلا أَقْدِرُ وَتَعْلَمُ وَلا أَعْلَمُ وَأَنْتَ عَلاَّمُ الْغُيُوب. اللّّهُمَّ فَإِنْ كُنْتَ تَعْلَمُ هَذَا الأَمْرَ (ثم يسميه بعينه)[32] خَيْراً لِي فِي عَاجِلِ أَمْرِي وَآجِلِهِ[2] (دِينِي وَمَعَاشِي وَعَاقِبَةِ أَمْرِي) فَاقْدُرْه لِي

---

31 ( [1]കുറിപ്പ്: ഒരാൾക്ക് ഒരു കാര്യം ചെയ്യണോ വേണ്ടയോ എന്ന് മനസ്സിൽ തീരുമാനമാകുന്നില്ലെങ്കിൽ രണ്ട് റക്അത്ത് സുന്നത്ത് നമസ്കരിച്ച് ഏകാഗ്രമായ മനസ്സോടെ അതിനായുള്ള പ്രാർത്ഥന നിർവ്വഹിക്കുക. ഈ നമസ്കാരത്തി നാണ് സ്വലാത്തുൽ ഇസ്തിഖാറത്ത് അഥവാ ഉത്തമമായതേതെന്ന് ചോദിക്കു വാനുള്ള നമസ്കാരം എന്ന് പറയുന്നത്. -വിവ:)

32 ബ്രായ്ക്കറ്റിൽ അടിവരയിട്ട ഭാഗത്ത് നമ്മുടെ ആവശ്യം പറയുക. 2,3. അടിവരയിട്ടതിന് പകരമായി ബ്രായ്ക്കറ്റിൽ കൊടുത്തതും ചൊല്ലാം. വിവ:

وَيَسِّرْهُ لِي ثُمَّ بَارِكْ لِي فِيهِ . اللَّهُمَّ إِنْ كُنْتَ تَعْلَمُ أَنَّهُ شَرٌّ لِي فِي دِينِي وَمَعَاشِي وَعَاقِبَةِ أَمْرِي[3] (عَاجِلِ أَمْرِي وَآجِلِهِ) فَاصْرِفْنِي عَنْهُ وَاقْدُرْ لِي الخَيْرَ حَيْثُ كَانَ ثُمَّ رَضِّنِي بِهِ.

(അർത്ഥം: “അല്ലാഹുവേ, എല്ലാ പരമരഹസ്യങ്ങളും അറിയു ന്നവനാണ് നീയെന്ന നിലയിൽ നിന്നോട് ഉത്തമമായതേ തെന്ന് ഞാൻ ചോദിക്കുന്നു. നിൻെറ കഴിവുകൊണ്ട് ഞാൻ നിന്നോട് കഴിവിനെ ചോദിക്കുന്നു. നിൻെറ മഹത്തായ ഔദാര്യം ഞാൻ ചോദിക്കുന്നു. കാരണം നീയാണ് കഴിവു ള്ളവൻ. എനിക്ക് ഒന്നിനും കഴിവില്ല. തീർച്ചയായും നി എല്ലാ പരമരഹസ്യങ്ങളും അറിയുന്നവനാണ്. അല്ലാഹുവേ, ഈ കാര്യം **(ഇവിടെ കാര്യമേതെന്ന് പറയണം)** എനിക്ക് എൻെറ ദീനിലും, ജീവിതത്തിലും, കാര്യത്തിൻെറ പര്യവസാനത്തിലും ഉത്തമമാണെന്ന് നീ അറിയുന്നുവെങ്കിൽ അതെനിക്ക് വിധിക്കുകയും എനിക്കത് എളുപ്പമാക്കിത്തരികയും പിന്നീട് അതിൽ എനിക്ക് അനുഗ്രഹം ചൊരിയുകയും ചെയ്യേണമേ. ഈ കാര്യം എനിക്ക് എൻെറ ദീനിലും, ജീവിതത്തിലും, അനന്തര ഫലത്തിലും ദോഷകരമാണെന്നാണ് നീ അറിയുന്നതെങ്കിൽ അതിൽ നിന്ന് എന്നെയും, എന്നിൽ നിന്ന് അതിനെയും നീ തെറ്റിക്കേണമേ. നന്മ എവിടെയാണോ അതെനിക്ക് വിധിക്കുകയും എന്നിട്ട് അതിനെ എനിക്ക് തൃപ്തിപ്പെടുത്തുകയും ചെയ്യേണമേ.”) (ബുഖാരി: 7390)

<u>വിവിധ സുന്നത്ത് നമസ്കാരങ്ങൾ (سنن متفرقة)</u>

\# ഒരാൾ പള്ളിയിൽ പ്രവേശിച്ചാൽ പ്രവാചകൻﷺ കൽപ്പി ച്ചതുപോലെ രണ്ട് റക്അത്ത് നമസ്കരിക്കുന്നതിന് മുമ്പായി അയാൾ ഇരിക്കരുത്. (ഇങ്ങനെ രണ്ട് റക്അത്ത് നമസ്ക രിക്കുന്ന ഈ നമസ്കാരത്തെ തഹിയ്യത്തുൽ മസ്ജിദ് എന്ന് പണ്ഡിതന്മാർ പേരിട്ടിരിക്കുന്നു.)

\# വുദുവെടുത്ത ഒരാൾ അതിൻെറ ശേഷം രണ്ട് റക്അത്ത് നമസ്കരിക്കൽ സുന്നത്താകുന്നു.

\# ബാങ്കിൻെറയും ഇക്വാമത്തിൻെറയും ഇടയിൽ രണ്ട് റക്അത്ത് നമസ്കരിക്കൽ സുന്നത്താകുന്നു.

قاعدة مهمة في العبادات

## <u>ആരാധനയിലെ അടിസ്ഥാന തത്വം</u>

*‘ശുദ്ധി, നമസ്കാരം വിധികളും അറിയേണ്ടവയും’*

ഒരുകാര്യം അനുവദനീയമാണെന്നതിന് തെളിവില്ലാത്തിട ത്തോളം അത് നിരോധിക്കപ്പെട്ടതായി കണക്കാക്കണം എന്നതാണ് ആരാധനാവിഷയത്തിലെ അടിസ്ഥാന തത്വം.

ഈ അടിസ്ഥാന നിയമത്തിനുള്ള തെളിവ്: നബി ﷺ പറഞ്ഞു: ((من أحدث في أمرنا هذا ما ليس منه فهو رد)) “നമ്മുടെ ഈ കാര്യത്തിൽ (മതത്തിൽ) അതിലില്ലാത്തത് ആരെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാകുന്നു”. (ബുഖാരി, മുസ്‌ലിം) മറ്റൊരു റിപ്പോർട്ടിൽ ഇപ്രകാരം വന്നിരിക്കുന്നു: ((من عمل عملاً ليس عليه أمرنا فهو رد)) “നമ്മുടെ കൽപ്പനയില്ലാത്ത ഒരുകാര്യം ആരെങ്കിലും ചെയ്താൽ അത് തള്ളപ്പെടേണ്ട താകുന്നു”. (മുസ്‌ലിം) ഒരാൾ പ്രതിഫലം ആഗ്രഹിച്ചുകൊണ്ടും നന്മ ഉദ്ദേശിച്ചുകൊണ്ടും രണ്ട് റക്അത്തുള്ള ഫജ്ർ നമസ്കാരം മനഃപ്പൂർവ്വം മൂന്ന് റക്അത്തോ അല്ലെങ്കിൽ നാല് റക്അത്തോ ആയി വർദ്ധിപ്പിക്കുന്നു, അല്ലെങ്കിൽ പുണ്യം ഉദ്ദേശിച്ചുകൊണ്ട് ഓരോ റക്അത്തിലും മൂന്ന് സുജൂദുകൾ വീതം ചെയ്യുന്നു വെങ്കിൽ ഈ പ്രവർത്തനം നവീന ദുരാചാരമാകുന്നു. അവൻെറ നമസ്കാരം ബാത്വിലാകുന്നു.

നമസ്കാരം, ശുദ്ധി മുതലായവയിലും അല്ലാത്തതിലും അധികജനങ്ങളും വിവരമില്ലാതെ ധാരാളം ബിദ്അത്തുകൾ ചെയ്യുന്നു. അപ്രകാരം വ്യാപകമായ ബിദ്അത്തുകളിൽ പെട്ടവ താഴെ പറയുന്നു.

1. വുദുവിൻെറയോ നമസ്കാരത്തിൻെറയോ മുമ്പുള്ള നിയ്യത്ത് നാവ് കൊണ്ട് മൊഴിയുക.

2. നമസ്കാരശേഷം കൂട്ടമായി ദിക്ർ ചൊല്ലുക, അല്ലെങ്കിൽ ഹജ്ജിൽ ഒറ്റശബ്ദത്തിൽ കൂട്ടമായി തൽബിയത്ത് ചൊല്ലുക.

3. വുദുവെടുക്കുമ്പോൾ പിരടിതടവുക.

4. നബിﷺയുടെ ജന്മദിനമാഘോഷിക്കുക.

5. ഇസ്റാഅ് മിഅ്റാജ് രാവാഘോഷിക്കുക.

ഇത്തരം കാര്യങ്ങൾ പ്രവർത്തിക്കൽ പുണ്യകരമായിരുന്നെങ്കിൽ നമുക്ക് മുമ്പ് നബിﷺയും അവിടുത്തെ ശേഷം സ്വഹാബികളും ഇത് ചെയ്യുമായിരുന്നു. പ്രാചകനെﷺ സ്നേഹിക്കൽ അല്ലാഹു വിൻെറ മതത്തിൽ ബിദ്അത്തുകൾ ഉണ്ടാക്കിക്കൊണ്ടല്ല മറിച്ച് നബിചര്യ പിൻപറ്റിക്കൊണ്ടാണ്.

ملحق مهم بما يجب على العبد معرفته

## ഒരടിമ നിർബ്ബന്ധമായും അറിയേണ്ട കാര്യങ്ങൾ:

പ്രസ്തുത കാര്യം വളരെ ചുരുക്കി താഴെ പറയുന്നു.

**ഒന്ന്:** ഏകനും പങ്കുകാരില്ലാത്തവനുമായ അല്ലാഹുവിനെ മാത്രം ആരാധിക്കുക അവനിൽ മറ്റൊന്നിനെയും പങ്കുചേർ ക്കാതിരിക്കുക എന്നതാണ് വകതിരിവുള്ള ഒരാളുടെ മേൽ പ്രധാനമായിട്ടുള്ളത്. അല്ലാഹു പറയുന്നു:

(وما خلقت الجنّ والإنس إلاّ ليعبدون)

"ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല". (അദ്ദാരിയാത്ത്: 56) അല്ലാഹു പറയുന്നു:

(ولقد بعثنا في كل أمة رسولا أن اعبدوا الله واجتنبوا الطاغوت) "തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോ ഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർ ത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി.) (നഹ്ൽ: 36) വീണ്ടും അല്ലാഹു പറയുന്നു:

( واعبدوا الله ولاتشركوا به شيئاً)

"നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുകയും അവനോട് യാതൊന്നിനെയും പങ്കു ചേർക്കാതിരിക്കുകയും ചെയ്യുക". (അന്നിസാഅ്: 36)

ആരാധനകളിൽപെട്ട ഏതെങ്കിലും ഒരുകാര്യം ആരെങ്കിലും അല്ലാഹുവല്ലാത്തവർക്കായി ചെയ്താൽ അവൻ ശിർക്ക് ചെയ്തവനാകുന്നു. അല്ലാഹു പറയുന്നു:

(إن الله لا يغفر أن يشرك به ويغفر ما دون ذلك لمن يشاء )

“തന്നോട് പങ്കുചേർക്കുന്നത് അല്ലാഹു ഒരിക്കലും പൊറുക്കു കയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കുന്നതാണ്”. (അന്നിസാഅ്: 48) അല്ലാഹു പറയുന്നു: (إِنَّ الشِّرْكَ لَظُلْمٌ عَظِيمٌ) “തീർച്ചയായും ശിർക്ക് (അല്ലാഹുവിൽ പങ്കുചേർക്കൽ) വലിയ അക്രമം തന്നെയാകുന്നു”. (ലുഖ്മാൻ: 13)

**ശിർക്ക് രണ്ടുവിധമുണ്ട്.**

**ഒന്ന് : വലിയ ശിർക്ക് (الشرك الأكبر )**

(അതുമുഖേന ദീനിൽ നിന്ന് പുറത്തുപോകും) അതിൽ പെട്ട ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1. അല്ലാഹുവല്ലാത്തവരോട് പ്രാർത്ഥിക്കൽ. ഉദാഹരണമായി ഒരാൾ നബിﷺയുടെയോ അല്ലെങ്കിൽ മറ്റേതെങ്കിലും സ്വാലിഹായ മനുഷ്യൻെറയോ ഖബറിടത്തിൽ ചെന്ന് അവരോട് “എനിക്കാ യി ശുപാർശ ചെയ്യേണമേ, എൻെറ രോഗം സുഖപ്പെടുത്തേ ണമേ” എന്നിങ്ങനെ പ്രാർത്ഥിക്കുക.

2. അല്ലാഹുവല്ലാത്തവർക്കായി ബലിയറുക്കുക: ജിന്ന് ശൈത്വാൻ മുതലായവക്ക് വേണ്ടിയോ, അമ്പിയാക്കൾ, സ്വാലി ഹീങ്ങൾ എന്നിവർക്കായി അവരുടെ ഖബറുകളിൽ വെച്ചോ (അല്ലാതയോ- വിവ:) നിർവ്വഹിക്കുന്ന അറവുകൾ ഇതിനുദാ ഹരണങ്ങളാകുന്നു.

3. അല്ലാഹുവല്ലാത്തവർക്ക് വേണ്ടിയുള്ള ത്വവാഫ്: അതായത് ഖബറിടങ്ങളിൽ ത്വവാഫ് ചെയ്യുക.

4. അല്ലാഹുവിൻേറതല്ലാതുള്ള നിയമങ്ങൾ കൊണ്ട് വിധി നടത്തുക. (ഇത് വിശദമായി വിശ്വാസകാര്യങ്ങൾ പ്രതിപാദിക്കുന്ന ഗ്രന്ഥത്തിൽ വിശദമാക്കിയിട്ടുണ്ട്.)

5. ഉപകാരങ്ങൾ ഉണ്ടാകുമെന്നോ ഉപദ്രവങ്ങൾ തടയു മെന്നോ വിചാരിച്ചുകൊണ്ട് കഴുത്തിലും കൈകളിലും കുട്ടിക ളുടെ ശരീരത്തിലും, ഗൃഹങ്ങളിലും, വാഹനങ്ങളിലും ഉറുക്കു കൾ അല്ലെങ്കിൽ ഏലസ്സുകൾ ബന്ധിക്കൽ.

6. സിഹ്ർ അഥവാ മാരണം. (ഇതിനെക്കുറിച്ച് വിശദമായി വിശ്വാസകാര്യങ്ങൾ വിവരിക്കുന്ന ഗ്രന്ഥത്തിൽ വിശദമാക്കിയിട്ടുണ്ട്.)

**രണ്ട്: ചെറിയ ശിർക്ക്: (الشرك الأصغر)**

ഇത് വലിയ പാപങ്ങൾ തന്നെയാണെങ്കിലും ഈ ഗണത്തിൽപെട്ടവ പ്രവർത്തിക്കുന്ന ഒരാൾ അതിലൂടെ ദീനിൽ നിന്ന് പുറത്തു പോവുകയില്ല. (അതിൽപെട്ട ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.)

1. ലോകമാന്യം: (മറ്റുള്ളവർ കാണാൻ വേണ്ടിയുള്ള പ്രവർത്തനം) നബിﷺ പറഞ്ഞു: “ഞാൻ നിങ്ങളുടെമേൽ ഏറ്റവും അധികം ഭയപ്പെടുന്നത് ചെറിയ ശിർക്കിനെയാണ്. അതേതാണെന്ന് ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞു: മറ്റുള്ള വരെ കാണിക്കാൻ വേണ്ടിയുള്ള പ്രവർത്തനമാകുന്നു അത്”. (അഹ്മദ് - ഹസനായ പരമ്പരയോടെ ഉദ്ധരിച്ചത്)

2. അല്ലാഹുവല്ലാത്തവരെക്കൊണ്ട് സത്യം ചെയ്യൽ: ഉദാ ഹരണമായി “നബിയെക്കൊണ്ട് സത്യം, എന്റെ ജീവിതമാണെ സത്യം, എന്റെ വാപ്പയാണെ സത്യം, എന്റെ മാന്യതയാണെ സത്യം” എന്നിങ്ങനെ സത്യം ചെയ്യുക. ഉമർ رضي الله عنه നിവേദനം: നബിﷺ പറഞ്ഞു: (من حلف بغير الله فقد كفر أو أشرك) “ആരെങ്കിലും അല്ലാഹു അല്ലാത്തവരെക്കൊണ്ട് സത്യം ചെയ് താൽ അവൻ അവിശ്വാസിയായി അല്ലെങ്കിൽ ശിർക്ക് ചെയ്തു”. (അഹ്മദ്, അബൂദാവൂദ്, തുടങ്ങിയവർ സ്വഹീഹായ പരമ്പര യോടെ ഉദ്ധരിച്ചത് )

3. (ماشاء الله وشاء فلان ) (അല്ലാഹുവും ഇന്നയാളും ഉദ്ദേശി ച്ചാൽ) എന്ന് പറയുക. ഹുദൈഫ رضي الله عنه നിവേദനം: നബിﷺ പറഞ്ഞു: “നിങ്ങൾ (ماشاء الله وشاء فلان) (അല്ലാഹുവും ഇന്ന യാളും ഉദ്ദേശിച്ചാൽ) എന്ന് പറയരുത്. എന്നാൽ നിങ്ങൾ (ماشاء الله ثم شاء فلان) (അല്ലാഹു ഉദ്ദേശിച്ചാൽ പിന്നെ ഇന്നയാളും ഉദ്ദേശിച്ചാൽ) എന്ന് പറയുക”. (അബൂദാവൂദും മറ്റുള്ള വരും സ്വഹീഹായ പരമ്പരയോടെ ഉദ്ധരിച്ചത്) ഇബ്നു അബ്ബാസ് رضي الله عنه നിന്ന് നിവേദനം: ഒരാൾ നബിﷺ യോട് പറഞ്ഞു “അല്ലാഹുവും താങ്കളും ഉദ്ദേശിച്ചാൽ” അപ്പോൾ നബിﷺ അയാളോട് ചോദിച്ചു “നീ എന്നെ അല്ലാഹുവിന് തുല്ല്യനാക്കുകയോ? എന്നാൽ അല്ലാഹു മാത്രം ഉദ്ദേശിച്ചാൽ (എന്ന് പറയുക) (അഹ്മദ്, ഇബ്നുമാജ: തുടങ്ങിയവർ സ്വഹീഹായ പരമ്പരയോടെ ഉദ്ധരിച്ചത്)

## രണ്ട്: ഇബാദത്ത് (ആരാധന) സ്വീകാര്യമാകുന്നതിന് പാലിക്കപ്പെടേണ്ട മൂന്ന് നിബന്ധനകൾ.

1. **ഇസ്‌ലാം**: ജൂത ക്രൈസ്തവരെപ്പോലെ മുസ്‌ലിമല്ലാത്ത ഒരാളുടെ ഇബാദത്തുകൾ സ്വീകരിക്കപ്പെടുകയില്ല.

2. **ആത്മാർത്ഥത**: ആരെങ്കിലും ഇബാദത്തിൽ വലിയ ശിർക്കോ, ലോകമാന്യം പോലെ ചെറിയ ശിർക്കോ പ്രവർത്തിച്ചാൽ അവന്റെ ഇബാദത്ത് നിഷ്ഫലമാകുന്നതാണ്.

3. **<u>പ്രവാചകനെﷺ പരിപൂർണ്ണമായി പിൻപറ്റൽ:</u>** അതായത് അഞ്ചുനേരമുള്ള നമസ്കാരത്തിന് പകരം ആറുനേരം നമസ്കരിക്കുക അല്ലെങ്കിൽ നാല് റക്അത്തുള്ള ദുഹ്ർ നമസ്കാരത്തിന് പകരം അഞ്ചുറക്അത്ത് നമസ്കരിക്കുക തുടങ്ങിയ രൂപത്തിൽ പ്രവർത്തിക്കുന്നയാളുടെ പ്രവർത്തനം ബിദ്അത്താകുന്നു. അവൻ അത്മൂലം കുറ്റക്കാരനായിത്തീരുന്നതാണ്. അവൻെറ നമസ്കാരം എത്ര ആത്മാർത്ഥതയോടെ യാണെങ്കിലും അതല്ലെങ്കിൽ “അതിലൂടെ ഞാനുദ്ദേശിക്കുന്നത് കൂടുതൽ പ്രതിഫലം കരസ്ഥമാക്കുകയെന്നതാണെന്ന്” അവൻ പറഞ്ഞാലും ശരി അവൻെറ നമസ്കാരം നിഷ്ഫലമാകുന്നതാണ്. കാരണം നബിﷺ പറഞ്ഞിരിക്കുന്നു: “നമ്മുടെ കൽപ്പന യില്ലാത്ത ഒരുകാര്യം ആരെങ്കിലും ചെയ്താൽ അത് തള്ളപ്പെടേണ്ടതാകുന്നു”. (മുസ്ലിം)

നബിﷺയെ സ്നേഹിക്കുകയെന്നാൽ താഴെ പറയുന്നതു പോലെയാകുന്നു. നബിﷺ കൽപ്പിക്കുന്ന കാര്യങ്ങൾ നാം അനു സരിക്കുക, അവിടുന്ന് അറിയിച്ച കാര്യങ്ങൾ നാം സത്യപ്പെടു ത്തുക, അവിടുന്ന് വിലക്കിയ കാര്യങ്ങൾ നാം വെടിയുക, അവിടുത്തെ വാക്കുകളിലും പ്രവർത്തനങ്ങളിലും അദ്ദേഹത്തെ നാം പിൻതുടരുക.

## മൂന്ന്: മതം മുന്നറിയിപ്പ് നൽകിയ കാര്യങ്ങളുടെ രത്നച്ചുരുക്കം:

ഇക്കാലഘട്ടത്തിൽ അധികജനങ്ങളിലും ഇക്കാര്യങ്ങൾ വ്യാപിച്ചതായിക്കാണുന്നു. മുസ്ലിം സഹോദരാ നീ അതിനെ ഗൗരവത്തോടെ കാണുകയും അത് നിന്നിൽ സംഭവിക്കാതിരിക്കാൻ വളരെയധികം സൂക്ഷിക്കുകയും ചെയ്യുക. അവയിൽ പെട്ടവ താഴെ പറയുന്നു.

1. നമസ്കാരത്തെ അതാതിന്റെ സമയങ്ങളിൽ നിന്ന് പിന്തിക്കുക. ഇത് ഇസ്ലാമിൽ വൻ പാപങ്ങളിൽ പെട്ടകാര്യമാകുന്നു.

2. പള്ളിയിൽ നടത്തപ്പെടുന്ന ജമാഅത്ത് നമസ്കാരങ്ങൾ ഒഴിവാക്കുന്നത് നീ സൂക്ഷിക്കുക. പ്രത്യേകിച്ച് ഫജ്ർ, അസ്വ്ർ എന്നീ നമസ്കാരങ്ങളുടെ ജമാഅത്തുകൾ.

3. ജോൽസ്യന്മാരെ സമീപിക്കുന്നത് നീ സൂക്ഷിക്കുക.

4. അമ്പിയാക്കന്മാരുടെയും സ്വാലിഹീങ്ങളുടെയും ഖബറിട ങ്ങളിൽ പോയും, വിശുദ്ധ കഅ്ബാലയത്തിന്റെ വിരികൾ, അതിന്റെ ഭിത്തികൾ മുതലായവയിലൂടെയെല്ലാം ബർക്കത്തെടുക്കൽ മതം അനുവദിക്കാത്തതായതിനാൽ നീ അതിനെ സൂക്ഷിക്കുക.

5. മദ്യപാനവും മയക്കുമരുന്നുകളുടെ ഉപയോഗവും നീ സൂക്ഷിക്കുക.

6. പലിശ, കളവ്, കച്ചവടത്തിൽ വഞ്ചന, അളവിലും തൂക്ക ത്തിലും കൃത്രിമം കാണിക്കൽ തുടങ്ങിയ നിഷിദ്ധമാർഗ്ഗങ്ങളിലൂടെ ധനം ശേഖരിക്കുന്നതിനെ നീ സൂക്ഷിക്കുക.

7. വ്യഭിചാരമെന്ന പാപത്തെ നീ സൂക്ഷിക്കുക. അതിന്റെ മുന്നോടിയായി സ്ത്രീകളിലേക്ക് നോക്കുക എന്നതും അന്യ സ്ത്രീകളുമായി ഇടകലരുകയെന്നതും നീ സൂക്ഷിക്കുക.

8. മാതാപിതാക്കളെ വെറുപ്പിക്കുകയും അവരോട് എതിർ പ്രവർത്തിക്കുകയും ചെയ്യുക, കുടുംബ ബന്ധം മുറിക്കുക തുടങ്ങിയ കാര്യങ്ങൾ നീ സൂക്ഷിക്കുക.

9. കളവ്, ഏഷണി, പരദൂഷണം മുതലായവയിൽ നിന്ന് നിന്റെ നാവിനെ നീ സൂക്ഷിക്കുക.

10. വിശ്വാസിനിയായ സഹോദരീ, മുഖം, മുടി, കൈകൾ, കാലുകൾ മുതലായതും അല്ലാത്തതുമായ നിന്റെ ശരീരത്തിലെ ഔറത്തിൽ നിന്നുള്ള ഏതെങ്കിലുമൊരു ഭാഗം അന്യപുരുഷ ന്മാരുടെ മുമ്പിൽ പ്രദർശിപ്പിക്കുന്നത് നീ സൂക്ഷിക്കുക. അല്ലെ ങ്കിൽ

*‘ശുദ്ധി, നമസ്കാരം വിധികളും അറിയേണ്ടവയും’*

**നിൻെറ മൂടുപടം നീ ഉപേക്ഷിക്കുന്നതിനെ സൂക്ഷിക്കുക. നിൻെറ ശരീരത്തെ മുഴുവനായി മറക്കുന്ന രൂപത്തിലുള്ള വസ്ത്രം (പർദ്ദ) നീ ധരിക്കുക.**

അല്ലാഹു ഈ പ്രവർത്തനം പ്രതിഫലാർഹമുള്ളതാക്കിത്തീർത്ത് അനുഗ്രഹിക്കട്ടെ. ഉപകാരപ്രദാമയ വിജ്ഞാനങ്ങൾ കരസ്ഥമാക്കാനും സൽകർമ്മങ്ങൾ പ്രവർത്തിക്കാനും അല്ലാഹു നമ്മെ തുണക്കട്ടെ.

وصلى الله وسلم على نبينا محمد وعلى آله وصحبه ومن تبعهم بإحسان إلى يوم الدين.

**ഗ്രന്ഥകർത്താവ്:**
**യൂസുഫ് ബിൻ അബ്ദുല്ലാഹ് അൽ അഹ്മദ്**
ലക്ചറർ:
അൽ ഇമാം മുഹമ്മദ് ബിൻ സഊദ് യൂനിവേഴ്സിറ്റി-
അൽ അഹ്സ ശരീഅ: കോളേജ്
പി.ബി. നമ്പർ: 1730 പിൻകോഡ്: 31982.

**വിവർത്തകൻ:**
എം. നാസർ മദനി,
അൽ അഹ്സ ഇസ്ലാമിക് സെൻറർ,
സഊദി അറേബ്യ.